പുസ്തകം 11 ലക്കം 2
ജനുവരി 2021
വില 15 രൂപ

പുതുതലമുറയ്ക്കായ്

# ഏകതത്വ

മാസിക

Eka Thathwa



## പുലി വരുന്നേ പുലി...

## പ്രിയ വായനക്കാർക്കേവർക്കും
## ഏക തത്ത്വയുടെ പുതുവത്സരാശംസകൾ...




"കുപ്പന്റെ മഴു", "കാത്തിരിപ്പ്" തുടങ്ങിയ
കഥാസമാഹാരങ്ങളിലൂടെ വായനക്കാരുടെ
ശ്രദ്ധ നേടിയ കഥാകൃത്ത്
**ശ്രീ. ടി. കെ. ഉണ്ണികൃഷ്ണൻ** രചിച്ച
ഹൃദയസ്പർശിയായ നോവൽ

# മണ്ണിന് ജീവൻ കൊടുക്കുന്നവർ

അടുത്ത ലക്കം മുതൽ
ഏക തത്ത്വ മാസികയിൽ ആരംഭിക്കുന്നു...

## മഹാത്മാഗാന്ധി



**മരണം** : 1948
ജനുവരി 30ന്
ന്യൂ ഡൽഹിയിൽ.
നാഥുറാം ഗോഡ്സെ
നെഞ്ചിലേക്ക് മൂന്ന്
വെടിയുണ്ടകൾ
ഉതിർത്ത്.
**അവസാന വാചകം:**
ഹേ റാം

"മാനവികതയിലുള്ള വിശ്വാസം
ഒരിക്കലും നഷ്ടപ്പെടരുത്.
മനുഷ്യത്വം ഒരു സമുദ്രമാണ്.
അതിലെ ഏതാനും തുള്ളികൾ
മലിനമായാലും
സമുദ്രമാകെ മലിനമാകുന്നില്ല."

This space is sponsored by a well-wisher.

കുശാഗ്രബുദ്ധിക്കായൊരു

## ചോദ്യം...




ഉത്തരം അടുത്ത ലക്കത്തിൽ...

**Eka Thathwa 2021 Dream Projects**
Eka Thathwa Ashramam and
Value based Education / Job Oriented Training Centre

₹ 15

# ഏക തത്ത്വ
## മാസിക

**പുസ്തകം 11 ലക്കം 2**
**ജനുവരി 2021**

visit: ekathathwa.blogspot.in

**ചീഫ് എഡിറ്റർ**
ഇ. ടി. മുരളീധരൻ
Mob : 9446443321, 9387118131
Email : muraliet@yahoo.co.in
etmuraliet@gmail.com
Facebook ID : Et murali
**മാനേജിംഗ് എഡിറ്റർ**
ബിന്ദു . കെ

**മരണക്കിടക്കയിൽവെച്ചല്ല**
**യുവത്വത്തിലേ തിരിച്ചറിയുക**

"അറിവിനായ് ജനിച്ചു,
അത് അറിയാതെ അലഞ്ഞു,
വിശപ്പു കൊണ്ട് തളർന്നു,
കാശിനായ് അലഞ്ഞു,
വഴി മാറി മാറി നടന്നു.
നേടിയതോ.... അറിവുമാത്രം."

അഭിപ്രായങ്ങളും രചനകളും അയക്കേണ്ട വിലാസം
**Eka Thathwa, Post Box No. 70**
**Palakkad 678 001**
**വരിസംഖ്യ**
**പോസ്റ്റൽ മണിയോർഡറായി അയക്കേണ്ട**
**വിലാസം :**
E.T Muralidharan
Eka Thathwa
A-9, New Civil Nagar, Behind Civil
Station, Palakkad 678001.

Donations and all other payment towards EkaThathwa Should also be made through Bank account Our Bank a/c details: M/s Ekathathwa Current Account Number:33077202787, IFS Code: SBIN 0004925, SBI Civil Station Branch, Palakkad 678 001

You can also use KSFE Palakkad Branch II, Sugama A/c No.3337

**ekathathwa@yahoo.com**
**Website: www.ekathathwa.com**

# ഉള്ളടക്കം

ഏക തത്ത്വ

**ലേഖനം**
7 – മറ്റൊരു പൊൻപുലരിയിലേക്ക് – ഈശ്വർകുമാർ തരവത്ത്
9 – ശിലയിലെ സ്നേഹസംഗീതം – ഉദയകുമാർ ജി
10 – വ്യക്തിത്വവികാസവും ചില മാനസീകാരോഗ്യ പ്രശ്നങ്ങളും – പ്രൊഫ. വി. കെ. എം. നായർ
15 – വെളിച്ചം കാണാത്ത ശാസ്ത്രജ്ഞകൾ – എൽ. ശ്യാമള
21 – മാനുഷികം – ലക്ഷ്മിശ്രീ
22 – വാർഡും ഇടപെടലും – സൂര്യ
29 – കൊറോണ – ഗീത അജയ്കുമാർ
30 – കനിവിൻ തുള്ളികൾ – മുരളീധർ കൊല്ലത്ത്
34 – ഭൂമിയിലെ തീർത്ഥാടനം കഴിഞ്ഞ് മുഹമ്മദ് കനി മടങ്ങി – ഇ. ടി. മുരളീധരൻ

**കഥ**
25 – അതിജീവനം – ടി. വി. നാരായണൻ കുട്ടി
28 – വികല്പം – സൈനുദീൻ മുണ്ടക്കയം
31 – തെക്കീട്ടിൽ കഥകൾ – സുരേഷ് തെക്കീട്ടിൽ
32 – ദത്ത് – എം. ഡി. വിശ്വംഭരൻ
35 – ഒന്നും പറയാതെ തന്നെ – ടി. കെ. ഉണ്ണികൃഷ്ണൻ
40 – അതിഥി, സ്വയം ഹത്യ – പ്രകാശൻ ചുനങ്ങാട്

**കവിത**
14 – കനവ് – രാജീവ് മാമ്പുള്ളി
17 – കുരുതിക്കളം – പി. കെ. ബാലകൃഷ്ണൻ
17 – പ്രതീക്ഷ – മോഹൻദാസ് പറളി
19 – കൊറോണ എന്ന് കൊർണ – രാജഗോപാലൻ നായർ
20 – ഗജഹത്യ – ദിനേഷ് കന്നിമാരി
23 – കോവിഡ് വൈറസ്സിനാൽ സാധ്യമായത് – മുരളി മൂത്തേടം
33 – മാഞ്ഞിടാ തണൽ – ഇ. എൻ. നാരായണൻ
39 – തുറുപ്പുഗുലാൻ – കെ. പി. യൂസഫ്
39 – ഭയം – തുളസി കേരളശ്ശേരി
42 – കരിഞ്ഞുണങ്ങിയ പൂന്തോട്ടം – ഉമാദേവി
42 – നമ്മുടെ പാലക്കാട് – സുധാകരൻ കെ

**ഓർമ്മച്ചിത്രങ്ങൾ**
8 – ഭാഗ്യരേഖ – മുക്കം ഭാസി

**യാത്രകളിലൂടെ**
18 – ഇന്ത്യയുടെ സ്വന്തം ഗ്രാന്റ് കനിയോൻ – ഡോ. സുനീത് മാത്യു

**അനുഭവം**
20 – നന്മയുടെ പാതയിലൂടെ – കെ. ആർ. സന്തോഷ്

**ആരോഗ്യം**
24 – ഉദര അടിയന്തരാവസ്ഥ – ഡോ. സി. രാമകൃഷ്ണൻ

**നാടകം**
36 – അന്വേഷകൻ – അഭിജിത്ത്

■ എനിക്കു പറയാനുള്ളത്

# പുലി വരുന്നേ പുലി



ഇ. ടി. മുരളീധരൻ

**ഗു**രു സിനിമയിലെ ഒരു രംഗത്തിൽ നിന്ന് തന്നെ ആരംഭിക്കാം. കണ്ണ്നഷ്ടപ്പെട്ട ജനതയ്ക്ക് കണ്ണ് തിരിച്ചു കിട്ടിയതിനെത്തുടർന്ന് അതിനു കാരണക്കാരനായ കഥാനായകനേയും കൊണ്ട് രാജാവിന്റെ അടുത്തേക്ക് പോകുന്ന ഒരു രംഗമുണ്ട്. കണ്ണു നഷ്ടപ്പെടുവാൻ കാരണക്കാരനായ രാജാവിനെ വകവരുത്തുവാൻ, ആക്രമിക്കുവാൻ ഒരുങ്ങുന്ന ഒരു ജനതയോട് കഥാനായകൻ പറയുന്ന ഒരു ഡയലോഗ് ഇങ്ങനെയാണ് "രാജാവിനെ ഉപദ്രവിക്കരുത്, കൊല്ലരുത് വെറുതെ വിടുക കാരണം രാജാവും നമ്മളെ പോലെത്തന്നെ ഇത്രയുംനാൾ അന്ധനായിരുന്നു" എന്ന്. ഇത് ഇപ്പോൾ പറയാൻ കാരണം കൊറോണ എന്ന പൂച്ചാണ്ടിയെ ആര്, എന്തിന് ഈവിധം സൃഷ്ടിച്ച് ജനത്തിനിടയിൽ ഭീതിയും ഭീകരതയും വെറുതെ ഉണ്ടാക്കി എന്ന് പിന്നീട് കണ്ടെത്തുമ്പോൾ, ഒരുപക്ഷേ നമുക്ക് അവരെ ക്ഷമിക്കേണ്ടിവരും കാരണം രാജാവിനും കണ്ണു കാണില്ലായിരുന്നു എന്നതുതന്നെ. എല്ലാവരേയും പൊട്ടനാക്കിയോ കൊറോണ ? ഒരു സാധാരണ പനിയെ ഈവിധം മാർക്കറ്റ് ചെയ്തതാര് ? ഇതിലും കൂടുതൽ ആളുകൾ ദിനവും അപകടത്തിൽ പെട്ടും മറ്റു പനികളാലും മരിക്കുന്നുണ്ട് പക്ഷെ അതൊന്നും നമ്മൾ ഇത്രയ്ക്ക് കിറുകൃത്യമായി വിളംബരം ചെയ്തു കണ്ടിട്ടില്ലല്ലോ. മൊത്തത്തിൽ എന്തോ ഒരു പന്തികേട്.

പാമ്പുകടിയേറ്റ ആൾ ഭയന്നാൽ ശരീരത്തിലെ രക്തചംക്രമണത്തിന്റെ വേഗത വർദ്ധിക്കും. തന്മൂലം വിഷം പെട്ടെന്ന് വ്യാപിച്ച് അയാൾ മരണമടയും എന്നതുപോലെ കൊറോണ വന്നാൽ മരിക്കും എന്ന പേടി തന്നെയായിരുന്നു പല മരണത്തിനും കാരണം. അല്ലെങ്കിൽ തന്നെ ഒരുവിധേനയും ജീവിക്കാൻ സാധിക്കാത്തത്ര സാമ്പത്തികമാന്ദ്യം ഉള്ളപ്പോഴാണ് കൊറോണയുടെ വരവ്. രണ്ടുപേർക്ക് കോവിഡ് വന്നപ്പോൾ ലോകമെമ്പാടും ലോക്ഡൗണിലേക്ക് പോയി. അത് പതിനായിരങ്ങളായി വർദ്ധിച്ചപ്പോൾ ഘട്ടം ഘട്ടമായി ലോക്ഡൗണിന് അയവ് വരുത്തി. എന്താല്ലേ, നമ്മുടെ മാനേജുമെന്റ് ? അവർ ഘട്ടം ഘട്ടമായി എടുക്കുന്ന തീരുമാനങ്ങൾ ഗംഭീരം. കൊറോണ മൂലം കെട്ടിക്കിടന്ന പല സാധനങ്ങളും വിറ്റഴിഞ്ഞു, ജനസംഖ്യ കുറയ്ക്കാനും സാധിച്ചു. എന്തായാലും കൊറോണയ്ക്ക് മരുന്ന് വരുന്നുണ്ട്, ആ മരുന്നിന്റെ പാർശ്വഫലത്തിന് ഒരു മറുമരുന്നും കണ്ടുവച്ചിട്ടുണ്ടാവാം. നമുക്കെല്ലാവർക്കും തരും ! അങ്ങിനെ മരുന്ന് കച്ചവടവും പൊടിപൊടിക്കും...

നമ്മൾ വിശ്വസിക്കുന്ന ശാസ്ത്രവും കോടതിയും ഭരണകർത്താക്കളും എല്ലാം നമ്മളെപ്പോലെത്തന്നെ ഈ കാലഘട്ടത്തിൽ ജീവിക്കുന്ന അല്പജ്ഞാനികളാകാം പക്ഷേ അവർ പറയുന്നത് അനുസരിക്കാതെ വയ്യ കാരണം അതാണല്ലോ നാട്ടുനടപ്പ്. എന്തായാലും കുറേ മാസങ്ങൾ നമ്മൾ നമ്മളെത്തന്നെ പൂട്ടിയിട്ടു. അതിൽ നിന്നും നാം കുറേയേറെ പാഠങ്ങൾ പഠിച്ചു. പുലി വരുന്നേ പുലി എന്ന കഥ നിങ്ങൾ കുഞ്ഞുനാളിൽ കേട്ടിട്ടില്ലേ, വായിച്ചിട്ടില്ലേ ? പുലി വരാതെ, പുലി വരുന്നേ എന്ന് പറഞ്ഞപ്പോൾ അത് വിശ്വസിച്ചു രക്ഷിക്കാനായി ഓടിയെത്തിയവർ പിന്നെ ശരിക്കും പുലി വന്നപ്പോൾ, അയാൾ പറയുന്നത് നുണയാണെന്ന് കരുതി വന്നില്ല. അങ്ങനെ അയാളെ പുലി പിടിച്ചുകൊണ്ടുപോയി. ഇതുപോലെ നാളെ ഇനി ഒരു ഭീകര വൈറസ് ശരിക്കും പടർന്നുപിടിക്കുമ്പോൾ ജനം വിശ്വസിക്കില്ല. പണിയില്ലാതേയും പണിക്കൊന്നും പോകാനാകാതേയും പട്ടിണിയും ദാരിദ്ര്യവും അനുഭവിച്ച ജനത ഇനി ഒരു ലോക്ഡൗണിനെ ചിലപ്പോൾ ഇത്രയ്ക്ക് അനുസരിക്കണമെന്നില്ല എങ്കിലും ജീവനിൽ ഭയമില്ലാത്തവരായി ആരുണ്ട്? അതുകൊണ്ടുതന്നെ വീണ്ടും ഇതേ സ്ഥിതി വരുംദിനങ്ങളിൽ ആവർത്തിക്കാനും സാധ്യതയുണ്ട്. കാരണം പല ആവർത്തി കണ്ടിട്ടും കേട്ടിട്ടും അനുഭവിച്ചിട്ടും നാം പലതും ഇതുവരെയും ശരിയായി മനസ്സിലാക്കി പഠിച്ചിട്ടില്ല. അത് മനസ്സിലാക്കാനായി നമുക്കിടയിലേക്ക് ഇടയ്ക്കിടെ അവസരങ്ങൾ ലഭിക്കാറുണ്ട്. എന്തിനേറേ, അഞ്ചു വർഷത്തെ ഇടവേളകളിൽ മാറി മാറി മൂന്നു തിരഞ്ഞെടുപ്പുകൾ നടക്കാറുണ്ട്. അതിന്റെ വിധിനിർണ്ണയം മാത്രം മതി നമ്മൾ എവിടെ നിൽക്കുന്നുയെന്ന് തിരിച്ചറിയാൻ.

ഇലക്ഷൻ അടുക്കുമ്പോൾ മരിച്ചു മണ്ണായവരെ പോലും വെറുതെ വിടാതെ അവരെ എടുത്തുപുറത്തിട്ട് ചർച്ച ചെയ്യുന്ന സ്ഥിരം പല്ലവി ജനം കേട്ടു മടുത്തു. ഞെട്ടിക്കുന്ന വാർത്തകൾ നിർമ്മിച്ച് ഭരണപക്ഷത്തെ അട്ടിമറിക്കാനുള്ള പതിവ് ശ്രമം ഇത്തവണ വിജയിച്ചില്ല. അതുകൊണ്ടുതന്നെ ഇത്തവണത്തെ പഞ്ചായത്ത് തെരഞ്ഞെടുപ്പ് ഏറെ നന്മയുള്ളതായി. മാധ്യമങ്ങൾക്ക് കാശുകൊടുത്ത് വാർത്തകളെ വളച്ചൊടിച്ചു ദൃശ്യമാധ്യമങ്ങളിലൂടെ പക്ഷം ചേർന്ന് തോരാത്ത ചർച്ചകൾ നടത്തി. എന്നിട്ടെന്തുണ്ടായി? ജനങ്ങളെ പറ്റിക്കാനാവില്ല എന്ന് ഇനിയെങ്കിലും മനസ്സിലാക്കിയാൽ നന്ന്. വരാനിരിക്കുന്ന നിയമസഭാ തിരഞ്ഞെടുപ്പിന്റെ ഫലവും ജനം തീരുമാനിക്കും. വെറുതെ പഴയതും ഇല്ലാത്തതുമായ കേസുകളെ കുത്തിപ്പൊക്കി പ്രചരിപ്പിച്ച് സ്വയം അപഹാസ്യരായി തീരേണ്ട. നിങ്ങൾ ചെയ്ത നന്മകൾ മാത്രം പറയൂ, മറ്റുള്ളവരെ കുറ്റപ്പെടുത്തി സ്വന്തം തെറ്റുകൾ ന്യായീകരിക്കാൻ ശ്രമിക്കാതേ... ചെയ്ത നന്മകളെ ജനങ്ങളുടെ മുന്നിലേക്ക് അവതരിപ്പിക്കൂ. എല്ലാവരും അവരവർ ചെയ്ത നല്ല കാര്യങ്ങൾ പറയട്ടെ, ജനം വിലയിരുത്തട്ടെ. നിങ്ങൾ ജനനന്മ ആഗ്രഹിക്കുന്ന യഥാർത്ഥ രാഷ്ട്രീയ പ്രവർത്തകനാണെങ്കിൽ നമ്മൾ ചെയ്യാനുദ്ദേശിച്ചത് മറ്റുള്ളവർ ചെയ്യുമ്പോൾ നാം എന്തിന് കുറ്റപ്പെടുത്തണം ?

എന്തായാലും നമ്മൾ ഉദ്ദേശിച്ചതും അവർ ചെയ്യുന്നതും നന്മയാണല്ലോ. പിന്നെന്ത് വേണം, കമ്മീഷനോ അനധികൃത പണമോ ? അങ്ങനെയെങ്കിൽ നമ്മളൊരു രാഷ്ട്രീയക്കാരനല്ല, ബിസിനസ്സുകാരനാണ്. ഇന്ന് ഏറ്റവും കൂടുതലുള്ളതും അത്തരക്കാരാണ്. അതാണീ നാടിന്റെ ദുരവസ്ഥയ്ക്ക് കാരണം.

അന്താരാഷ്ട്ര മാർക്കറ്റിനനുസൃതമായി പെട്രോൾ, ഡിസൽ വില വർദ്ധനവിനെ നിയന്ത്രിക്കാനാണെന്നും പറഞ്ഞ് കൊണ്ടുവന്ന നയം കൊണ്ട് ഇപ്പോൾ എന്തുണ്ടായി ? പെട്രോളിന്റേയും ഡിസലിന്റേയും ഗ്യാസിന്റേയും വില കയറൂരിവിട്ട കാളയെപ്പോലെ ലക്ഷ്യമില്ലാതെ മുന്നേറുകയാണ്. ഇപ്പോഴിതാ ഒരു കർഷക ബില്ല് ! അതിന്റേയും ഗുണം വിപരീതമായിരിക്കും. പല പുതിയ ചൂഷകർക്കും അവസരമൊരുങ്ങും. എന്തായാലും മുമ്പെങ്ങും കാണാത്തവിധം കർഷകസമരം അതിഗംഭീരമായി മുന്നേറുകയാണ്. കർഷകരുടെ ഇടയിൽത്തന്നെ ഭിന്നിപ്പുണ്ടാക്കി ബ്രിട്ടീഷുകാരുടെ ഡിവൈഡ് ആൻറ് റൂൾ എന്ന തന്ത്രവും പയറ്റിനോക്കുന്നുണ്ട്. ഫലമെന്താവും എന്ന് കാത്തിരുന്ന് കാണാം... ബുദ്ധിയില്ലാത്ത ഒരു പറ്റം ആളുകളുടെ മുന്നിൽ സത്ബുദ്ധിയുള്ളവർ നിഷ്പ്രഭരാകും കാലം!

താളവട്ടം സിനിമയിൽ നാം കണ്ട് ആസ്വദിച്ച ഒരു രംഗമുണ്ട്. വട്ടന്മാരായ ആളുകൾ കൂടി ചേർന്നിരുന്ന് ചീട്ടു കളിക്കുന്ന രംഗം. പുതുതായി കളിയിൽ ചേരാൻ ഒരുവൻ വന്നപ്പോൾ അതുവരെ കളിച്ചുകൊണ്ടിരുന്നവരിലൊരുവൻ ചോദിക്കുകയാണ് നിന്റെ കൈയ്യിൽ പണയപ്പെടുത്താൻ (ചൂതുവെയ്ക്കാൻ) എന്തുണ്ട് ? അതിനു മറുപടിയായി പറയുകയാണ് എന്റെ കയ്യിൽ എയർ ഇന്ത്യയുണ്ട്, റെയിൽവേ സ്റ്റേഷൻ ഉണ്ട് എന്നെല്ലാം. അന്ന് നാം അത് തമാശയായി കണ്ടു പക്ഷെ ഇന്ന് എല്ലാം യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുന്നു. റെയിൽവേ സ്റ്റേഷനും എയർ ഇന്ത്യയും എല്ലാം വിൽക്കും, അതുപോലെ പലതും വിൽക്കാനൊരുങ്ങി നിൽക്കുകയാണ്. അപ്പോഴാണ് കൊറോണയുടെ വരവ്. എല്ലാ വണ്ടികളും സർവ്വീസ് നിർത്തിവെച്ചു, റെയിൽ പാളങ്ങൾ തുരുമ്പെടുത്തു, എഞ്ചിനുകളും ബോഗികളും എല്ലാം തകരാറിലായി. വിൽക്കാനൊരുങ്ങിയവർക്ക് ഇനി വിചാരിച്ചത്ര വില കിട്ടില്ല. ഓരോ കഷ്ടകാലങ്ങളേയ് ! എന്തായാലും വിൽക്കുക തന്നെ ചെയ്യും. എന്തു കിട്ടിയാലും ലാഭമെന്ന് കരുതും. ഒന്നും നമ്മളദ്ധ്വാനിച്ച് ഉണ്ടാക്കിയതോ, വാങ്ങിയതോ അല്ലല്ലോ എങ്കിലും അത്തരക്കാർക്കും വിചാരിച്ചത് പോലെ പുട്ട് അടിക്കാൻ പറ്റാത്ത അവസ്ഥയുണ്ടായി.

'ആദർശരഹിത രാഷ്ട്രീയം നാടിന് ആപത്താണെ'ന്ന് ഗാന്ധിജിയും 'ജാതി മത രാഷ്ട്രീയത്തിന്റെ അതിപ്രസരം വരുംവരെ മാത്രമേ ഈ ഭരണഘടനയ്ക്ക് നിലനിൽപ്പുള്ളൂ' എന്ന് ഭരണഘടനാ ശില്പിയായ ഡോക്ടർ അംബേദ്കറും പറഞ്ഞത് അക്ഷരംപ്രതി ശരിയായി കൊണ്ടിരിക്കുന്നു. സുഖമായിരിക്കുന്ന അവസ്ഥയ്ക്ക് ഭംഗം വരും വരെ നമുക്ക് എല്ലാം ഒരു നേരമ്പോക്ക്. മുന്നറിയിപ്പുകൾ പലഭാഗത്തുനിന്നുവന്നാലും അതൊന്നും ചെവിക്കൊള്ളില്ല കാരണം കൈ നിറയെ പണമുണ്ടല്ലോ. പണ്ട് രാജാവ് നാട് വാണിരുന്ന കാലത്തും നാട്ടുരാജാക്കന്മാരെ തമ്മിലടിപ്പിച്ചും ജനങ്ങളെ പ്രലോഭനങ്ങളിൽ മയക്കിയും ബ്രിട്ടീഷുകാർ നമ്മേ കീഴ്പ്പെടുത്തി അടക്കിവാണു. ഒരിക്കൽ പ്രലോഭനങ്ങളിൽ കുടുങ്ങി, അവരുടെ പിറകെ പോയി സ്വബുദ്ധിയെ പണയം വെച്ച് അടിമകളായി തീർന്നവരാണ് നാം. എന്നിട്ടും ഈ വിധം ചരിത്രം ആവർത്തിക്കുവാൻ നാം ഇങ്ങനെ ആക്കം കൂട്ടുന്നല്ലോ ? ഇനിയും സ്വാതന്ത്ര്യ സമരങ്ങൾ വേണ്ടിവരുമോ?

എന്താണ് ശരിക്കുള്ള സ്വാതന്ത്ര്യം എന്ന് കൊറോണ നമ്മെ പഠിപ്പിച്ചു. പുറത്തുപോകാനാവാതെ വീട്ടിനകത്ത് തന്നെ ഭീതിയോടെ കഴിഞ്ഞ നാളുകളെക്കുറിച്ച് ഓർക്കുമ്പോൾ ഇപ്പോൾ ചിരി വരുന്നുവോ ? കൊറോണക്ക് ജനിതക മാറ്റം സംഭവിച്ച് വീണ്ടും പടർന്നുപിടിക്കുന്നു എന്ന വാർത്ത കേൾക്കുമ്പോൾ ചിരിക്കാനും കഴിയുന്നില്ലല്ലോ. അതിനർത്ഥം നാം ഇനിയും പൂർണ്ണമായും ഭീതിയിൽനിന്ന് മോചിതമായിട്ടില്ല എന്നുതന്നെയാണ്. പ്രളയം വന്നപ്പോൾ ഇട്ടാവട്ടത്തെ ജനങ്ങൾ ജാതിമത വേർതിരിവുകൾ മറന്ന് എല്ലാവരും ഒന്നായി അതുപോലെ കൊറോണയും ലോകത്തുള്ള എല്ലാവരേയും ഒന്നാക്കി. പലരും ജാതിക്കും മതത്തിനും അതീതമായി യഥാർത്ഥ ഭക്തിയിലേക്ക് എത്തി. പല അന്ധവിശ്വാസങ്ങളും നമ്മെ വിട്ടുപോയി. അന്ധവിശ്വാസങ്ങളെ നിലനിർത്തി കാലാകാലങ്ങളായി അത് മുതലെടുത്ത് ജീവിക്കുന്നവരും ദാരിദ്ര്യത്തിലായി. മറ്റുമേഖലയിലുള്ള എല്ലാവരും പൂർവ്വസ്ഥിതിയിലേക്ക് മടങ്ങിയെത്തിയാലും ഇക്കൂട്ടർക്ക് പഴയ തട്ടിപ്പിലേക്കെത്താൻ കുറച്ചധികം സമയം വേണ്ടിവരും.

എല്ലാ മതപണ്ഡിതർക്കും എന്തിന് മനുഷ്യ ദൈവത്തിനും വരെ മാസ്ക്ക് ഇടേണ്ടി വന്നൊരു കാലം. മനുഷ്യദൈവങ്ങൾ ഒളിച്ചോടി. അതോടെ അവരുടെമേൽ വച്ചിരുന്ന വിശ്വാസവും കുറഞ്ഞു. എല്ലാവർക്കും വന്നു കൊറോണ പക്ഷേ പ്രളയം കൊണ്ടു പോയത് നല്ലവരെയായിരുന്നു എന്നതുപോലെ കൊറോണയും കൊണ്ടു പോയത് കുറേ നല്ല മനുഷ്യരെയാണ്. യഥാർത്ഥത്തിൽ കൊണ്ടുപോകേണ്ടിയിരുന്നവർ ഇവിടെ സസുഖം വാഴുന്നുണ്ട്. കൊറോണയുടെ മറവിൽ ശരീരാവയവങ്ങളെ വരെ വിറ്റ് കച്ചവടം നടത്തി പണമുണ്ടാക്കി പലരും. പുതിയ തട്ടിപ്പുകളും വെട്ടിപ്പുകളുമായി പതിയെ പല പുതിയ വിഭാഗക്കാരും വീണ്ടും തലപൊക്കിത്തുടങ്ങി.

കൊറോണ വ്യാപനം ശക്തമായി തുടങ്ങിയ കാലയളവിൽ നമ്മുടെ നാട്ടിൽ കൊറോണയെത്താത്തിരുന്നാൽ മതിയായിരുന്നു എന്ന് ഞാൻ പറഞ്ഞപ്പോൾ സ്വദേശവാദിയായ ഒരുവൻ എല്ലാ രാജ്യത്തിലും ഉള്ള ജനങ്ങളും സുരക്ഷിതമാകണമെന്നു പറയുകയുണ്ടായി. കാരണം എനിക്ക് പെട്ടെന്ന് പിടികിട്ടിയില്ല. എനിക്കതിശയം തോന്നി, അറിയാതെയാണെങ്കിലും ലോകാ സമസ്താ സുഖിനോ ഭവന്തു എന്ന പ്രാർത്ഥനയിലേക്ക് അവനെത്തിയതിന്റെ പിറകിൽ വേറൊന്നുമായിരുന്നില്ല അവന്റെ മകനും മകളും മരുമക്കളും പേരക്കുട്ടികളുമെല്ലാം ലോകത്തിന്റെ പല ഭാഗത്ത് ജീവിക്കുന്നുണ്ടായിരുന്നു. എന്നാൽ കൊറോണയെ ഭയന്ന് കൂട്ടത്തോടെ എല്ലാവരും നാട്ടിലും വീട്ടിലും തിരിച്ചെത്തിയപ്പോൾ പിന്നെ പറയാനുണ്ടോ പുകില്? പലതരം അസ്വാരസ്യങ്ങൾ, പിണക്കങ്ങൾ, വഴക്ക്... കൊറോണ പോയാലും വഴക്ക് തുടരുമെന്ന സ്ഥിതി വിശേഷമുണ്ട്.

ലോക്ഡൗൺ തുടങ്ങിയ ആദ്യ നാളുകളിൽ തന്നെ അതായത് മാർച്ച് 26ന് എന്റെ അച്ഛന് സ്ട്രോക്ക് വന്നു. ഞാൻ അച്ഛനേയും കൂട്ടി ഹോസ്പിറ്റലിലേക്ക് ചെന്നു. അന്തരീക്ഷം ഭീതിജനകമായിരുന്നു. ഒരാൾ മാത്രമേ രോഗിയുടെ കൂടെ നിൽക്കുവാൻ പറ്റുകയുള്ളൂ. നിൽക്കുന്ന ആളാണെങ്കിൽ ഒരിക്കലും പുറത്തുപോകാനും പാടില്ല. ശരിക്കും ഏഴുദിവസത്തെ ഒരു ജയിൽവാസം. മാസ്കും ഫെയ്സ് ഷീൽഡും ധരിച്ച ഡോക്ടർ മണിച്ചിത്രത്താഴ് എന്ന സിനിമയിൽ ചിലരെ കാണുമ്പോൾ പ്രേതമാണെന്ന് കരുതി ഇന്നസെൻറ് പറയുന്ന "അടുക്കരുത്, അടുക്കരുത്" എന്ന ഡയലോഗ് പോലെ ഇടയ്ക്കിടെ പറയുകയാണ് "മാറി നിൽക്ക്, ദൂരെ നിൽക്ക്". ഡോക്ടർ വരെ പേടിച്ചാണ് രോഗികളെ പരിചരിച്ചുവരുന്നത്. പല ഡോക്ടർമാരും പ്രൈവറ്റ് പ്രാക്ടീസുകൾ, ഗവൺമെന്റ് നിർദ്ദേശം വരുന്നതിനുമുമ്പ് തന്നെ നിർത്തുകയും ഇനിയും പ്രാക്ടീസ് തുടരാത്തവരുമുണ്ട്. കാശുകിട്ടിയില്ലെങ്കിലും വേണ്ടില്ല കൊറോണ പിടിപെട്ടാൽ തീർന്നില്ലേ ? കൊറോണ അവരേയും വെറുതെ വിട്ടില്ല. അവർക്കും വന്നു സാമ്പത്തിക പ്രതിസന്ധികൾ...

ഹോസ്പിറ്റലുകളെല്ലാം കുറച്ചുനാളത്തേക്ക് അടച്ചിടേണ്ടി വന്നതിനാൽ അവരും വലിയ സാമ്പത്തിക പ്രതിസന്ധിയിലായി. പിന്നീട് ഹോസ്പിറ്റലുകൾ തുറക്കാമെന്നായപ്പോൾ കൊറോണ ടെസ്റ്റിന്റെ പേരിലും ചികിത്സയുടെ പേരിലും അടച്ചിട്ട നഷ്ടം നികത്തി. ആളുകൾ കൂട്ടമായി ഒത്തുചേരുന്നത് പാടില്ല എന്ന അവസ്ഥ വന്നപ്പോൾ കല്യാണത്തിന് ശോഭ കുറഞ്ഞു, മണ്ഡപങ്ങളും ആരാധനാലയങ്ങളും അടഞ്ഞുകിടന്നു. പല ആചാരാനുഷ്ഠാനങ്ങളും ഇല്ലാതായി. ലോൺ എടുത്തു നിർമ്മിച്ച കല്യാണമണ്ഡപങ്ങൾ പലർക്കും വലിയ ബാധ്യതയായി. ലക്ഷങ്ങൾ വാങ്ങിയിരുന്ന ഫോട്ടോഗ്രാഫറും കാറ്ററിംഗ് സർവ്വീസുകാരും കുടുങ്ങി. ആർക്കും പണിയില്ല, പണവുമില്ല. കല്യാണത്തിന് ഫോട്ടോ എടുക്കാൻ മൊബൈൽ ഫോൺ മതിയെന്നായി. സദ്യയ്ക്ക് ഭക്ഷണം പാകം ചെയ്യാൻ വീട്ടിലെ ചെറിയ കലം തന്നെ ധാരാളം. ടൂറുകൾ ഇല്ല, ടൂർ ഓപ്പറേറ്റർമാരും ടൂറിസ്റ്റ് ബസ്സുകളും നോക്കു കുത്തികളായി. പലരും ടൂറിസ്റ്റ് ബസ്സുകൾ വിറ്റു. എന്തിനേറെ തീർത്ഥാടന കേന്ദ്രങ്ങളിൽ ഇരുന്ന് ഭിക്ഷയാചിക്കുന്നവർക്ക് വരെ ദാരിദ്ര്യം വന്നു.

ഗവൺമെൻറ് ഹോസ്പിറ്റലുകളുടേയും റേഷൻ കടകളുടേയും ഉപയോഗവും ആവശ്യകതയും എന്തെന്ന് ഏവരും തിരിച്ചറിഞ്ഞിരിക്കുന്നു. വലിയ സൗകര്യങ്ങളോടുകൂടി കഴിഞ്ഞിരുന്നവർ പോലും റേഷൻ കടയ്ക്ക് മുന്നിൽ ക്യൂ നിൽക്കുന്ന കാഴ്ച ഈ കൊറോണ കാലത്ത് നമുക്ക് കാണാനായി.

നെറ്റ്വർക്ക് മാർക്കറ്റിങ്ങ് എന്നപേരിൽ ഒരുപാടുപേരെ പറ്റിച്ച കാര്യം തിരിച്ചറിഞ്ഞ് ജനങ്ങൾ പുറന്തള്ളിയ ബിസിനസ്സുകൾ കൊറോണ കാലത്ത് അതിപ്രബലമായി തല പൊക്കിയിരിക്കുകയാണ്. ഇത്തവണ അവർ ടാർജറ്റ് ഇട്ട് പ്രവർത്തിക്കുന്നത് ഭക്തി നിർഭരമായ ആശ്രമങ്ങളേയും മഠങ്ങളേയും കേന്ദ്രീകരിച്ചാണ്. കാരണം ഭക്തിയിലൂടെ ഇനി പിടിച്ചുനില്ക്കാൻ പറ്റില്ലെന്ന് കൊറോണക്കാലം അവരെ പഠിപ്പിച്ചു. ഭക്തിയിൽ മുഴുകി പുറംലോകത്തെ തട്ടിപ്പുകളേയും വെട്ടിപ്പുകളേയും കുറിച്ച് അറിയാത്തവരാണ് ഈ ചതിക്കുഴിയിൽ ചെന്നുചാടുന്നത്. അവിചാരിതമായി എനിക്കും കിട്ടി ഒരു ക്ഷണം. ബിസിനസ്സ് മീറ്റിങ്ങ് ബഹറിനിൽ വെച്ച്. നല്ല ഒരു ബിസിനസ്സ് ഓപ്പർച്ച്യൂണിറ്റിയാണ്, ഇന്റർനാഷണൽ കമ്പനിയാണ് എന്നെല്ലാം ദുബായിലുള്ള സുഹൃത്ത് നേരിട്ട് വിളിച്ച് പറഞ്ഞപ്പോൾ നെറ്റ്വർക്ക് മാർക്കറ്റിങ്ങ് ജോലിയൊന്നുമല്ലല്ലോ എന്ന് സംശയരൂപേണ ഞാൻ ചോദിക്കുകയുണ്ടായി. അല്ലേ അല്ല, നീ മീറ്റിങ്ങ് ഒന്നു അറ്റൻറ് ചെയ്യൂ എന്നവൻ ആവശ്യപ്പെട്ടു. ഞാൻ ഓൺലൈനിലൂടെ മീറ്റിങ്ങ് അറ്റന്റ് ചെയ്തപ്പോൾ എനിക്ക് മനസ്സിലായി സാക്ഷാൽ നെറ്റ്വർക്ക് മാർക്കറ്റിങ്ങ് ! രണ്ടായിരത്തിയഞ്ഞൂറുരൂപയ്ക്ക് നമ്മുടെ നാട്ടിൽ പറ്റിക്കപ്പെടുമ്പോൾ രണ്ടായിരത്തിയഞ്ഞൂറ് ഡോളറാണ് അതേതരം ബിസിനസ്സിനായി അവർ ചോദിക്കുന്നത്. കാരണം യു. എസ്. ബേസഡ് ബിസിനസ്സാണല്ലോ ! നല്ല സ്റ്റാൻഡേഡ് ! ഓരോ ആളുകളെ നമ്മളിതിലേക്ക് ചേർക്കുമ്പോൾ ഇരുപത്തഞ്ച് ഡോളറാണ് നമുക്ക് വാഗ്ദാനം. ഇരുപത്തഞ്ച് ഡോളർ വെച്ച് നമ്മൾ മുടക്കിയ രണ്ടായിരത്തിയഞ്ഞൂറ് ഡോളർ ആകുമ്പോഴേക്ക് നമ്മൾ ഒരുവിധം ആളുകളേയെല്ലാം ഈ ചതിക്കുഴിയിൽ പെടുത്തിയിട്ടുണ്ടാകും. പക്ഷെ ശരിക്കും ഒന്നാലോചിച്ചു നോക്കുക. നമ്മൾ പരിചയമുള്ള ആളുകളേയെല്ലാം ഈ ബിസിനസ്സിലേക്ക് ചേർത്തി അവരെയെല്ലാം പറ്റിക്കുന്നതിനുപകരം ഒരാളുടെ കൈയ്യിൽ നിന്ന് മാന്യമായി രണ്ടായിരത്തിയഞ്ഞൂറു ഡോളർ വാങ്ങി സ്വയം തൊഴിൽ ചെയ്ത് മാനം പോകാതെ ജീവിക്കാവുന്നതേയുള്ളൂ ! പക്ഷെ മെനക്കിടാൻ വയ്യല്ലോ ! ഒന്നും ചിന്തിക്കാനുള്ള ബുദ്ധിയുമില്ല. അവരെയാണ് ഇക്കൂട്ടർ പറ്റിക്കുന്നത്. പലരുടെ കൈയ്യിൽ നിന്നും രണ്ടായിരത്തിയഞ്ഞൂറ് വീതം വാങ്ങിയ കമ്പനി ഒരുനാൾ പൂട്ടി പുതിയ പേരിട്ടിറങ്ങും. അപ്പോഴും ആളുകൾ അതിന്റെ പുറകിൽ പോകും. പണം എന്നുകേട്ടാൽ പിണവും വായ് പൊളിക്കും എന്നാണല്ലോ. എന്തുചെയ്യും ? അദ്ധ്വാനിച്ചുജീവിക്കാൻ വയ്യ എന്നായി. സ്വരൂപിച്ചു വച്ചതൊന്നും വേണ്ട സമയത്ത് ഉപകരിക്കില്ല എന്ന് മനസ്സിലാക്കിത്തന്ന് പലരേയും കൊറോണ കൊണ്ടുപോയി. കല്ലറകൾ ഇവിടെ ബാക്കിയായി.

അല്ലെങ്കിലേ നമ്മുടെ വിദ്യാഭ്യാസത്തിന്റെ നിലവാരം മോശമായിക്കൊണ്ടിരിക്കുകയാണ്. പോരാത്തതിന് ഇന്നെല്ലാം ഓൺലൈൻ ക്ലാസ്സുകൾ ! കൊറോണ കാലത്തിറങ്ങുന്ന ഡോക്ടറും എൻജിനീയറും തുടങ്ങി എല്ലാ വിദ്യാർത്ഥികളുടേയും ഗുണനിലവാരം എന്തായിരിക്കും എന്ന് ഓർത്തുനോക്കൂ ! വല്ലാത്തൊരു ദയനീയാവസ്ഥ ! പാസ്സാക്കാതിരിക്കാനും വയ്യ, എന്തുചെയ്യും? കണ്ണടച്ചുപാസ്സാക്കുക തന്നെ രക്ഷയുള്ളൂ, അതാണല്ലോ പതിവും. കാള പെറ്റു എന്നു കേൾക്കുമ്പോൾ കയറെടുക്കുന്ന വിധം നമ്മളെ അധഃപ്പതിപ്പിച്ച ഈ വിദ്യാഭ്യാസ സമ്പ്രദായത്തെ വിശദമായി ഒന്നു പരിശോധിക്കേണ്ടതുണ്ട്. ലോകരാജ്യങ്ങൾ എല്ലാം ഒരുപോലെ തുടരുന്ന വിദ്യാഭ്യാസ സമ്പ്രദായമാണ് ഏവരേയും ഈവിധം ഭയത്തിലാഴ്ത്തിയത്. എല്ലാ വിദ്യാർത്ഥികളേയും ഒരേ അച്ചിലൂടെയാണല്ലോ വാർത്തെടുക്കുന്നത്. നമ്മുടെ ഗുരുകുല സമ്പ്രദായത്തിൽ അങ്ങനെയല്ലല്ലോ ? വിദ്യാഭ്യാസരീതികളഴിച്ചുപണിയേണ്ടത് അനിവാര്യം.

●

# മറ്റൊരു പൊൻപുലരിയിലേയ്ക്ക്.....

**ആ**യിരമായിരം ചരിത്രസത്യങ്ങളുടെ ഓർമ്മകൾ പുതുക്കി, നിരവധി നവജീവത്തുടിപ്പുകൾക്ക് ഊർജ്ജമേകി, കണ്ണീരും പുഞ്ചിരിയും ചേർത്തുചാലിച്ച്, മനസ്സിനപ്പുറം, ഭാവനയ്ക്കപ്പുറം, ആത്മാവിനപ്പുറം, പുതിയ രൂപത്തിൽ, പുതിയ ഭാവത്തിൽ, പുതിയ ചാരുതയിൽ, പുത്തനോജസ്സിന്റെ ജനാലക്കീഴിൽ, ഇതാ ഒരു പുതുവത്സരം കൂടി നമ്മെ കാത്തു നിൽക്കുന്നു ..!!

വന്യവും പ്രാകൃതവുമായ മനുഷ്യമനസ്സുകളിലൊളിച്ച ഇരുണ്ടയാഥാർത്ഥ്യങ്ങൾക്കിടയിലൂടെ, ചോർന്നൊലിച്ചു കടന്നുപോകുന്ന ആയുസ്സിന്റെ സത്യമാത്രകളെ പുറത്തുകാട്ടി, മുന്നോട്ടുള്ള ചിന്തയുടേയും അറിവിന്റേയും വെളിച്ചം വിതറാൻ, ഏഴാം കടലു കടന്നെത്തിനിൽക്കുന്നു, അത്...!!

അതിർത്തികൾക്കും ഭാഷകൾക്കും മതങ്ങൾക്കും സംസ്കാരങ്ങൾക്കും അതീതമായുള്ള ആ ആണ്ടു തീർത്ഥാടനത്തിനിടയിൽ, ഒരുപക്ഷേ, താൽക്കാലികമായെങ്കിലും ഒരുപാട് വിചാരസാദ്ധ്യതകൾക്ക് വാതിൽ തുറക്കുകയും, പഴയ പലതിനേയും തിരുത്തിക്കുറിക്കുകയും ചെയ്തുകൊണ്ടുതന്നെ...!

പൗരാണിക സംസ്ക്കാരത്തിന്റെ ചരിത്രരേഖകളിൽ തന്നെ ഒന്നിലധികം പുതുവത്സരങ്ങളുടെ ജാതകക്കുറിപ്പുകൾ കാണാം...! നരവംശ ശാസ്ത്രത്തിലെ വിഭിന്ന സാംസ്ക്കാരിക സ്രോതസ്സുകളിലെല്ലാം, ഇന്നും ഇത് മാറിയും മറിഞ്ഞുമിരിക്കുന്നു ...!

ഏതോ ശാപമേറ്റൊരു ഗന്ധർവ്വനെപ്പോലെ, അത്, ഉദയത്തിനുമുൻപ്, നട്ടുച്ചനേരത്ത്, സന്ധ്യാസമയത്ത്, നട്ടപ്പാതിരയ്ക്ക്, വെളിപാടുകൊള്ളുന്ന നിമിഷങ്ങൾക്കായി, തെരുവുകളിലും ചുവരുകളിലും കവിടിനിരകളിലും കലണ്ടറുകളിലും അന്നുമിന്നും അള്ളിപ്പിടിച്ചിരിക്കുന്നു ...!



**ഈശ്വർകുമാർ തരവത്ത്**
**9946655277**

***അൽപ്പം പഴമയിലേക്ക് .....***

വസന്തവും ശിശിരവും സമപ്രയാണംചെയ്യുന്ന മാർച്ചു മാസത്തിന്റെ 25ാം നാളിലായിരുന്നത്രേ, യൂറോപ്പിലെ ആദ്യ പുതുവത്സരപ്പിറന്നാൾ ...!!

മധ്യകാലഘട്ടത്തിന്റെ തുടക്കങ്ങളിൽ മിക്കവാറും യൂറോപ്യൻ രാജ്യങ്ങൾ അംഗീകരിച്ചിരുന്നതും ഇതുതന്നെ ...! ക്രിസ്തുവിന് മുൻപ് നൂറ്റിഅൻപത്തി മൂന്നാമാണ്ടിൽ, റോമാക്കാർ ആദ്യമായി ജനുവരി 1 നെ നവവത്സരത്തിന്റെ കന്നിനാളായി കണ്ടു... കാലാവസ്ഥയ്ക്കും കാർഷികവൃത്തിക്കുമുപരിയായി, മഹത്തായ റോമാസാമ്രാജ്യത്തിന്റെ കൈക്കരുത്തിന്റെ കാഹളമായിരുന്നു അതെന്ന് ചരിത്രം...!

അധികം വൈകാതെ തന്നെ, പിന്നീട് വിഭിന്നകാരണങ്ങളുടെ കാർക്കശ്യം കാണിച്ച്, അതിനെ വിവിധ രാജാക്കന്മാരുടെ നാമധേയങ്ങളിൽ മൂന്നുമാസം പിറകിലേക്കു മാറ്റി നിജപ്പെടുത്തി...! ഒരു പുതുവത്സരത്തിന്റെ അന്ന്, പൂർണ്ണ ചന്ദ്രനുദിച്ചത് ഉചിത ലക്ഷണമല്ലെന്ന് വച്ച് , ക്രിസ്തുവിന് മുൻപ് നാൽപത്തഞ്ചാമാണ്ടിൽ, ജൂലിയസ് സീസർ, പ്രസിദ്ധ ഗ്രീക്ക് ജ്യോതി ശാസ്ത്രജ്ഞൻ Sosigenes നെക്കൊണ്ട് വീണ്ടും യുക്തിഭദ്രമെന്നുതോന്നിയ മറ്റൊരു ദിവസത്തേക്ക് മാറ്റി... അങ്ങനെ അദ്ദേഹത്തിന്റെ ജൻമ മാസമായ Quintilis, ജൂലായ് എന്ന പേരിലും, ലീപ് ഇയറുകളുടെ (leap year) കൂട്ടിക്കിഴിക്കലുകളിൽ തിരുത്തുകണ്ടെത്തിയ കൊച്ചുമകൻ, Augustus ന്റെ പേരിൽ തൊട്ടടുത്ത മാസം ആഗസ്റ്റ് എന്ന പേരിലും വിളിക്കപ്പെട്ടു...!!

1582 ൽ പോപ്പ് ഗ്രിഗറി 12ാമൻ ഈ കലണ്ടറിനെ ഇന്നത്തെ നിലയിൽ തിരുത്തിക്കുറിച്ചു...! പോപ്പിന്റെ കലണ്ടർ, കത്തോലിക്കൻ രാജ്യങ്ങൾ പെട്ടെന്ന് അംഗീകരിച്ചെങ്കിലും, പ്രൊട്ടസ്റ്റന്റ് സമൂഹം പിന്നേയും സമയമെടുത്തു...! തുടർന്ന് 1700ൽ ജർമ്മനിയും 1752ൽ ബ്രിട്ടനും, 1753ൽ സ്വീഡനും ഇത് സ്വീകരിച്ചു...!!

പൗരസ്ത്യ രാജ്യങ്ങളും തുടക്കത്തിൽ വൈമനസ്യത്തോടെയെങ്കിലും, പിന്നീട് ഔദ്യോഗിക അംഗീകാരം നൽകി...

1873 ൽ ജപ്പാനും 1912 ൽ ചൈനയും ഇതിനെ സ്വാഗതം ചെയ്തപ്പോഴും, കിഴക്കൻ യാഥാസ്ഥിതികർ 1924ലും 1927 ലുമായാണ് സ്വീകരിച്ചത്...!! 1918ൽ റഷ്യയിൽ നടപ്പാക്കുകയും പെട്ടെന്നുതന്നെ നിരാകരിക്കുകയും ചെയ്തശേഷം, 1924ൽ വീണ്ടും അംഗീകാരം നൽകി...!

ലോകതുലനത്തിന്റെ താളലയം നിലനിർത്താൻ സമഗ്രമായൊരു കാഴ്ച്ചപ്പാടോടെ, ഒരു ഉപാധിയായി, സ്ഥിതിലയമായി ഇന്നും അനുസ്യൂതം തുടരുന്നു...!

'പുത്തനെ'ന്ന വാക്കിനോട് നമുക്കുപണ്ടേ പ്രിയം ! പുതുമഴ, പുത്തരി, പുതുക്കപ്പെണ്ണ് അങ്ങനെ അങ്ങനെ... ജീവിതത്തിൽ കണ്ണടച്ചു കൈവിട്ടുകളയുന്ന രണ്ടുദിനങ്ങൾ നമുക്കെല്ലാർക്കുമുണ്ട്.

തെറ്റുകളും വേദനകളും ഉൾക്കാഴ്ചയും ഭയപ്പാടുകളുമായി വിടപറഞ്ഞ 'ഇന്നലെ' യും, മുറ്റുന്ന ആശങ്കകളുടെയും പ്രത്യാശകളുടെയും പ്രതീക്ഷകളുടെയും കനം

പേറുന്ന ‘നാളെ ’ യും ..!! പഴയ ‘ഇന്ന ലെ’കളുമായി പുതിയ ’നാളെ’കളെ നമുക്ക് കോർത്തിണക്കേണ്ടിയിരിക്കുന്നു ....!

പഴമയുടെ വിശുദ്ധ ആശയങ്ങളേയും സംശുദ്ധ പ്രച്ഛത്തികളേയും വിചാരധാരകളായി സൂക്ഷിക്കുവാനും, അതിൽ അഭിരമിക്കുവാനും തൽപരരായിക്കൊണ്ടുതന്നെ, പുതുമയുടെ സ്വപ്നങ്ങളേയും ഉദ്ദേശ്യങ്ങളേയും, ചിന്തയിലൂടെയും പ്രവർത്തിയിലൂടെയും ആവർത്തിച്ചെടുക്കേണ്ടിയിരിക്കുന്നു...

സന്മനസ്സാർന്ന ലക്ഷ്യങ്ങളിലേക്ക് ഉണർന്നിരുന്നുകൊണ്ടുതന്നെ, നഷ്ടപ്പെടുന്ന ധന്യനിമിഷങ്ങളുടെ അമൂല്യതയിലെ അർത്ഥം കാണാൻ ശ്രമിക്കാം... കഴിഞ്ഞുപോയത് സ്വപ്നമാകുമ്പോൾ, വരാനുള്ളത് സങ്കൽപ്പവും പ്രതീക്ഷയുമാകുന്നു ...!!

സന്തോഷകരമാർന്ന സ്വപ്നം, പ്രതീക്ഷയെ കാഴ്ച്ചയാക്കി മാറ്റുന്നു...!! അങ്ങനെ പഴമയുടെ സ്വപ്നത്തിൽനിന്ന്, പുതുമ പ്രചോദനമുൾക്കൊള്ളുന്നു !!

ഇവിടെ പഴയ വർഷം പടിയിറങ്ങുന്നു... പുതിയ വർഷം, ചേല ചുറ്റി, പൊടി പൂശി കാത്തിരിക്കുന്നു... പുതുമയുടെ മലഞ്ചെരിവിൽ... സഹനത്തിന്റെ ചേമന്തിക്കാടുകളിൽ... സ്നേഹത്തിന്റെ മുല്ലത്തറയിൽ...!! നമുക്ക് സ്വാഗതം ചെയ്യാം...


●

**അറിയിപ്പ്**

രചനകളിലെ ആശയം മാസികയുടേതോ എഡിറ്ററുടേതോ ആവണമെന്നില്ല. മാസികയിലുള്ള രചനകളിലെ ആശയങ്ങളുടെ ഉത്തരവാദിത്വം ലേഖകരുടേതു മാത്രമായിരിക്കും.

**എഡിറ്റർ**





**മുക്കം ഭാസി**
**9846138693**

# ഭാഗ്യരേഖ !!

**എ**ന്റെ നാട്ടിലൊരു ക്ഷേത്രമുണ്ട്, അതിപുരാതനമായ ഒരു ദേവി ക്ഷേത്രം. സത്യം പറഞ്ഞാൽ ഇതൊരു ശിവക്ഷേത്രമായിരുന്നു. പിന്നീട് മൂകാംമ്പിക ദേവിയുടെ സാന്നിധ്യം കൂടി വന്നുഭവിച്ചതാണെന്നും അന്നുമുതൽ ഇത് വട്ടോളി ദേവി ക്ഷേത്രമായി തീർന്നതാണെന്നും ഒരൈതിഹ്യം നില നിൽക്കുന്നുണ്ട്.

ഞങ്ങളുടെ നാട്ടിലെ പ്രശസ്തമായ താമരക്കുളം ഇല്ലത്ത് മൂകാംബിക ഭക്തനായ ഒരു മഹാബ്രാഹ്മണൻ ഉണ്ടായിരുന്നത്രെ. വർഷം തോറും അദ്ദേഹം മൂകാംമ്പികയിൽ പോയി ദേവീദർശനം നടത്തിയിരുന്നു. വാർദ്ധക്യ രോഗപീഡകൾ കൊണ്ട് ദേവീദർശനം ക്ലേശകരമായപ്പോൾ അദ്ദേഹം ദേവിയോട് പ്രാർത്ഥിച്ചു “അമ്മേ! ദേവി!! വയ്യാണ്ടായിരിക്കുണു, ഇവിടെ വന്നു ദർശനം നടത്താൻ... രക്ഷിയ്ക്കണേ!!”

അന്നുരാത്രി അദ്ദേഹത്തിന് ഒരു സ്വപ്നദർശനമുണ്ടായെന്നും ഇനി ഇങ്ങോട്ട് കഷ്ടപ്പെട്ട് വരേണ്ടെന്നും നാട്ടിലെ ശിവക്ഷേത്രത്തിൽ തന്റെ സാമീപ്യം ‘വട്ടത്തിലുള്ള ഒരു ഒളി (പ്രകാശം)’ യായി പ്രത്യക്ഷീഭവിയ്ക്കുമെന്നും അവിടെ ആരാധിച്ചാൽ മതി എന്നുമൊക്കെ.

നാട്ടിൽ തിരിച്ചെത്തിയ ഈ ഭക്ത ബ്രാഹ്മണൻ ശിവക്ഷേത്രത്തിൽ പ്രാർത്ഥനയ്ക്കായി പോയപ്പോൾ ഈ പ്രകാശവൃത്തം ദർശിച്ചെന്നും ദേവീസാന്നിധ്യം ക്ഷേത്രത്തിലുണ്ടായതായി ബോധ്യപ്പെട്ടെന്നും മറ്റുമാണ് ഐതിഹ്യത്തിന്റെ രത്നച്ചുരുക്കം. അന്നുമുതൽ ഈ ക്ഷേത്രം ‘വട്ടോളി ദേവിക്ഷേത്രം’ എന്ന പേരിൽ അറിയപ്പെട്ടുതുടങ്ങി.

എട്ടു ദിവസത്തെ കളം പാട്ടുത്സവമാണ് ഇവിടെ നടക്കാറ്. അതിവിശാലമായ മൈതാനത്തിന്റെ അരിക് പറ്റി സ്ഥിതി ചെയ്യുന്ന ഈ ക്ഷേത്രം വലുപ്പത്തിൽ ഗംഭീരമല്ലെങ്കിലും പ്രശസ്തി കൊണ്ട് വളരെ വലുതാണ്. എട്ടാനകളെ എഴുന്നെള്ളിച്ച് വെടിക്കെട്ടുകളോടെ എട്ടു ദിവസം ആഘോഷപൂരിതമായി അരങ്ങേറാറുണ്ട്. ഈ ‘മിനി തൃശ്ശൂർ പൂരം’ ഞങ്ങളുടെ നാടിന്റെ ഉത്സവങ്ങളുടെ നെടുനായകത്വം വഹിച്ചിരുന്നു.

എന്റെ കുട്ടിക്കാലത്ത് ഞാൻ കണ്ട ഈ ഉത്സവദൃശ്യങ്ങളുടെ ചാരുതയാർന്ന വർണ്ണചിത്രം ഇന്നും എന്റെ മനസ്സിൽ മായാതെ കിടക്കുന്നു.!

മുക്കത്തിന്റെ ജീവനാഡിയായ ഇരുവഞ്ഞിപ്പുഴയുടെ മധ്യത്തിൽ ഉയർന്നുവന്ന ഒരു ചെറു കുന്നിൻ മുകളിൽ മറ്റൊരു ശിവക്ഷേത്രമുണ്ട്. ശ്രീ തൃക്കുടമണ്ണ ശിവക്ഷേത്രം ! അഗസ്ത്യ മഹർഷി പ്രതിഷ്ഠാകർമ്മം നിർവ്വഹിച്ച ക്ഷേത്രം.

*അമ്പലമില്ലാതെ,*
*ആൽത്തറയില്ലാതെ*
*സ്ഥിതി ചെയ്യുന്ന ഒരു*
*അത്ഭുതക്ഷേത്രം!!*

മഴക്കാലത്ത് ഈ ചെറുകുന്ന് മൂടപ്പെട്ടുകിടക്കും. വെള്ളത്തി

ലാവും ഈ ചെറുകുന്ന്. അന്ന് പൂജാദികർമ്മങ്ങൾ ഒന്നും നടക്കാറില്ല. തൃക്കുടമണ്ണ ശിവരാത്രി മഹോത്സവം മുക്കത്തുകാരുടെ അഹങ്കാരമാണിന്ന്. ജാതിമതരാഷ്ട്രീയ ഭേദമന്യേ എല്ലാവരും സഹകരിയ്ക്കുന്ന ഒരു മഹോത്സവം!

ഉത്സവങ്ങളെ പറ്റി പ്രതിപാദിയ്ക്കാനല്ല ഞാനീ ലേഖനം എഴുതുന്നത്. മറ്റൊരു സംഭവത്തിലേയ്ക്ക് വിരൽ ചൂണ്ടാനാണ്. സാന്ദർഭികമായി സൂചിപ്പിയ്ക്കട്ടെ. എപ്പോഴെങ്കിലും, വായനക്കാർ മുക്കം സന്ദർശിയ്ക്കാനിടയായാൽ ഇരുവഞ്ഞിയുടെ മധ്യത്തിൽ സ്ഥിതിചെയ്യുന്ന 'അമ്പലവും ആൽത്തറയുമില്ലാത്ത' ഈ ക്ഷേത്രം സന്ദർശിയ്ക്കാൻ മറക്കരുത്.

കുട്ടിക്കാലത്ത് അമ്മയോടൊത്ത് ക്ഷേത്രദർശനം നടത്തുന്ന പതിവുണ്ടായിരുന്നു. പറഞ്ഞുവല്ലോ, ഞങ്ങളുടെ വട്ടോളി ശിവക്ഷേത്രത്തെ പറ്റി. മിക്കവാറും അവിടെയാണ് പോവാറ്. വിശേഷ ദിവസങ്ങളിലും പിറന്നാളിനും (birthday) മറ്റും.

ഞാനാദ്യമായി ഒരു നാടകം കണ്ടത് ഈ വട്ടോളി ഉത്സവപ്പറമ്പിൽ വെച്ചാണ്. നാടകത്തോട് പ്രണയത്തിലാവാനും ഈ 'നാടകക്കാഴ്ച' കാരണമായിട്ടുണ്ടാവാം. ഉണ്ടാവാമെന്നല്ല, ഉണ്ട്, തീർച്ച. അഞ്ചോ എട്ടോ അന്നെനിക്ക് പ്രായമുള്ളൂ. അതുപോലെ നാലോ അഞ്ചോ വയസ്സുള്ളപ്പോൾ എന്റെ പിറന്നാളിന് ഞാനും അമ്മയും കൂടി കുളിച്ച് ശുദ്ധി വരുത്തി അമ്പലത്തിൽ പോകുകയായിരുന്നു. പിറന്നാൾ ദിവസം 'വിളക്കും മാലയും' കഴിപ്പിക്കൽ നിർബന്ധമാണ്. വിളക്കിനുള്ള എണ്ണ കുപ്പിയിലാക്കി എന്റെ കൈയ്യിലേൽപ്പിച്ചിരിയ്ക്കയാണ് അമ്മ.

ഒരു നാൽക്കവലയിലെത്തിയപ്പോൾ ഒരു കല്ല് തടഞ്ഞ് ഞാൻ 'ധിം തരികിട തോം' വീണിതല്ലോ കിടക്കുന്നു ധരണിയിൽ! വലത് കൈയ്യിൽ പിടിച്ച കുപ്പിയോടെ! കുപ്പി പൊട്ടി. എന്റെ വലത് കൈയ്യിലെ ചെറുവിരൽ തൊട്ട്, ഉള്ളം കയ്യ് വരെ കുപ്പിച്ചില്ല് കേറി, ഒരു നീണ്ട കീറൽ. ചോര കുടുകുടാ ഒഴുകി. ഞാൻ ആർത്തുവിളിച്ചു കരഞ്ഞു. ഒരാൾ ഓടി വന്നു. അദ്ദേഹം സശ്രദ്ധം കുപ്പിച്ചീളുകൾ കൈത്തലത്തിലുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്തി, ഒരു പച്ചമരുന്നു വെച്ച് രണ്ടാം മുണ്ട് കീറി കൈത്തലം കെട്ടി.

ദിവസങ്ങളെടുത്ത് മുറിയുണങ്ങി. പക്ഷെ ഒരു നീണ്ട കല എന്റെ വലതും കൈയ്യുടെ കൈത്തലത്തിൽ സ്ഥാനം പിടിച്ചു. അത് ഒരു വര പോലെയായി.

വർഷങ്ങൾക്ക് ശേഷം യാദൃശ്ചികമായി ഒരു വാസ്തുരേഖാ വിദഗ്ദ്ധൻ എന്റെ കൈനോക്കി. അത്ഭുതം കൊണ്ട് അദ്ദേഹത്തിന്റെ കണ്ണ് വികസിച്ചു. അദ്ദേഹം പറഞ്ഞു. "ഭാഗ്യവാൻ, ഇത്തരം ഭാഗ്യരേഖകൾ പതിനായിരത്തിലൊരാൾക്കേ കാണൂ!!"

# ശിലയിലെ സ്നേഹസംഗീതം



ഉദയകുമാർ. ജി
9447533672

**ശി**ലയും വിചാരിച്ചു ആരെയെങ്കിലും സ്നേഹിക്കണമെന്ന്. പക്ഷേ, തനിക്കലിയാൻ ആർദ്രതയില്ലല്ലോ? സ്നേഹ ബാഷ്പവുമില്ല. ദ്രാവകമായി ഒഴുകാൻ തീയിനടുത്തുനിന്നാലോ എന്നോർത്തു, നിന്നു നോക്കി. വെട്ടിത്തിളങ്ങുന്ന ശിലയെ കണ്ട് പലരും അടുക്കാൻ ശ്രമിച്ചു എന്നാൽ ചുട്ടു പൊള്ളുന്ന അതിനടുത്തേക്കു ഒരു ചെറുപ്രാണി പോലും അടുത്തില്ല. വീണ്ടുവിചാരം വന്ന ശിലയോർത്തു, എന്നാൽ കുറച്ചുകാലം വെള്ളത്തിൽ കിടന്നാൽ മനസ്സൊന്നു തണുക്കും അപ്പോൾ സകലരും തന്നോടടുക്കും. അതിനായിശ്രമിച്ചു. പലരും കൂട്ടുകൂടാൻ അടുത്തുവന്നു. എന്നാൽ പരുപരുത്ത മേനിയുടെ അഭംഗി കണ്ടുവന്നവർ പിന്തിരിഞ്ഞു.

ഇനിയെന്താണുമാർഗ്ഗം. സാരോപദേശം കേട്ടാലോ, കുറച്ചൊക്കെ മനസ്സിന് ആർദ്രത വരില്ലേ എന്നുതോന്നി. അതിനായി സത്സംഗ വേദിക്കടുത്തുകിടന്നു. അറിയാതാരോ, ശിലയുടെ വക്കത്തു ചവുട്ടി. അയാളുടെ കാലു മുറിഞ്ഞു ചോര വന്നു. വേദന കൊണ്ടുപുളഞ്ഞു. കലി തുള്ളിയ അയാൾ ആക്രോശിച്ചു: "ഇതിനെ ദൂരെ എങ്ങോട്ടെങ്കിലും വലിച്ചെറിയൂ" ഇതുകേട്ട നടത്തിപ്പുകാർ അതിനെ ഒരു മൂലക്കുകൊണ്ടിട്ടു. അവിടെ കിടന്ന് വെയിലുകൊണ്ടും വാടകൊണ്ടും ശിലക്കു ജീവിതം വെറുത്തു.


ഒടുവിൽ മഴക്കാലം വന്നു. മഴവെള്ളപാച്ചിലിൽ അതൊലിച്ച് പുഴക്കടവിൽ ചെന്ന് വീണു. അതിനകം കൂർത്തുമൂർത്ത വക്കെല്ലാം ഉരഞ്ഞുമിനുസമായി തീർന്നിരുന്നു. കോമളരൂപവും കൈവന്നു. അപ്പോൾ ആരോ അതിനെയെടുത്ത് കുലദേവതയായി കുടിവെച്ചു. പിന്നീട് പ്രാർത്ഥനയായി, ആരാധനയായി, പൂജയായി. ശിലയിലും വിളങ്ങി ദേവചൈതന്യം.

കഠിനമായ ജീവിത യാഥാർത്ഥ്യങ്ങളിലൂടെ സഞ്ചരിച്ചുവന്നവനിൽ സ്നേഹവും കാരുണ്യവും വളരും, ഈശ്വരചൈതന്യം വിരിയും.

# വ്യക്തിത്വ വികാസവും ചില മാനസീകാരോഗ്യ പ്രശ്നങ്ങളും

**ഭാഗം 1**

**ജ**നിച്ചപ്പോൾ പൂർണ്ണ നഗ്നൻ! ഗർഭപാത്രത്തിൽ ഇരുന്നൂറ്റിയെഴുപത് ദിവസങ്ങളോളം സുഖശയ്യയിലായിരുന്നു. ആകൃതിയും രൂപവും ഒക്കെ വന്നത് ക്രമേണയാണ്. പുറത്തുവന്നപ്പോൾ 3.5കി. ഗ്രാം തൂക്കമുണ്ടായിരുന്നു. ദിവസങ്ങൾ കൊഴിഞ്ഞപ്പോൾ നിഴലുപോലെ എന്തൊക്കെയോ കാണാമെന്നായി. പക്ഷെ ശബ്ദമൊന്നും കേട്ടില്ല. മുലപ്പാൽ കുടിക്കാൻ എന്തൊരാവേശമായിരുന്നെന്നോ! കരച്ചിലും മലമൂത്ര വിസർജ്ജനവും പതിവുപോലെ. ഓടാനും ചാടാനും അന്നേ ആഗ്രഹം തോന്നിയത് സഫലീകരിക്കാൻ വീണ്ടും സമയം വേണ്ടിവന്നു. തല ഉയർത്തിപ്പിടിച്ചിഴയാം എന്നായപ്പോൾ അമ്മ സഹായിച്ചു. എപ്പോഴും കൂടെ അമ്മയുണ്ടായിരുന്നു എന്നുള്ളത് മറക്കാനാവില്ല. രണ്ടുവയസ്സുകഴിഞ്ഞപ്പോൾ ഇഴച്ചിലുനിറുത്തി അമ്മയുടെ കാലു പിടിച്ചെണീറ്റു. നടക്കാൻ തുടങ്ങിയപ്പോൾ വീഴാതെ അമ്മ സഹായിച്ചു. ഒരു വർഷത്തോളം അമ്മയുടെ മുലപ്പാൽ കുടിച്ചതുകൊണ്ടാണീവീരകൃത്യങ്ങൾ ചെയ്യാനായത്. അമ്മ പറയുന്നു ഇനിയും നല്ല ആഹാരങ്ങൾ കഴിക്കണമെന്ന്. പല്ല് മുളക്കാൻ തുടങ്ങി, തലച്ചോറ് വളരാനും. അമ്മയെ ഉപദേശിക്കുന്നത് മുത്തശ്ശിയാണ്. അമ്മ പുസ്തകം വായിച്ചറിവു നേടുന്നുണ്ടെങ്കിലും മുത്തശ്ശിയുടെ തിരുത്തലോടെ മാത്രമേ സ്വീകരിക്കാറുള്ളു. അച്ഛനും അമ്മയും വഴക്കുകൂടിയാൽ മുത്തശ്ശി അമ്മയെ ശാസിക്കും, “കുട്ടികളെ ശ്രദ്ധിക്ക്, വഴക്കുപിന്നീടാവാം.” മുത്തശ്ശനും മുത്തശ്ശിയുമുള്ളത് നല്ലതുതന്നെ. ഇനി മുത്തശ്ശിയാവും എല്ലാം നിങ്ങളോട് പറയുക.



**പ്രൊഫ. വി. കെ. എം. നായർ**
**9497504782, 0491 2951782**

ശാന്തമായ കുടുംബാന്തരീക്ഷത്തിലാണ് കുഞ്ഞിന്റെ സ്വാഭാവിക വളർച്ച. കുടുംബാംഗങ്ങൾ പരസ്പരം സ്നേഹിക്കുന്നവരും വിട്ടുവീഴ്ചാ മനോഭാവം ഉള്ളവരുമായിരിക്കണം. പത്ത് വയസ്സാവുമ്പോഴേക്കും പെൺകുട്ടിയും പന്ത്രണ്ടു വയസ്സാകുമ്പോൾ ആൺകുട്ടിയും ബാല്യദശ താണ്ടുന്നു. യൗവനാരംഭമാണ് വളരെ ശ്രദ്ധിക്കേണ്ട കാലം. പെൺകുട്ടിക്ക് മാസമുറ തുടങ്ങിയാൽ അവൾക്ക് കല്യാണപ്രായമായിയെന്നു ധരിക്കരുത്. ഒരു കുടുംബം നോക്കേണ്ടവളല്ലേ? ചിലപ്പോൾ ഒരു നാടിന്റെ ഭാരമാവും അവളുടെ തലയിൽ വരുക. അവൾ പഠിക്കട്ടെ, പഠിച്ചു മിടുക്കിയാവട്ടെ. സ്വയം ചിന്തിക്കാനും ആശ്രയമില്ലാതെ വളരാനും ശ്രമിക്കട്ടെ. ആണിനും സ്വന്തം കഴിവിൽ വിശ്വാസം ഉണ്ടാവുന്നത് വരെ വിവാഹം നിഷിദ്ധം തന്നെ. പെണ്ണാണ് ശാരീരികവും മാനസികവും ബുദ്ധിപരവുമായി പെട്ടെന്ന് വളരുന്നത്. ആണിനു കുറച്ചുകൂടി സമയം വേണ്ടിവരും. നാല്പതിനോടടുക്കുമ്പോൾ സ്ത്രീയുടെ ഗർഭധാരണ ശക്തി ഇല്ലാതാവുന്നു. ഒരു നാലഞ്ചു വർഷം ശാരീരിക മാറ്റത്തിനോട് പൊരുത്തപ്പെടേണ്ട അവസ്ഥ അവൾക്ക് വന്നുഭവിക്കുന്നു. ആണിന് ഈ അവസ്ഥയിൽ കാര്യമായ മാറ്റമൊന്നും സംഭവിക്കുന്നില്ല. മാനസിക വളർച്ച കുറയാതെ നോക്കണമെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ?

കല്യാണത്തിനു തയ്യാറെടുക്കുന്ന യുവാവും യുവതിയും കല്യാണത്തിനു മുൻപുതന്നെ ശാരീരികവും മാനസികവുമായി അടുപ്പമുണ്ടാവാൻ യോഗ്യരാണോയെന്നു ഒരു ഡോക്ടറുടെ സഹായത്താൽ ഉറപ്പുവരുത്തേണ്ടതാണ്. ജ്യോതിഷത്തിനേക്കാൾ അതാവും നല്ലത്. കുടുംബ പശ്ചാത്തലവും പാരമ്പര്യ മഹിമയും എല്ലാം നോക്കുന്നത് നല്ലത് തന്നെ. പക്ഷെ രണ്ടുപേരും നല്ല വ്യക്തിത്വമുള്ളവരായിരിക്കണമെന്നതാണ് മുഖ്യം. സാമ്പത്തിക ശേഷി കുറഞ്ഞവരാണെങ്കിൽ പോലും അവർക്ക് യോജിച്ച വ്യക്തിത്വമുണ്ടാവാൻ തടസ്സമൊന്നുമില്ലല്ലോ! അർപ്പണ മനോഭാവമുള്ളവരും പരസ്പരം സ്നേഹിക്കാൻ കഴിവുള്ളവരുമായാൽ മതി, സമ്പത്ത് തനിയെ വന്നു ചേരും.

സ്ത്രീ ഗർഭവതിയാകുമ്പോൾ തന്നെ പ്രസവിക്കാൻ പോകുന്ന കുഞ്ഞിന്റെ വളർച്ചയുടെ നയരൂപീകരണം ശരീരം ഏറ്റെടുക്കുന്നു. ഈ നയരൂപീകരണം ഗർഭപാത്രത്തിലുള്ള കുഞ്ഞിന്റെ വളർച്ചയ്ക്ക് പ്രകൃതി നിശ്ചയിക്കുന്നു. ഈ പദ്ധതി വിജയിക്കാൻ ഭാര്യയും ഭർത്താവും ഒരുമിച്ചു ഒരേ മനസ്സോടെ ചെയ്തുതീർക്കേണ്ട ചില കാര്യങ്ങളുണ്ട്. ഡോക്ടേഴ്സ് പറയുന്നു, ഗർഭപാത്രത്തിലുള്ള പോഷകാംശങ്ങളാവും കുഞ്ഞിന്റെ വളർച്ചയെ സഹായിക്കുകയെന്ന്. പോഷകാംശകുറവുണ്ടെങ്കിൽ അത് കുഞ്ഞിന്റെ വളർച്ചയെ ബാധി

ക്കും. ശരിയായ ഭ്രൂണവളർച്ചയി ല്ലാതാവുമ്പോൾ ഗർഭസ്ഥ ശിശുവിന്റെ ആരോഗ്യത്തെ അത് ബാധിക്കുന്നു. ജനിക്കുമ്പോൾ തന്നെ ബുദ്ധിമാന്ദ്യം വരെ സംഭവിക്കാവുന്നതാണ്. ഭാവിയിൽ കൂടുതൽ പ്രശ്നങ്ങൾ ഉണ്ടാവാനും സാദ്ധ്യതയുണ്ട്. നിങ്ങൾ ഓർത്തോളൂ 'വിത്തുഗുണം പത്തുഗുണം.' കുഞ്ഞ് ജനിക്കാൻ പോകുന്നതിനുമുമ്പേ കുഞ്ഞിന്റെ ഭാവി നിശ്ചയിക്കപ്പെടുന്നു എന്നത് അത്ഭുതം തന്നെ! ജനിച്ചുകഴിഞ്ഞാൽ മറ്റു ക്ഷതങ്ങൾ ഒന്നും ഉണ്ടാവാതിരിക്കാൻ അച്ഛനും അമ്മയും ശ്രദ്ധിക്കുമല്ലോ!

പാരമ്പര്യവും പിറവിയും തമ്മിൽ ബന്ധമുണ്ടെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുണ്ട്. പാരമ്പര്യ ഗുണങ്ങൾ കണക്കിലെടുത്ത് കുഞ്ഞിന് സഞ്ചരിക്കാവുന്നത്ര ദൂരം നേരത്തെ നിശ്ചയിക്കപ്പെടുന്നു എങ്കിലും ചുറ്റുപാടിന്റെ പ്രേരണയും കണക്കിലെടുത്താവും അന്ത്യമായി ഒരളവു നിശ്ചയിക്കപ്പെടുന്നത്. പക്ഷെ ഏറ്റവും പ്രാധാന്യമുള്ളത് ജന്മനാകിട്ടുന്ന വൈഭവം തന്നെ. മുമ്പോട്ട് പോകാൻ പോഷകാഹാരകുറവ് തടസ്സമാവരുത്. വീട്ടിലെ സ്വൈരതയും മുഖ്യം തന്നെ. മാനസിക വളർച്ചയ്ക്ക് ഏതെങ്കിലും കാരണത്താൽ മുരടിപ്പ് (fixation) വന്നാൽ അത് മൊത്തത്തിലുള്ള വളർച്ചയെയാവും ബാധിക്കുക. ഒരേ കുടുംബത്തിൽ പിറന്നാലും ഭിന്നസ്വഭാവമുള്ളവരായി തീരാൻ കാരണം ജന്മനാകിട്ടുന്ന ഗുണത്തിലും ചുറ്റുപാടിൽ നിന്നുള്ള പ്രേരണയിൽ ഉണ്ടാവുന്ന വ്യത്യാസവുമാണ്. കാരണം ജന്മനായുള്ളതും പരിതസ്ഥിതിയുടെ സംഭാവനയും കൂടി ചേരുമ്പോഴാണല്ലോ വ്യക്തിത്വം വളരുക. ജന്മനാ കിട്ടുന്ന ഗുണത്തിൽ പാരമ്പര്യത്തിനു പങ്കുള്ളതിനാലാണത് പാരമ്പര്യ ഗുണമെന്നു വിശേഷിക്കപ്പെടുന്നത്. പരിസ്ഥിതി ഗുണമെന്നു വച്ചാൽ കുഞ്ഞു ജനിച്ചു കഴിഞ്ഞിട്ട് കിട്ടാവുന്ന ഗുണവിശേഷമാണ്. ജന്മനാകിട്ടുന്ന ഗുണം 'പ്രവചനാതീതവും ദൈവീകവും' ആണ്. ശരിയോ തെറ്റോ എന്ന് കാലം തെളിയിക്കട്ടെ. ചില വിത്തുകൾ ചില പ്രത്യേക പ്രതലങ്ങളിൽ കാലാവസ്ഥയ്ക്ക് അനുകൂലമായി വീഴുമ്പോൾ അതിന്റെ വളർച്ച നമ്മെ അത്ഭുതപ്പെടുത്തുന്നു. പ്രതലം മാറുകയോ വിത്തിന് പോരായ്മ ഉണ്ടായാലോ ആ വളർച്ച കിട്ടിയെന്നു വരില്ല. സമയമാറ്റമുണ്ടായാലും ഇതേ അനുഭവം ഉണ്ടാവാം.

വളരെ സങ്കീർണ്ണമായ ശരീരഘടനയും മറ്റ് ജീവികളേക്കാൾ ഉയർന്ന നിലവാരത്തിലുള്ള തലച്ചോറും ഉള്ളതിനാൽ സ്ത്രീയും പുരുഷനും ഇണചേർന്നാവണം കുഞ്ഞു ജനിക്കാൻ. ഋഷിമാർ പറയുന്നു ഇണചേരാനും മുഹൂർത്തം നോക്കണമെന്ന്. കാലം മാറി, മുഹൂർത്തം നോക്കി ഇണചേരുന്ന സമ്പ്രദായം അപ്രായോഗികമാണ്. പക്ഷെ പരസ്പര വിശ്വാസത്തോടും സമ്മതത്തോടും കറകളഞ്ഞ സ്നേഹത്തോടും ആവണം ഇണചേരാൻ. ഒരു നല്ല വിത്ത് നല്ലപ്രതലത്തിൽ എവിടെ, എപ്പോൾ പതിക്കുമെന്ന് മുൻകൂട്ടി നിശ്ചയിക്കാനാവില്ലല്ലോ! പരിണാമസിദ്ധാന്തം പൂർണ്ണമായി ശരിവയ്ക്കും വിധമാണ് സംയോഗക്രിയ നടക്കുന്നത് എന്ന് തീർത്തും പറയാനാവും. മാറ്റങ്ങൾ ഉണ്ടായികൊണ്ടേയിരിക്കും. അതിന് പ്രതിഭകളുടെ ജനനം അത്യാവശ്യം തന്നെ, പുരോഗതി വ്യക്തികളുടെ സംഭാവനയിലൂടെയാണ് സംഭവിക്കുക. വ്യവസ്ഥകളുടെ മാറ്റം നിർണ്ണയിക്കുന്നതും പ്രതിഭകൾ തന്നെ.

കുഞ്ഞുജനിക്കാൻ മാത്രമല്ല സംയോഗം. ഇതിലേർപ്പെടുന്ന പുരുഷനും സ്ത്രീയ്ക്കും സന്തോഷം ലഭിക്കണം. അതിന് മനപ്പൊരുത്തവും ശാരീരിക പൊരുത്തവും അത്യാവശ്യം. യോജ്യമായ സന്ദർഭവും മാനസികനിലയും ഇണചേരാൻ ആവശ്യമാണെന്ന് അറിയുക. സ്നേഹചുംബനം പോലും സ്ഥലകാല പരിസ്ഥിതിക്ക് ചേർന്നതാവണം. ചെയ്യാൻ വേണ്ടി ചെയ്യുകയെന്നത്, കൃത്രിമമായ സ്നേഹപ്രകടനമായെ കണക്കാക്കാനാവു. വികാര പ്രകടനത്തിനു ശരീരവും മനസ്സും ഒരുമിച്ചാലെ അതിന്റെ ശരിയായ പ്രയോജനം ഉണ്ടാവൂ. രണ്ടു കൂട്ടർക്കും അതുണ്ടായാൽ ചുറ്റിലുമുള്ളവർക്കത് അസഹ്യമായി തോന്നാത്ത സാമൂഹ്യ വ്യവസ്ഥയാണെങ്കിൽ 'അതാവാം. ഇന്ന് കാണുന്ന സദാചാര പോലീസും, സ്നേഹചുംബനവും കൃത്രിമമല്ലെയെന്നു ആരും സംശയിച്ചുപോകും. ലൈംഗിക വേഴ്ച വളരെ മൗലികമായ ഒരു പുണ്യകർമ്മമാണെന്നറിഞ്ഞുള്ള പെരുമാറ്റം ഇന്ന് ഭാരതീയ സ്ത്രീകൾ അനുഭവിക്കുന്ന കഷ്ടപ്പാടിന് അറുതിവരുത്തും. ലൈംഗിക ചേഷ്ട വെറും ശാരീരിക കർമ്മമായി കണക്കാക്കുന്നവർക്കും ലിംഗോദ്ധാരണം കൂടിയെ തീരൂ. അത് സ്വീകരിക്കാൻ തയ്യാറുള്ള സ്ത്രീയോടാവണം വേഴ്ച. രണ്ടു കൂട്ടർക്കും തുല്യപ്രധാന്യമുള്ള ഈ കർമ്മം ഒരാളിന്റെ മാത്രമാവുമ്പോഴാണ് ബലാൽസംഗമാവുക. അപ്പോഴാണ് ബലാൽക്കാരത്തിനു മുതിരുന്നവൻ മനോരോഗിയാണോ എന്ന് പരിശോധിക്കേണ്ടി വരുക. ബലാൽക്കാരം ചെയ്യുന്നവന്റെ മാനസികനില തുലോം താഴെയായിരിക്കുമെന്നുള്ള കാര്യം തീർച്ച. സ്ത്രീയെ വെറും ശുക്ലസംഭരണകോളാമ്പി (seminal spitoons) ആയി കരുതുന്നവൻ മാനസിക വളർച്ച നേടിയവനാണെന്ന് കരുതാനാവില്ലല്ലോ! സംയോഗം വെറും ഒരു യാന്ത്രിക

കർമ്മമായി കരുതുന്ന സ്ത്രീയുടെ മാനസിക വളർച്ചയും സംശയിക്കപ്പെടേണ്ടതാണ്.

പുരുഷലിംഗം ശരിക്കുള്ള ഉദ്ധാരണപ്രക്രിയയിലൂടെ യോനിക്കുള്ളിൽ പ്രവേശിച്ച് ശുക്ലവിസർജ്ജനം ചെയ്യുമ്പോഴാണ് പുരുഷന് രതിമൂർച്ഛ (orgasm) ഉണ്ടാകുന്നത്. സ്ത്രീയെ സംബന്ധിച്ചാണെങ്കിൽ ഇത് വെറും ശാരീരിക പ്രക്രിയ മാത്രമല്ല, മാനസികമായൊരു ഒത്തുചേരലും അംഗീകാരം ലഭിക്കലുമാണ്. അത് പുരുഷനിൽ നിന്നുണ്ടായാലെ രതിമൂർച്ഛ എന്നത് സ്ത്രീയ്ക്ക് അനുഭവവേദ്യമാകുന്നുള്ളു. അല്ലാത്തതെന്തും വെറും യാന്ത്രികവും സന്താനോല്പാദന പ്രക്രിയയായും തരം താഴുന്നു.

ഭാരതീയ സ്ത്രീ സമൂഹത്തിൽ അടിച്ചേല്പിക്കപ്പെട്ട വിശ്വാസമാണ് പുരുഷമേൽകോയ്മ എന്നത്. ഈ വിശ്വാസത്തിനു ഉപോത്ബലമായിട്ടാണ് സ്ത്രീ, ലൈംഗിക വിഷയം കൈകാര്യം ചെയ്യുന്നതും ലൈംഗികാസക്തിയും രതിമൂർച്ഛയും സ്നേഹ ചുംബനവും, ശാരീരിക ചേഷ്ടകളും വീക്ഷിക്കപ്പെടുന്നതും. ആ സ്ത്രീ സ്വാതന്ത്ര്യം ഭാരതഭൂമിയിൽ വെറുമൊരു സ്വപ്നമാണെന്ന ധാരണ പരത്താൻ ഭരണാധികാരികളും പ്രത്യേകം ശ്രദ്ധ വയ്ക്കുന്നതുകൊണ്ട് മൗലികമായ മാറ്റമൊന്നും അടുത്തകാലത്തൊന്നും നടക്കാൻ പോകുന്നില്ലായെന്ന് പ്രവചിക്കാൻ കഴിയുന്ന സാഹചര്യമാണിന്നുള്ളത്. പുരുഷന്റെ മാനസിക വളർച്ച കുറഞ്ഞുവരുന്നത് കാരണം, ലൈംഗിക വൈകൃതങ്ങൾ കൂടിക്കൊണ്ടേയിരിക്കും എന്നതും പ്രവചനാതീതമല്ല. ഇതൊന്നും അത്ര പ്രാധാന്യം അർഹിക്കുന്നില്ലായെന്ന മട്ടിലുള്ള ഭരണാധികാരികളുടെ തീരുമാനവും സാംസ്കാരിക പുരോഗതി പുറകോട്ടടിയ്ക്കുന്ന സ്ഥിതിവിശേഷം തുടരാൻ പ്രേരകമാവും. സ്ത്രീ ആകർഷിക്കപ്പെടാനും അംഗീകരിക്കപ്പെടാനും ആഗ്രഹിക്കുന്നവളാണ്. അത് മനോരോഗമാണന്ന വ്യാഖ്യാനം മുഴുവനായും ശരിയല്ല. പ്രകൃതിയുടെ സ്വാഭാവികചലനങ്ങളെ മനസ്സിലാക്കാൻ കഴിയാത്ത മനുഷ്യമൃഗങ്ങളാണ് ഈ ചലനങ്ങളിൽ കൃതിമത്വം ആരോപിച്ച് അതിനനുസൃതമായി പെരുമാറാൻ ശ്രമിക്കുന്നത്. പുരുഷന്മാർക്ക് മാനസികാരോഗ്യം അത്യാവശ്യമാണെന്ന് അവരെ ബോദ്ധ്യപ്പെടുത്താനുള്ള സമഗ്ര സാമൂഹ്യപദ്ധതി നടപ്പാക്കിയാലെ സ്ത്രീകളോട് കാണിക്കുന്ന അതിക്രമങ്ങൾക്ക് പരിഹാരമാവൂ. സ്ത്രീയും പുരുഷനും കുടുംബഭദ്രതയ്ക്കും നാടിന്റെ ക്ഷേമ-ഐശ്വര്യങ്ങൾക്കും തുല്യപങ്കാളികളാണെന്ന ബോധം വളർന്നാലെ നാടിന്റെ സാംസ്കാരിക നിലയിൽ വളർച്ച ഉണ്ടാകൂ. തുല്യതയാവാം, പരസ്പര മത്സരം അനാരോഗ്യകരവും. ആണായാലും പെണ്ണായാലും വ്യക്തിത്വ വളർച്ചയാണ് ഭൗതിക പുരോഗതിക്കും സാംസ്കാരികോന്നമനത്തിനും അടിസ്ഥാനം.

വ്യക്തി സമുദായത്തിന്റെ സന്തതിയാണ്. സമുദായത്തെ നേർവഴിക്കു നയിക്കാൻ ബാദ്ധ്യസ്ഥനും. വ്യവസ്ഥാപിത താത്പര്യങ്ങൾ സ്വയം മാറുന്നവയല്ല. അവയെ മാറ്റാൻ കഴിവുള്ള വ്യക്തി ലോകത്തിന്റെ ഏതെങ്കിലും ഒരു കോണിൽ എപ്പോഴെങ്കിലും ജനിക്കുന്നു. സാധാരണക്കാർ മരിക്കും, പ്രതിഭാസമ്പന്നരായ വ്യക്തികൾക്ക് മരണമില്ല. അവരുടെ മരണത്തിനായി സംഘടിതശ്രമം നടന്നാലും അവർ ഉയർത്തെഴുന്നേൽക്കപ്പെടുന്നു.

പ്രവാചകർ ജനിക്കുന്നെയുള്ളു മരിക്കുന്നില്ല. മഹത് വ്യക്തികൾ ഉൾപ്പെട്ട വ്യക്തിപ്രഭാവ സമൂഹം മാറ്റത്തിനായ് അഹോരാത്രം പ്രയത്നം നടത്തിക്കൊണ്ടേയിരിക്കും. അവരുടെ അമൂല്യ സംഭാവനകളാണ് മാറ്റത്തിന്റെ കരുക്കൾ.

ഒരു പ്രതിഭാശാലിയുടെ വ്യക്തിത്വമെന്നാൽ ദൈവം കനിഞ്ഞരുളുന്നതാണെന്ന് വിശ്വസിക്കുന്നവരും, അങ്ങനെയല്ല, സ്വന്തപ്രയത്നം കൊണ്ട് മാത്രം പ്രതിഭയാകുകയാണ് എന്ന് വാദിക്കുന്നവരും ഉണ്ട്. അതെന്തുമാകട്ടെ, പ്രതിഭയാവാൻ ജന്മനാ കിട്ടുന്ന ഗുണവും ചുറ്റുപാടിനോട് പ്രതികരിക്കാനുള്ള ശേഷിയും, ആഴത്തിലുള്ള ചിന്താശക്തിയും ബുദ്ധിവിശേഷവും ഉണ്ടായേ തീരൂ. ഇതൊന്നും നാം എല്ലാവരിലും കാണുന്നില്ലല്ലോ! ചില മേഖലകളിൽ അത് ശാസ്ത്രമാകാം, സാഹിത്യമാകാം, തത്വ ശാസ്ത്രമാകാം, രാഷ്ട്രമീമാംസയാവാം. അവരുടെ, പ്രതിഭകളുടെ കഴിവ് അഭൂതപൂർവ്വവും അനുപമേയവുമാണ്. പ്രതിഭകളെ പരിഹസിക്കുന്ന അപകർഷതാരോഗികൾ വർദ്ധിച്ചുവരുന്നത് ഏത് നാടിനും ആപത്താണ്.

ജനിക്കുമ്പോഴെ കുഞ്ഞുങ്ങൾ ചില പ്രത്യേക വാസനയുള്ളവരായിരിക്കും. സ്ഥായിയായ പലേ വാസനകൾക്കും പാരമ്പര്യ സ്വഭാവമുണ്ടെന്നു മനശാസ്ത്രം വ്യക്തമാക്കുന്നു. ലൈംഗികമായ അറിവ് അബോധതലത്തിലുണ്ടെന്നും കുഞ്ഞുന്നാൾ മുതൽ അത് അപ്പോഴപ്പോൾ പുറത്തുവരുമെന്നുള്ള ഫ്രോയിഡിയൻ ചിന്ത ശരിവയ്ക്കും വിധമാണ് കുഞ്ഞുങ്ങളിൽ വാസനാശീലം വളരുന്നത്. മനസ്സ് എന്ന പ്രഹേളിക നിർവ്വചിക്കാനാവാത്തവിധം സങ്കീർണ്ണമാണ്. മനസ്സിലാക്കാനായി നമുക്ക് 'ബോധ'മെന്നും 'അബോധ' മെന്നും പേർ നൽകാം. പഠന സൗകര്യത്തിനായി 'id' 'Ego' 'Super ego' എന്ന് മനശാസ്ത്രജ്ഞന്മാർ മനസ്സിനെ വേർതിരിച്ചി

ട്ടുണ്ട്. ഇവ മൂന്നും പരസ്പര ബന്ധമില്ലാത്ത മൂന്നറകളായി കാണാതെ, പരസ്പരബന്ധമുള്ള മനസ്സിന്റെ മൂന്ന് അംശങ്ങളായി കാണുന്നതാവും ഉചിതം. 'id' പാരമ്പര്യ വാസനയും 'Ego' കുഞ്ഞു വളരുന്നതിനോടൊപ്പമുള്ള മാനസിക നിലയേയും സൂചിപ്പിക്കുന്നു. 'Ego' വളർന്നു കൊണ്ടിരിക്കുമ്പോൾ വാസനാപരമായി ലഭിച്ച ചില കാര്യങ്ങളെ ഉപേക്ഷിച്ചെന്നു വരാം. എന്നാലും മുഴുവൻ ശക്തിയും 'id' യിൽ നിന്ന് തന്നെയാണ്. Super ego എത്രത്തോളം മികവുറ്റതാണെന്ന് egoയുടെ വളർച്ച തെളിയിക്കും. ഒരു മുതിർന്ന പൗരനും അയാളെ ഉൾക്കൊള്ളുന്ന സമുദായവും തമ്മിലുള്ള ബന്ധം നിശ്ചയിക്കപ്പെടുന്നത് 'Super ego' യുടെ തലത്തിലാണ്. 'Ego' വളർന്നു കഴിയുമ്പോൾ 'id' യിൽ നിന്നു കിട്ടിയതെല്ലാം നശിച്ചു എന്നു പറയാനാവില്ല. പ്രായോഗിക തലത്തിലെത്താനാവാത്തത് അബോധമണ്ഡലത്തിലേയ്ക്ക് തള്ളപ്പെടുന്നു. മാനസിക വ്യാപാരത്തിൽ വേണ്ട നിയന്ത്രണമാണിതിനു കാരണം. ബുദ്ധി വികാസം അതിനു സഹായമാം വിധം പ്രവർത്തിക്കുന്നു. മനസ്സ് ഒരരിപ്പപോലെ ബുദ്ധിയുടെ സഹായത്താൽ പ്രവർത്തിച്ച് വേണ്ടതും വേണ്ടാത്തതും, വിവേചനം ചെയ്ത് വേണ്ടാത്തവയെ അബോധമണ്ഡലത്തിലേയ്ക്ക് തള്ളിവിടുന്നു. ഇതിനെ ശാസ്ത്രജ്ഞർ Repression എന്നാണ് വിളിക്കുന്നത്. തത്കാലത്തേയ്ക്ക് വേണ്ടാത്തവയെ മനസ്സിന്റെ ഒരു കോണിലേയ്ക്ക് മാറ്റി വയ്ക്കുന്നതിന് supression എന്നാണ് പേര്. ബുദ്ധിമാന്ദ്യം സംഭവിച്ചവർക്ക് തിരിച്ചറിവ് ഇല്ലാത്ത അവസ്ഥയാവും. അവരാണ് സമുദായം അംഗീകരിച്ചിട്ടില്ലാത്ത ലൈംഗിക വ്യാപാരങ്ങളിൽ മുഴുകുന്നത്. ഇത് എല്ലാ പ്രായത്തിലുമുള്ളവരിലും കാണുന്നത് കാരണം ചികിത്സ പ്രയാസമേറിയതാണ്. അടിയന്തിരമായി ചെയ്യേണ്ടത് പത്തോ ഇരുപതോ വർഷം കൊണ്ട് ബുദ്ധിവളർച്ചയ്ക്കായുള്ള പ്രയത്നത്തിൽ ഏർപ്പെടുകയാണ്. കൂട്ടത്തിൽ മാനസിക വികാസത്തിനായുള്ള ദശവത്സര പദ്ധതികളും ആസൂത്രണം ചെയ്യണം.

വികാരങ്ങൾക്ക് പെട്ടെന്ന് പരിഹാരം കാണാനാവാതെ വരുമ്പോഴാണ് മുരടിപ്പ് (fixation) അനുഭവപ്പെടുന്നത്. ഈ മുരടിപ്പാണു മാനസിക രോഗങ്ങൾക്ക് കാരണമാകുന്നത്. വികാരങ്ങൾ സ്വന്തമാണെന്ന് പറയാനാവാത്തവർ അത് അന്യരിൽ ആരോപിച്ച് നിർവൃതി നേടാറുണ്ട്. ഇതിനു projection എന്നാണു പേർ. പലേ ലൈംഗിക രോഗങ്ങൾക്കും കാരണം വേണ്ടത്ര മാനസിക വികാസം കിട്ടാത്തതുകൊണ്ടോ മുരടിപ്പ് പലപ്പോഴായി അനുഭവപ്പെട്ടതുകൊണ്ടോ ആവാം. എല്ലാ ദുർബലമാനസികാവസ്ഥയ്ക്കും കാരണം മനസ്സിന്റെ ക്ഷയം തന്നെ. സാധാരണ എല്ലാവർക്കുമുള്ള പ്രതിരോധ പ്രക്രിയപോലും നടക്കാതെ വരുന്നു. അച്ഛനമ്മമാർ കുട്ടികളുടെ മാനസിക വളർച്ച സശ്രദ്ധം നോക്കി പഠിക്കേണ്ടതും മുരടിപ്പ് വരുന്നില്ലായെന്നു ഉറപ്പുവരുത്തേണ്ടതും ആണ്. കുഞ്ഞുങ്ങളെ ജനിപ്പിച്ച് 'വായുള്ള പിള്ള പിഴയ്ക്കും' എന്ന മട്ടിലാണ് ബഹുഭൂരിപക്ഷം അച്ഛനമ്മമാരുടേയും ചിന്താഗതി. ഇത് കൊണ്ടുണ്ടാകുന്നത് കുട്ടികളുടെ മാനസിക വളർച്ച മുരടിച്ചു പോകുന്നു എന്നുമാത്രമല്ല, വ്യക്തിത്വഘടനയുടെ താളവും തെറ്റിപ്പോകുന്നു. ഇതൊരിക്കലും ഭരണവർഗ്ഗത്തിന്റെ ശ്രദ്ധയിൽ പെടുന്നില്ല എന്ന് മാത്രമല്ല, അരാജകത്വം പോഷിപ്പിക്കാനുള്ള ശ്രമത്തിൽ ചിലരെങ്കിലും അറിഞ്ഞോ അറിയാതെയോ ഭാഗഭാക്കാകാറുമുണ്ട്. കുളം കലക്കി മീൻ പിടിക്കുന്ന സ്വഭാവമാണിത്. ഗുണ്ടകളെ സൃഷ്ടിച്ച് അവരെ ഉപയോഗിച്ച് സ്വന്തം കാര്യം നേടുക. പിന്നീട് ഗുണ്ടകളെ തള്ളിപ്പറഞ്ഞ് മിടുക്കൻ ചമയുക. 'Something is rotten in the state of Denmark' എന്നതാണ് കേരളത്തിലെ രാഷ്ട്രീയ സാമൂഹ്യ സ്ഥിതി. 'Every thing is out of joint, the center cannot hold' എന്നതാണ് സാമൂഹ്യ വ്യവസ്ഥ. പ്രകൃതി സംരക്ഷണമായാലും വിദ്യാഭ്യാസമായാലും, ആരോഗ്യമായാലും ഒരു പ്രത്യേക നയ രൂപീകരണത്തിന് കഴിവില്ലാത്ത, താളം തെറ്റിയ സമീപനമാണ് ഭരണാധികാരികൾക്കുള്ളത്. ഒരു കക്ഷിയും ഇതിൽ നിന്ന് മുക്തമല്ല. 'ആരു നാടുവാണാലും ഭരിക്കുന്നവരെല്ലാവരും ഒരുപോലെ'. കുട്ടികളുടെ സ്വതന്ത്രമായ വളർച്ചയെങ്കിലും ഇവരാരും ചൂഷണം ചെയ്യാതിരുന്നാൽ അത്രയും നല്ലത്. കുട്ടികൾക്ക് പോഷകാഹാരവും ശുദ്ധജലവും, ശുദ്ധവായുവും, സ്വയം ചിന്തിക്കാൻ പ്രേരിപ്പിക്കുന്ന വിദ്യാഭ്യാസവും നൽകിയാൽ സ്ഥിതി മെച്ചപ്പെടും. കുഞ്ഞു ജനിക്കും മുൻപും ജനിച്ചശേഷവും അവന്റെ പൂർണ്ണ ഉത്തരവാദിത്വം സ്റ്റേറ്റിന്റെ ആണെന്ന് ഭരണാധികാരികൾ അറിയണം. പതിനെട്ടു വയസ്സാകുന്നതുവരെയ്ക്കെങ്കിലും ജാതിമത രാഷ്ട്രീയ ഭ്രാന്തന്മാർ അവരെ ചൂഷണം ചെയ്യുന്നില്ലായെന്നും അവന്റെ മാനസിക വളർച്ചയ്ക്ക് തടസ്സങ്ങൾ സൃഷ്ടിക്കുന്നില്ലായെന്നും ഉറപ്പുവരുത്തുക. വേണ്ടാത്ത കാര്യങ്ങൾക്ക് പണം ധൂർത്തടിക്കാതിരുന്നാൽ ആരോഗ്യ സംരക്ഷണത്തിനും വിദ്യാഭ്യാസത്തിനും പുതിയ തൊഴിലുകൾ സൃഷ്ടിക്കാനും വേണ്ടത്ര പണം സമാഹരിക്കാം. തലപ്പത്ത് ആത്മാർത്ഥത തീരെയില്ലാത്ത സംവിധാനം താഴോട്ടിറങ്ങി, ഏറ്റവും താഴത്ത് എ

ത്തുന്നു. എല്ലാവർക്കും പണസമ്പാദന ലക്ഷ്യമല്ലാതെ, സേവന മനോഭാവം പ്രഭാഷണങ്ങളിൽ മാത്രം ഒതുക്കിനിർത്തുന്നു. വ്യക്തികൾക്കല്ല സമൂഹത്തിനുതന്നെ അപകർഷതാബോധം (inferiority complex) എന്ന രോഗം പിടിപെട്ടാലുള്ള സ്ഥിതിയൊന്നാലോചിച്ചു നോക്കൂ. ബാല്യകാലമാകുമ്പോഴേ മാനസിക മുരടിപ്പ് അനുഭവിക്കുന്ന കുട്ടി aggressive ആയില്ലെങ്കിലേ അത്ഭുതമുള്ളൂ. സ്വയം ഉയരാനുള്ള സാദ്ധ്യത വന്നാൽ aggression ചിലപ്പോൾ Positive ആയി മാറാം. അത് നടന്നില്ലായെങ്കിൽ അവൻ നല്ലൊരു rebel ആകും. അവന്റെ energy ഷൂട്ടിംഗ് പഠിക്കാൻ വിനിയോഗിച്ചെന്നും വരാം. ഷൂട്ടിംഗിൽ അവൻ മിടുക്കനാവാൻ ശ്രമിക്കും. Alfred Adler പറഞ്ഞപോലെ അവന്റെ Compensation impulse അത്തരത്തിലാവും പ്രവർത്തിക്കുക 'മാവോയിസം' ശക്തിപ്പെടുമെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ! അക്രമം, മോഷണം, കള്ളക്കടത്ത്, ലൈംഗിക അനാശാസ്യപ്രവർത്തികൾ, വ്യഭിചാരം ഇവ തഴച്ച് വളരും, അഴിമതിക്ക് പുതിയ ഭാഷ്യം രചിക്കപ്പെടും. ഭരണാധികാരികൾ ദയവായി ശ്രദ്ധിക്കുക.


രാഷ്ട്രീയസാമൂഹ്യകൂട്ടായ്മ അനൗപചാരിക വിദ്യാഭ്യാസം പ്രാവർത്തികമാക്കാൻ ശ്രദ്ധ വയ്ക്കണം. ജാഥ നയിക്കാം, ഹർത്താൽ ആചരിക്കാം പക്ഷെ മറ്റുപകാരപ്രദമായ കാര്യങ്ങൾ കൂടി ചെയ്യാൻ രാഷ്ട്രീയകക്ഷികൾ അർപ്പണമനോഭാവത്തോടെ ഏർപ്പെടണം. മുതിർന്ന അച്ഛനമ്മമാർക്ക് വിദ്യാഭ്യാസം നൽകണം. തൊഴിൽ ലഭിക്കാതെ പോയ യുവാക്കളേയും ശക്തമായ സാമൂഹ്യ സ്ഥിതിയുടെ ഭാഗമാക്കണം. ആത്മാർത്ഥ ശ്രമമുണ്ടെങ്കിൽ അവരെ നല്ല പൗരന്മാർ ആക്കാൻ കഴിയും. അവരുടെ കുട്ടികളും രക്ഷപ്പെടും. പൗരാവകാശസംരക്ഷണത്തിനായ് മൈതാന പ്രസംഗമാവാം. കൂട്ടത്തിൽ ഇങ്ങനെയുള്ള നല്ല കാര്യവും കൂടി ചെയ്യാനാവണം. ജനം സ്വയം ചിന്തിച്ചു തുടങ്ങിയാൽ ഭൂരിപക്ഷം നഷ്ടപ്പെടും എന്ന ചിന്ത അപക്വമാണ്. നാട് നന്നാകണമെന്നതല്ലേ മുഖ്യം? അല്ലാതെ പാർട്ടി വളരണമെന്നോ വളർത്തണമെന്നോ അല്ലല്ലോ? അധികാരമില്ലെങ്കിലും നാടിനെ സേവിക്കാമെന്ന് രാഷ്ട്രീയ കക്ഷികൾ തെളിയിക്കണം. ഈവിധം അവർക്ക് ജാതിമത സങ്കുചിത സിദ്ധാന്തങ്ങൾക്കും പ്രവർത്തികൾക്കും മുകളിൽ എത്താനാവും. അതല്ലേ വേണ്ടത്? ഇതാർക്കാണ് അറിയാത്തത്? എന്നിട്ടും ഒന്നും പ്രയോഗതലത്തിൽ വരുന്നില്ലായെന്നതാണ് അത്ഭുതം! കാരണം വ്യക്തം, സ്വാർത്ഥത. അധികാര മോഹം മാത്രം.

അനൗപചാരിക വിദ്യാഭ്യാസം നടത്തുന്നവർ ശ്രദ്ധിക്കേണ്ട മേഖല, പിന്നോക്കം നിൽക്കുന്ന, വിദ്യാഭ്യാസം ലഭിക്കാതെ പോയ ഭാര്യാഭർത്താക്കന്മാരുടെ കാര്യമാണ്. അവർക്ക് വേണ്ട മാനസികവും ശാരീരികവുമായ ബലം നൽകാൻ ഭരിക്കുന്ന ഗവണ്മെന്റിന്റെ സഹായത്തോടെ വേണ്ടതുചെയ്യുക എന്നതാണ്. പോഷകാഹാരം നല്കാനും ആരോഗ്യപരമായ കാര്യങ്ങളിൽ ഉപദേശം നൽകാനും ഗവണ്മെന്റ്, അവരെ സഹായിക്കേണ്ടതാണ്. അവരുടെ സാമ്പത്തിക നില മെച്ചപ്പെടുത്താൻ ഗവണ്മെന്റുമായി ആലോചിച്ച് വേണ്ടത് ചെയ്യാനും സാമൂഹ്യ സംഘടനകൾക്കും രാഷ്ട്രീയ കക്ഷികൾക്കും കഴിയണം. കുട്ടികളുടെ പോഷകാഹാരക്കുറവിലും വിദ്യാഭ്യാസ പിന്നോക്കാവസ്ഥയിലും സത്വര ശ്രദ്ധവേണം. ഉറക്കം തൂങ്ങുന്ന ഭരണാധികാരികളാണെങ്കിൽ അവരെ ഉണർത്തി വേണ്ടത് ചെയ്യിപ്പിക്കാനാവണം നാട്ടുകാരുടെ ശ്രമം. സ്വാതന്ത്ര്യം കിട്ടി അറുപത് വർഷം കഴിഞ്ഞിട്ടും കാട്ടിൽ താമസിക്കുന്ന പട്ടിണി പാവങ്ങളുടെ സാമൂഹ്യ സ്ഥിതിയിൽ കാര്യമായ മാറ്റം വരുത്താനാർക്കും കഴിഞ്ഞില്ലല്ലോ എന്നത് നാണക്കേടുതന്നെ; വൻ പട്ടണങ്ങളിലെ ചേരി നിവാസികളുടെ കാര്യവും ഭിന്നമല്ല. വോട്ടിനു വേണ്ടി അവരെ സമീപിക്കുകയും വോട്ടു നേടി കഴിഞ്ഞാൽ മുങ്ങുകയും ചെയ്യുന്ന 'ഹിപ്പോക്രസി'യാണ് എല്ലാ രാഷ്ട്രീയ കക്ഷികളും ഇന്നും തുടരുന്നത്. ഇതും എല്ലാവർക്കും അറിയാവുന്ന കാര്യമാണെന്നത് അനിഷേധ്യമാണ്. ●

---

■ കവിത

# കനവ്



**രാജീവ് മാമ്പുള്ളി**
**9400418318**

നീ....
വെന്ത മനസ്സിന്റെ വെമ്പലാൽ
തെളിക്കണ്ണീരിൽ തെളിഞ്ഞവൾ.
സൗഹൃദ തണലുകളിൽ
മോക്ഷമാകുന്നവൾ.
വിയർപ്പിലലിഞ്ഞ വേനൽ.
ഉത്കണ്ഠയുടെ ചിദാകാശം.
അസ്വസ്ഥതയുടെ തീച്ചുഴികളിൽ
വസന്തത്തിന്റെ
ആലിപ്പഴവർഷമായി
പെയ്തിറങ്ങുന്നവൾ.
സ്നേഹ ഉഴവിൽ
കനിവാർന്ന ഭൂമി.
നിലാവിലലിഞ്ഞൊഴുകുന്ന
തേൻപുഴ.
മോഹങ്ങൾ കനലെരിഞ്ഞു
തുടുത്ത സന്ധ്യ.
മറക്കാത്ത മിന്നൽ സ്വപ്നം.
കാത്തിരിക്കുന്നു,
കനവിനെ നിറവാക്കും
കാലത്തിനായി !

# വെളിച്ചം കാണാത്ത ശാസ്ത്രജ്ഞകൾ



എൽ. ശ്യാമള
9446936039

പ്രധാനപ്പെട്ട എല്ലാ രംഗങ്ങളിലും സ്ത്രീഗവേഷകരുടെ സാന്നിദ്ധ്യം ഉണ്ടായിരുന്നു എങ്കിലും, അതൊന്നും വെളിച്ചം കാണാറില്ല. ഈ ദുഃസ്ഥിതിയ്ക്ക് ഒരു പരിഹാരം കണ്ടുതുടങ്ങിയത് 2018 മുതലാണ്.

1987 ഫെബ്രുവരി 28 മുതൽ ഇന്ത്യയിൽ ശാസ്ത്രദിനം ആചരിച്ചു തുടങ്ങി. ഇ. കെ. ജാനകി അമ്മാൾ, അസീമ ചാറ്റർജി, കമല സൊഹോണി, അന്നാ മാണി, രാജേശ്വരി ചാറ്റർജി, അഞ്ജനാ ചതോപാദ്ധ്യായ, ലളിത, സുനന്ദാഭായി, പിന്നീടുവന്ന ടെസ്സി തോമസ്സ്, സൊണാലി ഗാർഗ്ഗ് എന്നിവരായിരുന്നു. കൂടാതെ 175 ൽ പ്പരം, പ്രധാനപ്പെട്ട മറ്റു ശാസ്ത്രജ്ഞകളും.

ഇതിൽ ഭൗർഭാഗ്യകരമായ വസ്തുത ഇവരിൽ പലരേയും, പല പേരുകളും നമുക്കറിയില്ലെന്ന ദയനീയമായ അവസ്ഥയാണ്. ഇതിന്റെ പ്രധാന കാരണം ഈ രംഗത്ത് പുരുഷന്മാർക്ക് ലഭിക്കുന്നതിൽ 5% പോലും പ്രശസ്തിയോ ആനുകൂല്യമോ അംഗീകാരമോ സ്ത്രീ ഗവേഷകർക്ക് ലഭിച്ചിരുന്നില്ല. ഇന്നും കിട്ടുന്നില്ല എന്ന ദുരവസ്ഥയാണ്.

മുകളിൽ പരാമർശിച്ച ശാസ്ത്രജ്ഞകളെ കൂടാതെ വളരെയധികം പേർ, ഡൽഹി പബ്ലിക്ക് ലൈബ്രറിയുടെ മുൻ ഡയറക്ടർ ജനറലായിരുന്ന ശ്രീമതി. അഞ്ജനാ ചതോപാദ്ധ്യായ രചിച്ച 'വുമൺ സയന്റിസ്റ്റ്സ് ഇൻ ഇന്ത്യ' എന്ന ഗ്രന്ഥത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇവരിൽ പ്രധാനികൾ :

1. ചാരുസിത ചക്രവർത്തി (തിയറിറ്റിക്കൽ കെമിസ്ട്രി)
2. ഊർമിൽ യൂലി ചൗധരി (ആർക്കിടെക്ട്)
3. രോഹിണി മധുസൂദൻ ഗോഡ്ബോലെ (സൈദ്ധ്യാന്തിക ഭൗതികം)
4. വിനോദിനി കൃഷാൽ (നക്ഷത്ര ഭൗതികം)
5. ഡോ: മേരി പുന്നൻ ലൂക്കോസ് (ഗർഭ ചികിത്സ)
6. മിതലി മുഖർജി (ജനിതകം)
7. രാമൻ പരിമള (ഗണിതം)
8. സുദീപ്ത സെൻഗുപ്ത (ഭൗമ ശാസ്ത്രം)
9. സൊണാലി ഗാർഗ് (വിവിധ ഇനം തവളകളുടെ പരിണാമം)
10. ടെസ്സി തോമസ്സ്, മിസൈൽ ലേഡി (ബഹിരാകാശം)

ഈ എണ്ണത്തിൽ അല്പം പുരോഗതി വന്നത് ശ്രീമതി. അഞ്ജനയുടെ ഗ്രന്ഥം തയ്യാറാക്കിയതിനോട് ബന്ധപ്പെട്ടാണ്.

ഇന്ത്യയിൽ ഇതിനാരംഭം കുറിച്ചത് 1930ൽ ശ്രീ. സി. വി. രാമന്റെ നേതൃത്വത്തിൽ ബാംഗ്ലൂരിൽ നിന്നാണ്. 1934ൽ സി. വി. രാമന് ഭൗതിക ശാസ്ത്ര നോബേൽ സമ്മാനം ലഭിച്ചു. 1935ൽ സി. വി. രാമന്റെ നേതൃത്വത്തിൽ ബാംഗ്ലൂരിൽ ഇന്ത്യൻ സയന്റിഫിക് അക്കാഡമി രൂപീകൃതമായി.

സി. വി. രാമന്റെ ക്ഷണം സ്വീകരിച്ച് 1935ൽ തന്നെ ഇന്ത്യയിലെ ആദ്യ സസ്യ ശാസ്ത്രജ്ഞ ഡോ: ഇ കെ. ജാനകി അമ്മാൾ അംഗമായി. എന്നാൽ ഈ പ്രഗത്ഭനായ ശാസ്ത്രജ്ഞന്റെ കീഴിൽ അധികം പെൺകുട്ടികൾ പഠിക്കാനെത്തിയിട്ടില്ല എന്നതും, എത്തിയവർക്ക് അത്ര നല്ല അനുഭവം ആയിരുന്നില്ല എന്നതും ഇക്കാര്യം നന്നായി പഠിച്ച 'ആഭാസൂർ' പറഞ്ഞിരുന്നു.

സി. വി. രാമന്റെ ആദ്യ വിദ്യാർത്ഥിനി ലളിത ആയിരുന്നു. രാമന്റെ ജ്യേഷ്ഠ പുത്രനും നോബേൽ ജേതാവുമായിരുന്ന ചന്ദ്രശേഖർ ലളിതയെ വിവാഹം ചെയ്ത് ലളിതാ ചന്ദ്രശേഖർ ആയി.

രണ്ടാമത്തെ വിദ്യാർത്ഥിനി മഹാരാഷ്ട്രയിലെ കൊങ്ങിണി ബ്രാഹ്മണ കുടുംബത്തിലെ സുനന്ദഭായിയും, മൂന്നാമത്തേത് കേരളത്തിലെ പീരുമേട്ടിൽ, 'മോഡയിൽ' കുടുംബാംഗമായ അന്നാ മാണിയും ആയിരുന്നു. വർഷങ്ങളെടുത്ത് രാമന്റെ കീഴിൽ മികവോടെ ഗവേഷണം നടത്തിയിട്ടും ചില സാങ്കേതികത്വങ്ങൾ ചൂണ്ടിക്കാട്ടി സുനന്ദയ്ക്കും അന്നാ മാണിയ്ക്കും മദ്രാസ് സർവ്വകലാശാല പി. എച്ച്. ഡി. നിഷേധിച്ചു. രാമൻ ചെറിയ ഒരു ഇടപെടൽ നടത്തിയിരുന്നു എങ്കിൽ അവർക്ക് പി. എച്ച്. ഡി കിട്ടുമായിരുന്നു എന്ന് ആഭാസൂർ പറഞ്ഞിരുന്നു. എന്നാൽ സ്വീഡനിൽ പോസ്റ്റ് ഡോക്ടറൽ പഠനത്തിന് പോകാൻ തയ്യാറായി നിന്ന സുനന്ദാഭായി ജീവനൊടുക്കുകയാണ് ചെയ്തത്. എന്തുകൊണ്ടത് സംഭവിച്ചു എന്ന കാര്യം ഇന്നും നിഗൂഢമായി അവശേഷിക്കുന്നു.

പി. എച്ച്. ഡി. കിട്ടിയില്ലെങ്കിലും അന്നാ മാണി ഇംഗ്ലണ്ടിൽ പോയി കാലാവസ്ഥാ ഉപകരണങ്ങളെ കുറിച്ച് പഠിച്ച് ഇന്ത്യയിൽ വന്ന് നൂറിലേറെ ഉപകരണങ്ങൾ രൂപകല്പന ചെയ്ത് സ്വതന്ത്ര ഇന്ത്യയെ കാലാവസ്ഥാ നിരീക്ഷണത്തിന്റെ കാര്യത്തിൽ ലോകത്തിനു മുൻപിൽ തല ഉയർത്തി നില്ക്കാൻ സഹായിച്ച ഗവേഷകയാണ് അന്നാ മാണി. ഇതു പറയുമ്പോൾ ഇന്ത്യയുടെ മിസൈൽ ലേഡി എന്നറിയപ്പെടുന്ന ടെസ്സി തോമസിന്റെ വളർച്ചയിൽ ബഹുമാന്യനായ നമ്മുടെ ഐ. എസ്. ആർ. ഒ. ചെയർമാൻ ശ്രീ. അബ്ദുൽ കലാം എന്ന മഹത് വ്യക്തിയുടെ അളവറ്റ സഹായവും ഉത്തേജനവും കൊണ്ടാണ് ആദ്യം മിസൈൽ ഒന്നിൽ പരാജയപ്പെട്ട ടെസ്സിയെ മിസൈൽ

ലേഡിയാക്കി തീർത്തത്. അതിൽ നിസ്സീമമായ കടപ്പാടാണ് അവർക്ക് അദ്ദേഹത്തോടുള്ളത്.

സൊണാലി ഗാർഗ് എന്ന പെൺകുട്ടി ഉത്തർപ്രദേശിലെ ഒരു സാധാരണ കുടുംബത്തിൽ നിരക്ഷരരായ മാതാപിതാക്കളുടെ മകളാണ്. കുടുംബപരമായി ബെഡ്ഷീറ്റ് നിർമ്മാണത്തിലൂടെ കയറ്റുമതിയിൽ പ്രശസ്തരാണെങ്കിലും സൊണാലിയുടെ ഗതി ഈ തരത്തിലായിരുന്നു. കേരളത്തിന്റെ പശ്ചിമ ഘട്ട പർവ്വതങ്ങളിൽ മുഴുവൻ അലഞ്ഞുതിരിഞ്ഞ് 34 തരത്തിലുള്ള തവളകളിലൂടെ പഠനം നടത്തിയാണ് ആ പെൺകുട്ടി ഗവേഷണം നടത്തി പി. എച്ച്. ഡി. എടുത്തത്.

ശാസ്ത്രരംഗത്തെ വിവേചനം അറിയണമെങ്കിൽ നോബേൽ നേടിയ കണക്കുകൾ പരിശോധിക്കണം. 1901ൽ ആണ് നോബേൽ പുരസ്ക്കാരം പ്രഖ്യാപിച്ചുതുടങ്ങിയത്. അന്ന് മുതൽ 2019 വരെ മെഡിക്കൽ രംഗത്ത് നോബേൽ നേടിയ പുരുഷ ശാസ്ത്രജ്ഞർ 207. ഈ രംഗത്ത് സ്ത്രീകൾ വെറും 12. രസതന്ത്രത്തിൽ 179 പുരുഷന്മാരും സ്ത്രീകൾ വെറും 5 പേരും, ഭൗതിക ശാസ്ത്രത്തിൽ 149 പുരുഷന്മാരും ശാസ്ത്രജ്ഞകൾ 3 പേരുമാണ്.

ഇതിനോടകം ഏകദേശം പുരുഷന്മാർ 505 ഉം സ്ത്രീകൾ 20 മാണ് നോബേൽ പുരസ്കാരം നേടിയത്. പുരുഷന്മാർ ശാസ്ത്ര ഗവേഷണം നടത്തിയത് നാടൻ ഭാഷയിൽ പറഞ്ഞാൽ അടയിരുന്നാണ്. എന്നാൽ സ്ത്രീകളോ, അവരുടെ കുടുംബത്തിന്റേയും, മക്കളുടേയും, മറ്റെല്ലാ സംവിധാനങ്ങളുടേയും ഉത്തരവാദിത്വത്തിൽ നിന്നുകൊണ്ടാണ്.

ശാസ്ത്രരംഗത്തെ ലിംഗ വിവേചനം അന്താരാഷ്ട്രതലത്തിലും മറിച്ചല്ല. ലോക പ്രശസ്ത സ്ഥാപനമാണ് 1660ൽ നിലവിൽ വന്ന ലണ്ടനിലെ റോയൽ സൊസൈറ്റി. ആ സ്ഥാപനത്തിൽ ഒരു ഫെലോ ആയി ഒരു ശാസ്ത്രജ്ഞ എത്തിയത് 360 വർഷം കഴിഞ്ഞ് 1945ൽ മാത്രമാണ്.

1863ൽ അമേരിക്കയിൽ തുടങ്ങിയ നാഷണൽ അക്കാഡമി ഓഫ് സയൻസിൽ സ്ത്രീകൾക്ക് പ്രവേശനം ലഭിച്ചത് 1925 ലും.

ആൺതുണ വേണ്ട ടെക്നോളജി മതിയെന്ന് ഇന്നത്തെ പെൺകുട്ടികൾ പറയുന്നുണ്ടെങ്കിലും നമ്മുടെ നാടിന്റേയും രാജ്യത്തിന്റേയും നിലനില്പ് നല്ല കുടുംബങ്ങളുടെ കെട്ടുറപ്പ് തന്നെയെന്നു വിശ്വസിക്കുന്ന വ്യക്തിയാണ് ഞാൻ.

**സാമ്പത്തിക രംഗത്തെ ചക്രം തിരിക്കുന്നവർ**

1. ഗീതാ ഗോപിനാഥ്:- അന്താരാഷ്ട്ര നാണ്യനിധിയിൽ (ഐ. എം. എഫിൽ) മുഖ്യ സാമ്പത്തിക വിഭാഗം, ഹാർവാർഡ് സർവ്വകലാശാലയിലെ പ്രൊഫസർ, മലയാളി.
2. നിർമ്മലാ സീതാരാമൻ:- ഇന്ത്യൻ ധനമന്ത്രി, മുൻ മന്ത്രിസഭയിൽ രാജ്യത്തെ പൂർണ്ണസമയ പ്രതിരോധ മന്ത്രി.
3. ക്രിസ്റ്റലീന ജോർജിയേവ:- അന്താരാഷ്ട്ര നാണ്യനിധിയുടെ (ഐ. എം. എഫ്.) മാനേജിംഗ് ഡയറക്ടർ, ബൾഗേറിയൻ സ്വദേശി.
4. കാറ്റി നോക്സ്:- ബഹുരാഷ്ട്ര ഇൻവെസ്റ്റ് ബാങ്ക് ഓഫ് അമേരിക്കയുടെ പ്രസിഡന്റ്.
5. ക്രിസ്റ്റീൻ ലഗാർദ്ദേ:- അഭിഭാഷക, 2011 മുതൽ 2019 വരെ ഐ. എം. എഫ് മാനേജിംഗ് ഡയറക്ടർ, യൂറോപ്പ്യൻ സെൻട്രൽ ബാങ്ക് പ്രസിഡന്റ്. ഫ്രാൻസ് ആണ് ജന്മനാട്.
6. അൻഷുലാ കാന്ത്:- ലോക ബാങ്ക് മാനേജിംഗ് ഡയറക്ടർ, പ്രസിഡന്റ്, ചീഫ് ഫിനാൻഷ്യൽ ഓഫീസർ, എസ്. ബി. ഐ. മുൻ മാനേജിംഗ് ഡയറക്ടർ. ജന്മദേശം ഇന്ത്യ.
7. റാനിയ നഷാർ:- സൗദിയിലെ വാണിജ്യ ബാങ്കിന്റെ തലപ്പത്തെത്തിയ സാംബ ഫിനാൻഷ്യൽ ഗ്രൂപ്പ് ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ.

**ലോകത്തിന് മാതൃക**

1. കെ. കെ. ശൈലജ:- കേരളത്തിൽ ആരോഗ്യരംഗത്ത് സമ്പുഷ്ടമായ മാതൃക, അവസരോചിതമായി കൈകാര്യം ചെയ്ത് പകർച്ചവ്യാധികളായ നിപ, സിക്ക, കൊറോണ തുടങ്ങിയവയെ ഫലപ്രദമായ രീതിയിൽ കൈകാര്യം ചെയ്തത് സ്തുത്യർഹമായ തരത്തിലാണ്.
2. ജസിൻഡ അർഡേൺ:- ലോകത്തെ ഏറ്റവും പ്രായം കുറഞ്ഞ പ്രധാനമന്ത്രി. 2017ൽ അധികാരം ഏറ്റ ശേഷം ക്രൈസ്റ്റ് ചർച്ച് ഭീകരാക്രമണത്തിൽ ജനങ്ങൾക്ക് ആത്മവിശ്വാസവും ധൈര്യവും സമാധാനവും കൊടുത്ത് ലോകശ്രദ്ധ നേടി.
3. ആംഗേല മെർക്കൽ :- 2000 മുതൽ 2018 വരെ ഭരണകക്ഷിയായ ക്രിസ്ത്യൻ ഡെമോക്രാറ്റിക് യൂണിയൻ നേതാവ്. 2005 മുതൽ ജർമ്മിനിയുടെ ചാൻസലർ.
4. ഉർസുല വൊൺ ഡെർ ലെയൻ :- 2005 മുതൽ ആംഗേല മെർക്കൽ മന്ത്രിസഭയിൽ പ്രതിരോധം, തൊഴിൽ, സാമൂഹ്യക്ഷേമം. വനിത, കുടുംബ ക്ഷേമ വകുപ്പുകൾ, യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ്.
5. നാൻസി പെലോസി:- യു. എസ്. ജനപ്രതിനിധി, സഭാസ്പീക്കർ, ഡെമോക്രാറ്റിക് പാർട്ടി നേതാവ്. ട്രംപിന്റെ നയ പ്രഖ്യാപന പ്രസംഗം പെലോസി കീറി എറിഞ്ഞ് വാർത്തകൾ സൃഷ്ടിച്ചിരുന്നു.
6. പ്രീതി പട്ടേൽ:- ബ്രിട്ടീഷ് ആഭ്യന്തരമന്ത്രി, ആഭ്യന്തര സെക്രട്ടറിയാകുന്ന ഇന്ത്യൻ വംശജ. 2016-2017 ൽ വികസനമന്ത്രി. കുടിയേറ്റ പരിഷ്കാരങ്ങൾ നടപ്പാക്കി.
7. ആമിന മുഹമ്മദ്:- യു. എൻ. അണ്ടർ സെക്രട്ടറി ജനറലായിരുന്നു, നയതന്ത്രജ്ഞ. ഐക്യ രാഷ്ട്രസഭ ഡെപ്യൂട്ടി സെക്രട്ടറി ജനറൽ.
8. മേരി ബാറാ:- യു. എസ്സിലെ ഏറ്റവും വലിയ വാഹന നിർമ്മാതാക്കളായ ജനറൽ മോട്ടോഴ്സിന്റെ ചീഫ് എക്സിക്യൂട്ടിവും 2018ലെ ഹോബ്സ് മാസികയുടെ ശക്തയായ വനിതയും.
9. ഇവാൻക ട്രംപ്:- യു. എസ്. പ്രസിഡന്റ് ട്രംപിന്റെ മക ളും വൈറ്റ് ഹൗസിലെ മുതിർന്ന ഉപദേഷ്ടാവും ട്രംപ് പ്രസിഡന്റാകുന്നതിന് മുൻപ് ട്രംപ് ഓർഗനൈസേഷന്റെ വികസന കാര്യ മേധാവിയുമായിരുന്നു.
10. ഓപ്ര വിൻഫ്രി:- പ്രശസ്ത മാദ്ധ്യമ പ്രവർത്തകയും, അവതാരക, നടി, സാമൂഹ്യ പ്രവർത്തകയും, 1986ൽ ആ രംഭിച്ച ഓപ്ര വിൻഫ്രി

ഷോ 15 വർഷം അമേരിക്കൻ ടെലിവിഷനിൽ ചരിത്രം കുറിച്ചു. കുട്ടിക്കാലത്ത് പീഡനത്തിന് വിധേയയാകേണ്ടി വന്നിരുന്നു, ഹൈസ്കൂൾ കാലത്ത് റേഡിയോയിൽ അവസരം ലഭിച്ചതോടെയാണ് ഓപ്രയുടെ ജീവിതത്തിന് വഴിത്തിരിവായത്.

11. ടെയ്ലർ സ്വിഫ്റ്റ്:- അമേരിക്കൻ ഗായികയും, ഗാന രചയിതാവും ഗ്രാമി പുരസ്ക്കാരം നേടിയ ഏറ്റവും പ്രായം കുറഞ്ഞ വനിതയുമാണ്.

12. ഷെറിൽ സാന്റ്ബെർഗ്ഗ്:- ഫെയ്സ് ബുക്ക് ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ, എഴുത്തുകാരിയും ശതകോടീശ്വരിയും, ഫെയ്സ് ബുക്കിനെ 400 കോടി നഷ്ടത്തിൽ നിന്ന് 163 കോടി ലാഭത്തിലെത്തിക്കുകയും ചെയ്ത് മഹതി.

13. ഭുജിത ഹസ്സൽ:- അമേരിക്കൻ ഇന്റലിജൻസ് ഏജൻസിയായ സെൻട്രൽ ഇന്റലിജൻസ് (സി. ഐ. എ) തലപ്പത്തെത്തുന്ന ആദ്യ വനിത.

14. ഗ്രെറ്റ തുൻബെർഗ്:- സ്വീഡിഷ് കാലാവസ്ഥാ പ്രവർത്തക. 17 വയസ്സ്. കാലാവസ്ഥാ സംരക്ഷണത്തിനായി നടപടി എടുക്കണമെന്നാവശ്യപ്പെട്ട് 2018ൽ സ്വീഡീഷ് പാർലമെന്റിനു മുൻപിൽ നടത്തിയ സമരത്തിലൂടെ ലോക ശ്രദ്ധ നേടി.

15. നവോമി ഒസാക:- ഗ്രാൻസ്ലാം ടെന്നീസ് കിരീടം നേടിയ ആദ്യ ഏഷ്യൻ വനിതയാണ് ജപ്പാൻകാരിയായ നവോമി. 2018ൽ യു. എസ്. ഓപ്പണിലും, 2019ൽ ഓസ്ട്രേലിയ ഓപ്പണിലും കിരീടം നേടി ലോക ഒന്നാം നമ്പർ താരമാകുന്ന ആദ്യ ഏഷ്യക്കാരി.

16. സെറീന വില്ല്യംസ്:- ഏറ്റവും കൂടുതൽ ഗ്രാൻസ്ലാം കിരീടം ചൂടിയ രണ്ടാം നമ്പർ താരം. സെറീന 23 കിരീടമാണ് നേടിയത്.

17. സൂര്യ ബെഹ്റ:- യു. എസിലെ ജനറൽ മോട്ടോഴ്സിന്റെ ചീഫ് ഫിനാൻഷ്യൽ ഓഫീസർ. 41 കാരിയായ സൂര്യ 2004ൽ ആണ് ജി. എം. മോട്ടോർസിൽ ചേർന്നത്. ചെന്നൈ സ്വദേശി.

18. ഇന്ദ്ര നൂയി:- പെപ്സിക്കോയുടെ മുൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, 2014 മുതൽ ഫോബ്സിന്റെ ശക്തരായ 100 സ്ത്രീകളുടെ പട്ടികയിൽ തുടർച്ചയായി ഇടം നേടി. ചെന്നൈ സ്വദേശി.

19. സ്കാർലെറ്റ് യോഹാൻസെൻ:- ലോകത്ത് ഏറ്റവും കൂടുതൽ പ്രതിഫലം വാങ്ങുന്ന നടി. ഒരു സിനിമയ്ക്ക് 400 കോടി. 2020ൽ ഓസ്കാർ നോമിനേഷൻ ലഭിച്ചു.


20. ഷമ്മ സുഹൈൽ ഫാരീസ് അൽ മസ്രുയി:- യു. എ. ഇ.യിലെ യുവജനക്ഷേമ മന്ത്രി. 2016ൽ ഷമ്മ ബിൽക്ക് സുഹൈൽ 23ാം വയസ്സിൽ മന്ത്രിയാകുന്നു. ലോക ചരിത്രത്തിൽ ഏറ്റവും പ്രായം കുറഞ്ഞ വനിതാമന്ത്രി.

21. രാജ്കുമാരി അമൃത് കൗർ : വിശ്വവിഖ്യാതയായ വനിതയാണ്.

ഇതാണ് നമ്മുടെ പ്രിയപ്പെട്ട വനിതകളുടെ സ്ഥിതി. എങ്കിലും ഇതംഗീകരിച്ചു കിട്ടുക എന്നത് ഇന്നും ഒരു മരീചികയായി തുടരുകയാണ്. •

■ കവിത

# പ്രതീക്ഷ



**മോഹൻദാസ് പറളി**
9446077208

ഒരു മഹാമാരി വന്നെത്തിയിന്നീ
ലോകമാകെയും കീഴടക്കുന്നിതാ
എത്രകാലംവേണ്ടി വന്നേയ്ക്കുമൊന്നീ
ശത്രുവിനെ തുരത്തിയോടിയ്ക്കുവാൻ
വമ്പു കാട്ടുന്ന രാജ്യങ്ങളത്രയും
കൊമ്പുകുത്തി കിടപ്പിതാ നിശ്ചലം
വീമ്പിളക്കി രസിച്ചവരിന്നഹോ
അൻപുകിട്ടുവാൻ യാചിപ്പു ചുറ്റിലും
മരണമെത്രനടപ്പൂ നാൾക്കുനാൾ
കൊറോണയെന്നുള്ളീ വൈറസ്സിനാൽ
മാനവരാശിയൊന്നൊഴിയാതെയി
ന്നനുനിമിഷം ഭീതിയിലാഴ്ന്നിതാ
പണ്ഡിതരില്ല പാമരന്മാരില്ല
പണക്കാരും പാവപ്പെട്ടോരുമില്ല
വർണ്ണങ്ങളോ മതമാത്സര്യങ്ങളോ
വകഭേദമൊന്നും കൊറോണയ്ക്കതില്ല
മാരക വിഷം ചീറ്റി വന്നെത്തിടും
കരാള സർപ്പത്തെയാട്ടിയോടിച്ചിടാം
ജാഗ്രതയാർന്നിരുന്നിടാം നമ്മൾക്കാ
മാർഗ്ഗമല്ലാതെ മറ്റെന്തു ചൊല്ലിടാം
കൂട്ടുമില്ല കൂട്ടം കൂടലുമില്ല
കൂട്ടിനുള്ളിലിരിപ്പാണു കൂട്ടരെ
പേടി വേണം വേണ്ടെന്നു ചൊൽകിലുമാ
പിടികൊടുക്കാതകറ്റി നിർത്തീടാം
ആകുലത പൂണ്ടും കർമ്മങ്ങൾ ചെയ്യും
ആതുരശുശ്രൂഷകരെ നാം വാഴ്ത്താം
ഐക്യമായ് നില്ക്കാം പരിശ്രമം ചെയ്യാം
ലോകാ സമസ്താ സുഖിനോ ഭവന്തു
ശുചിത്വ ബോധങ്ങളേറെ വളർത്താം
വചസ്സുകൊണ്ടാത്മബന്ധവും തീർക്കാം
എത്ര പ്രളയം മഹാദുരന്തങ്ങൾ
ഒത്തുതോല്പിച്ചുയിർത്തവരല്ലെ നാം.

■ കവിത

# കുരുതിക്കളം



**പി. കെ. ബാലകൃഷ്ണൻ**
9645271594

രോദനം പെരുകുന്നു പാരിൽ നിത്യവും
ഞെട്ടി വിറയ്ക്കുന്നു മാനവർ കൂട്ടമായ്
സമാധാനമെല്ലാം കാറ്റിൽ പറക്കുന്നു
കൊറോണയെന്നൊരു മഹാമാരിയിൽ
മർത്യന്റെയടങ്ങാത്ത ഇംഗിതമെല്ലാം
സ്വപ്നത്തിൻ മാത്രമായടങ്ങുന്നിതാ
എന്തെല്ലാം സ്വപ്നങ്ങളെന്തെല്ലാമാശകളെ-
ല്ലാം പൊലിഞ്ഞുപോകുന്നുയീ മഹാവ്യാധിയിൽ.
ധനികനും ദരിദ്രനും സമതുല്യരായ് പാരിൽ
മർത്യ ജീവനെടുക്കുമീ മഹാമാരിയിൽ
എന്നറുതിവരുമീ മഹാമാരി ധരിത്രിയിൽ
ലോകർക്ക് മോചനം നേടുവാൻ
സമാധാനം പുലരുവാൻ.

# ഇന്ത്യയുടെ സ്വന്തം ഗ്രാൻഡ് കനിയോൻ



**ഡോ സുനീത് മാത്യു**
**09486382600**

**അ**മേരിക്കൻ ഐക്യനാടുകളിൽപ്പെടുന്ന അതിഗംഭീരമായ ഒരു വിനോദ സഞ്ചാര കേന്ദ്രമുണ്ട്. ഗ്രാൻഡ് കനിയോൻ എന്ന ഗർത്തമാണത്. വെള്ളകുത്തൊഴുക്കിൽ രൂപപ്പെടുന്ന അഗാധ ഗർത്തങ്ങളെയാണ് സാധാരണയായി കനിയോൻ (Canyon) എന്ന വാക്കുകൊണ്ട് ഉദ്ദേശിക്കുന്നത്. കൊളറാഡോ എന്ന നദിയാണ് അവിടെ ഈ അഗാധ ഗർത്തം ഉണ്ടാക്കിയിരിക്കുന്നത്. നാനൂറ്റി അൻപതോളം കിലോമീറ്റർ നീളവും മുപ്പതു കിലോമീറ്ററോളം വീതിയും രണ്ടു കിലോമീറ്ററോളം ആഴവുമുള്ളതാണീ ഗർത്തം. ഇതിന്റെ രൂപീകരണത്തിന് ഏകദേശം ഇരുന്നൂറു കോടി വർഷങ്ങൾ എടുത്തിട്ടുണ്ടാകുമെന്നാണ് കരുതപ്പെടുന്നത്.

ഇതത്രയും ഞാൻ വായിച്ച അറിവുകൾ മാത്രം. ഒരിക്കലെങ്കിലും അത് നേരിട്ടു കാണണമെന്ന ആഗ്രഹമുണ്ടെന്നതല്ലാതെ, ഇതുവരെയും അതിനു കഴിഞ്ഞിട്ടില്ല. ഇപ്പോൾ ഇതിനെക്കുറിച്ച് ഇവിടെ എഴുതുവാൻ ഒരു കാരണമുണ്ട്. നമുക്കുമുണ്ട് ഇത്തരമൊരു കനിയോൻ. അത് സന്ദർശിക്കുവാനുള്ള ഭാഗ്യം ഞങ്ങൾക്കുണ്ടായി. നാല് വർഷങ്ങൾക്കു മുൻപ് ഒരു ക്രിസ്തുമസ് അവധിക്കാലത്താണ് ഞങ്ങൾ അവിടം സന്ദർശിക്കുന്നത്.

ആന്ധ്രാപ്രദേശിലെ കടപ്പ ജില്ലയിലെ ഒരു ഗ്രാമമാണ് ഗാന്ധിക്കോട്ട. അവിടെ ഒരു കോട്ടയുണ്ട്. അതിനോട് ചേർന്നാണ് ഇന്ത്യയുടെ ഗ്രാൻഡ് കനിയോൻ എന്നറിയപ്പെടുന്ന ഗാന്ധിക്കോട്ട കനിയോൻ ഉള്ളത്. അരിസോണിയയിൽ കൊളറാഡോ നദിയാണെങ്കിൽ ഇവിടെ പെണ്ണാറാണ് ഈ ഗർത്തം രൂപപ്പെടുത്തിയിരിക്കുന്നത്. എറാമല എന്ന പർവത നിരയെ നെടുകേ മുറിച്ചുകൊണ്ടാണ് പെണ്ണാർ ഈ ഗർത്തത്തെ നിർമ്മിച്ചിരിക്കുന്നത്. ഇന്ത്യയിൽ ഇതുപോലെ വേറെയും കനിയോനുകളുണ്ടെങ്കിലും, ഇതിനെയാണ് അരിസോണയിലേതുമായി താരതമ്മ്യപ്പെടുത്തിയിരിക്കുന്നത്. കാഴ്ചയിലുള്ള സാമ്യതകൊണ്ടാണ് ഇതിനെ ഇൻഡ്യയുടെ ഗ്രാൻഡ് കനിയോൻ എന്ന് വിളിക്കുന്നത്.

അതിമനോഹരമായ ഒരു ദൃശ്യമാണ് ഗാന്ധിക്കോട്ടയിലെ ഈ ഗർത്തം. ഗർത്തത്തിലൂടെ പെണ്ണാർ ഒഴുകുന്നത് അതി ഗംഭീരമായ ദൃശ്യവിരുന്ന്. കൽക്കൂട്ടങ്ങളിൽ ഇരുന്ന് പുറകിൽ ഗർത്തവും പെണ്ണാറുമായി ഫോട്ടോ എടുക്കുന്നതിനാണ് മിക്കവരും ഇവിടെ വരുന്നതെന്ന് തോന്നിപ്പോകും. സൂര്യോദയവും അസ്തമയവും ഇവിടത്തെ സൗന്ദര്യം പതിന്മടങ്ങു വർദ്ധിപ്പിക്കും. കൂടുതൽ പേരും അസ്തമയം കാണുവാനാണെത്തുന്നതെന്നു തോന്നുന്നു. ഞങ്ങൾ പോയ സമയത്ത് അത്ര തിരക്കില്ലായിരുന്നു. ബാംഗ്ളൂർ നിവാസികളുടെ ഒരു പ്രിയപ്പെട്ട വാരാന്ത്യ വിനോദ കേന്ദ്രം കൂടിയാണിത്. 280 കിലോമീറ്റർ ദൂരമേയുള്ളൂ ബാംഗളൂരിൽ നിന്നും ഇവിടെ വരെ. ഞാൻ മുൻലക്കങ്ങളിലൊന്നിൽ എഴുതിയിരുന്ന ബേലം ഗുഹയും ഇതിനടുത്താണ്. സന്ദർശകർ മിക്കവരും ഈ രണ്ടിടങ്ങളും ലപാക്ഷി ക്ഷേത്രവും സന്ദർശിച്ചു മടങ്ങുകയാണ് പതിവ്.

ഇവിടത്തെ മറ്റൊരു പ്രധാന ആകർഷണം ഇതിനോട് ചേർന്ന് നിലകൊള്ളുന്ന ഗാന്ധിക്കോട്ടയാണ്. വശങ്ങളിൽ ഈ ഗർത്തം നൽകുന്ന സംരക്ഷണമായിരിക്കും ഈ കോട്ട ഇവിടെ നിർമ്മിക്കുവാനുള്ള കാരണം. ഈ കോട്ടക്ക് നമ്മുടെ മഹാത്മാവുമായി ബന്ധമൊന്നുമില്ല. ഗാന്ധി എന്നാൽ തെലുങ്കിൽ താഴ്വാരം എന്നാണത്രേ അർത്ഥം. താഴ്വാരത്തിലെ കോട്ട, ഗാന്ധിക്കോട്ടയായി മാറി.

1123 ൽ കാക രാജ എന്നൊ





രു നാട്ടുരാജാവ് പണികഴിപ്പിച്ചതാണീ കോട്ട. പിന്നീട് പല സാമ്രാജ്യങ്ങളുടെയും ശക്തി കേന്ദ്രമായി പ്രവർത്തിച്ച ചരിത്രമാണ് ഈ കോട്ടയ്ക്കുള്ളത്. ചാലൂക്യ, ഖിൽജി രാജവംശങ്ങളുടേയും, ഗോൽക്കൊണ്ട സുൽത്താന്മാരുടേയുമെല്ലാം ഭരണങ്ങൾക്കു വിധേയമായിട്ടുണ്ട് ഈ കോട്ട. പെമ്മസാനി സാമ്രാജ്യം മുന്നൂറു വർഷങ്ങളോളം തലസ്ഥാനമാക്കി ഭരിച്ച ഒരു പ്രദേശവുമാണിത്. ഈ പ്രദേശത്തിനും കോട്ടയ്ക്കും ആന്ധ്രയുടെ ചരിത്രത്തിലും പുരോഗതിയിലും വലിയ സ്വാധീനമാണുള്ളത്. ആദ്യമായി നിർമ്മിക്കുമ്പോൾ മണലുപയോഗിച്ചതായിരുന്നു ഈ കോട്ട നിർമ്മിച്ചിരുന്നത്. പിന്നീട് സുൽത്താന്മാരുടെ ഭരണശാലത്ത് ഇതിന് ഏറെ മാറ്റങ്ങളുണ്ടായി. ഇന്ന് കാണുന്ന കോട്ടയുടെ ഭാഗങ്ങൾ കാലക്രമങ്ങളിൽ പുതുക്കി നിർമ്മിക്കപ്പെട്ടവയാണ്.

ഇതിനുള്ളിൽ മനോഹരമായ ഒരു മസ്ജിദ് ഉണ്ട്. ജാമിയ മസ്ജിദ് എന്നാണിതിന്റെ പേര്. രണ്ടു ക്ഷേത്രങ്ങളും ഇതിനുള്ളിലുണ്ട്. രഘുനാഥസ്വാമി ക്ഷേത്രം മസ്ജിദിനോട് അടുത്തായിട്ടാണ് സ്ഥിതി ചെയ്യുന്നത്. അനേകം തൂണുകളുള്ള ഒരു മണ്ഡപം മാത്രമേ ഇപ്പോൾ ഉള്ളൂ. ഉള്ളിൽ വിഗ്രഹങ്ങളൊന്നും തന്നെയില്ല. ചുവന്ന ഗ്രാനൈറ്റ് കല്ലുകൾ ഉപയോഗിച്ചതാണ് നിർമ്മിതി. മാധവരായ ക്ഷേത്രമാണ് മറ്റൊന്ന്. വിജയനഗര സാമ്രാജ്യഭരണകാലത്തായിരിക്കണം ഈ ക്ഷേത്രം നിർമ്മിച്ചിട്ടുണ്ടാവുക. ഭഗവാൻ വിഷ്ണുവാണ് മാധവരായർ. കോട്ടയുടെ കവാടമാണ് ഇന്നും കേടുകൂടാതെ നിലനിൽക്കുന്ന ഒരു മഹാനിർമ്മിതി. ചാർമിനാറിനോട് രൂപ സാദൃശ്യമുള്ള ഒരു നിർമ്മിതിയുണ്ട്. അത് നിരീക്ഷണ ഗോപുരമായോ, പ്രാവു വളർത്തൽ കെട്ടിടമായോ നിർമ്മിച്ചതായിരിക്കണം. പ്രൗഢ നഗരത്തിന്റെ മിക്ക ഭാഗങ്ങളും ഇന്ന് തകർന്നടിഞ്ഞിരിക്കുന്നു. ഇപ്പോൾ നിലനിൽക്കുന്ന ഭാഗങ്ങൾ തന്നെ, ഈ കോട്ടയുടെ പ്രൗഢി വിളിച്ചറിയിക്കുന്നതാണ്.

കടപ്പക്കല്ലുകളുടെ നാട്ടിലൂടെയുള്ള യാത്രയും രസകരമാണ്. പൊട്ടിയ കല്ലുകൾ അടുക്കിവച്ച് വീടുകൾക്ക് മതിലുണ്ടാക്കുന്നവരേയും, വീടുകൾ തന്നെയുണ്ടാക്കുന്നവരേയും ഇവിടത്തെ ഗ്രാമങ്ങളിൽ കാണാം. കടപ്പ പൊതുവേ ചൂട് കൂടിയ ഒരു സ്ഥലമായതുകൊണ്ട് തന്നെ, ഒക്ടോബർ മുതൽ ഫെബ്രുവരി വരെയുള്ള മാസങ്ങൾ ആയിരിക്കും ഗാന്ധിക്കോട്ട സന്ദർശിക്കുവാൻ ഏറ്റവും അനുയോജ്യം. ഒരിക്കലെങ്കിലും ഒരു യാത്രികൻ കണ്ടിരിക്കേണ്ട ഒരു സ്ഥലം തന്നെയാണിത്. ഇത് വേണ്ട രീതിയിൽ സംരക്ഷിക്കുന്നതിന് സർക്കാർ വേണ്ടത്ര താൽപ്പര്യം കാണിക്കുന്നില്ല എന്നെനിക്കു തോന്നുന്നു. ഇത്തരം വിനോദ സഞ്ചാര കേന്ദ്രങ്ങളാണ് യഥാർത്ഥത്തിൽ നമ്മൾ വളർത്തിയെടുക്കേണ്ടത്.

■ കവിത

# കൊറോണ എന്ന കൊർണ

**രാജഗോപാലൻ നായർ**
**9605286941**

കൊന്നു മലകളെ,
മാമര വൃന്ദങ്ങളെ
ല്ലാം മുടിച്ചു, നശിച്ചിതെല്ലാടവും
തണ്ണീർ തടങ്ങളരുവികളൊന്നുമേ
കാൺമതിന്നായില്ലൊരേടമിപ്പോൾ
വെള്ളിക്കൊലുസ്സണിഞ്ഞു-
ല്ലസിച്ചീടുന്ന
കാട്ടുപൂഞ്ചോലകളെങ്ങോ
മറഞ്ഞുപോയ്
അമ്മ
നൽകീടുന്നൊരമൃതുനുകരുവാ-
നാർത്ഥരായ് നീളെ
നോക്കീടുന്ന മക്കളെ
ഇല്ല, വരില്ലിനിയെല്ലാം നശിപ്പിച്ചി-
താർത്തി പൂണ്ടുള്ളൊരീ
മർത്യവൃന്ദം
സ്വന്തം വിശപ്പടങ്ങീടുകിൽ
മർത്യനോ
ലോകത്തെ വെല്ലാൻ
തുനിഞ്ഞുനടക്കുന്നു
ഊഴിയിലുള്ളോരുരഗമെന്നാകിലും
പക്ഷി, മൃഗാദിയാം
ജീവികളാകിലും
ഇപ്രപഞ്ചത്തിന്നരുമയാം മക്കളെ
നിങ്ങൾക്കുമില്ലൊരഭയമൊരേടവും
ആഴികളേറെയായ്
ശോഷിച്ചിടുന്നിതാ
വില്ലകളേറെയുയർന്നു
പൊങ്ങീടുന്നു
ഈ ലോകഗോളമാമ്മതൻ
മക്കൾക്ക-
വകാശമുള്ളതാണീ ജീവഗോളവും
എല്ലാം സഹിച്ചിതിന്നെന്നാകിലും
തെല്ലും കനിഞ്ഞീല,
മർത്യരാം മക്കളും
ഏറെ ദുഃഖത്തോടെറിഞ്ഞിതൊരു
'വിത്തു'വന്നു മുളച്ചു,
പടർന്നു കൊറോണയായ്
എല്ലാം മറക്കാം, നമിക്കാം
പ്രകൃതിതൻ ലാളനമേറ്റു
വളരാം നമുക്കിനി
വേണ്ടാ
കുശുമ്പുകളഹംഭാവചിന്തകൾ
വേണ്ടാദുരാഗ്രഹചിന്തകളൊട്ടുമേ
പോകാം നമുക്ക് തിരിച്ചുനടന്നിടാം
അമ്മതൻ പാദം നമിച്ചു
വളർന്നിടാം !

*(കടപ്പാട് - ശ്രീ. കാനായി കുഞ്ഞിരാമൻ, മാതൃഭൂമി ദിനപ്പത്രം 10-06-2020)*

# നന്മയുടെ പാതയിലൂടെ...



കെ.ആർ.സന്തോഷ്
9061943540.

ആദ്യമേ പറയട്ടെ ഇതൊരു കഥയല്ല. ജീവിതാനുഭവങ്ങളിലെ ചെറിയ ഒരു വെളിപ്പെടുത്തൽ മാത്രം. ഇത് വായിച്ചു കഴിയുമ്പോൾ ആരുടെയെങ്കിലും മനസ്സിൽ നന്മയുടെ ഒരു തരി വെളിച്ചം ഉണ്ടായാൽ ഞാൻ ഈ എഴുതിയതിന് ഫലം ഉണ്ടായി എന്നുവേണം കരുതാൻ. അന്നൊരു മെയ് മാസത്തിലെ അവസാന ദിനം ആയിരുന്നു. ഞാനും, എന്റെ അടുത്ത രണ്ട് സുഹൃത്തുക്കളും ഒരുമിച്ച് ഒരു യാത്രയിലായിരുന്നു.

രണ്ടു സുഹൃത്തുക്കളിൽ ഒരാളിന്റെ കാറിൽ ആയിരുന്നു യാത്ര. മറ്റൊന്നും അപ്പോൾ മനസ്സിലുണ്ടായിരുന്നില്ല. എത്രയും പെട്ടെന്ന് തന്നെ ജീവൻ നിലനിർത്താനുള്ള ആ ഇൻജക്ഷൻ ആ രോഗിയുടെ അടുത്ത് എത്തിക്കുക. കയ്യിലിരുന്ന് തണുത്തു മരവിച്ച മരുന്ന് കവറിന് തണുപ്പു കുറയാതിരിക്കാൻ കാറിന്റെ എ.സി. അല്പം കൂടി കൂട്ടി.

മെഡിക്കൽ സ്റ്റോറിൽ നിന്നും വാങ്ങിയപ്പോൾ തന്നെ പറഞ്ഞിരുന്നു. ഒരു മണിക്കൂറിനുള്ളിൽ ഫ്രിഡ്ജിൽ സൂക്ഷിക്കണം എന്ന്. കാർ നല്ല വേഗതയിലായിരുന്നു പോയ്ക്കൊണ്ടിരുന്നത്. തടസ്സങ്ങൾ ഒന്നും മുന്നിൽ ഉണ്ടാവരുതേ എന്നു മാത്രമായിരുന്നു മനസ്സിൽ അപ്പോഴും. അപ്പോഴാണ് സുഹൃത്തുക്കളിൽ ഒരാളിന്റെ ഫോണിലേക്ക് എനിക്ക് പിറന്നാൾ ആശംസകൾ നേർന്നുകൊണ്ടുള്ള സന്ദേശം വരുന്നത്.

ഇന്ന് എന്റെ പിറന്നാൾ ആണോ എന്ന് അടുത്തിരുന്ന സുഹൃത്ത് ചോദിക്കുമ്പോഴാണ് ഞാനും അങ്ങനെ ഒരു ദിവസത്തെ കുറിച്ച് ചിന്തിക്കുന്നത് തന്നെ. അങ്ങനെ ഒരു ദിവസത്തെ കുറിച്ച് ഞാനങ്ങനെ ഓർത്തു വെയ്ക്കാറില്ലായിരുന്നു.

എല്ലാം ഒരു നിമിത്തമായി വന്നു എന്നു വേണം കരുതാൻ. ഈ ഒരു ദിവസം തന്നെ ഇങ്ങനെ ഒരു നന്മയുള്ള കാര്യം ചെയ്യാൻ കഴിഞ്ഞതിൽ മനസ്സിൽ ഒരുപാട് സന്തോഷം തോന്നി. ഒരു മണിക്കൂറിനുള്ളിൽ തന്നെ ഒരു തടസ്സങ്ങളും ഉണ്ടാകാതെ ഞങ്ങൾ ആ വീട്ടിലെത്തി. മരുന്ന് കൈമാറുമ്പോൾ ആ കണ്ണുകളിൽ ജീവന്റെ തെളിച്ചം എനിക്ക് കാണാൻ പറ്റുന്നുണ്ടായിരുന്നു.

എല്ലാ കാരുണ്യ പ്രവർത്തികളിലും എന്നോടൊപ്പം ഉണ്ടായിരുന്ന ഷാനവാസിന്റെ ഫോൺ വിളിയെത്തി എനിക്ക് പിറന്നാൾ ആശംസകൾ നേരുവാനായി. ദൈവത്തിനു നന്ദി പറഞ്ഞ് ഞാനും സുഹൃത്തുക്കളായ ബിജുവും, ശ്രീകുമാറും തിരികെ യാത്രയായി അടുത്ത നന്മയുടെ പാതയിൽ ഒരുമിച്ച് കാണാം എന്നു പറഞ്ഞ്...

മേൽ പറഞ്ഞ സംഭവം മെയ് 30 ന് നടന്ന ഒരു അനുഭവം ആണ് ഇത്. അന്ന് എന്റെ പിറന്നാൾ ആയിരുന്നു. എന്റെ ഒരു സുഹൃത്ത് എന്നോട് ആവശ്യപ്പെട്ടത് അനുസരിച്ച് മരുന്ന് വാങ്ങാൻ പണമില്ലാത്തതിന്റെ പേരിൽ ബുദ്ധിമുട്ടുന്ന മാന്നാർ സ്വദേശി ആയ ഒരു ചേട്ടന്റെ ഫോൺ നമ്പർ എനിക്ക് തരുന്നത്.

നമ്പർ തന്നതിന്റെ അടുത്ത ദിവസം തന്നെ ഞാൻ ആ ചേട്ടന്റെ വീടു കണ്ടു പിടിച്ച് എത്തി. ആ ചേട്ടന്റെ 57 വയസ്സുള്ള ഭാര്യയ്ക്കായിരുന്നു അസുഖം. കിഡ്നി തകരാറിലായിരിക്കുന്നു. ജീവൻ നിലനിർത്താൻ ഡയാലിസിസ് മാത്രമാണ് മുന്നിലുള്ള ഏക വഴി.

ഡയാലിസിന് വേണ്ടുന്ന ഇൻജക്ഷന് പണമില്ല. കഴിഞ്ഞ മാസം വരെ കടം വാങ്ങിയും, ഉണ്ടായിരുന്ന കുറച്ച് സ്വർണം പണയം വച്ചും മരുന്നിനുള്ള പണം സംഘടിപ്പിച്ചു. ഇനി മരുന്നിന് ആരോടെങ്കിലും കടം വാങ്ങണം. എന്തെങ്കിലും ചെയ്യാം എന്നു പറഞ്ഞു അന്നു ഞാൻ അവിടുന്നു തിരിച്ചു പോരുന്നു. ഞാൻ എന്റെ കൂട്ടുകാരായ ബിജുവിനോടും, ശ്രീകുമാറിനോടും ഈ വിവരം പറഞ്ഞു. നമുക്ക് എന്തെങ്കിലും ചെയ്യാം. അവർ തന്ന വാക്ക് അവർ പാലിച്ചു .അങ്ങനെയാണ് യാദൃശ്ചികമായി എന്റെ പിറന്നാൾ ദിനത്തിൽ ആ മരുന്ന് അവർക്ക് എത്തിച്ചു കൊടുക്കാൻ കഴിഞ്ഞത്. നന്ദി പറയുന്നത് എപ്പോഴും ആ അദൃശ്യമായ ശക്തിക്ക് മാത്രമാണ്, അതിനെ വേണമെങ്കിൽ ദൈവം എന്ന് പേരുകൊടുത്ത് വിളിക്കാം...

ഇങ്ങനെ ഒരു പാട് ജീവിത അനുഭവങ്ങൾ മനസ്സിൽ ഉണ്ട്. ഒന്നും പകർത്തി എഴുതിവയ്ക്കാൻ കഴിഞ്ഞിട്ടില്ല. മുരളി സാർ ആവശ്യപ്പെട്ടപ്പോൾ ഈ ഒരു അനുഭവം എഴുതണം എന്നു തോന്നി. ഒരുപാട് ജീവിത അനുഭവങ്ങൾ ഇനിയും എഴുതംമെന്നുണ്ട്. സാറിന്റെ പിന്തുണയും, സ്നേഹവും ഞാൻ പ്രതീക്ഷിക്കുന്നു...

■ കവിത

## ഗജഹത്യ



തമിഴിൽ
എൻ. ലിംഗുസ്വാമി
(സംവിധായകൻ)



പരിഭാഷ
ദിനേഷ് കന്നിമാരി
9600076666

ഒടുവിലവനെ കണ്ടെത്തിയ ശേഷം
ശിക്ഷയായെന്തു നൽകാമെന്ന-
ഹോരാത്രമാലോചിച്ചൊരു
തീരുമാനത്തിലെത്തി ഞാൻ.
കൊമ്പൊന്നിനാൽ
ആനതൻബലത്തോടെ
നട്ടെല്ലിൽ കുത്തിക്കേറ്റി.
മറ്റേകൊമ്പെടുത്തടിയിലൂടെ
മുകളിൽ കേറ്റി.
എന്നിട്ടും തീർന്നില്ലെന്നമർഷം
കാരണം,
അവൻ ഗർഭം ധരിച്ചിരുന്നില്ല.

# മാനുഷികം



**ലക്ഷ്മിശ്രീ**
**8893902699**

**സ്വ**ന്തം അമ്മയെ കുളിപ്പിച്ച്, വസ്ത്രം ഉടുപ്പിച്ച് കിടക്കയിൽ കൊണ്ടുകിടത്തുന്ന മകൻ - ഈ രംഗം ഒരുപക്ഷെ മീഡിയകളിലൂടെ മനസ്സിനെ ഒരുപാട് തൊട്ടു ചിന്തിപ്പിച്ച ഒരു വാർത്തയായിരുന്നു. സ്വന്തം കുഞ്ഞിനെപ്പോലെ, അമ്മയെ പരിപാലിക്കുന്ന ഒരു മകൻ. ഇതിലും വലിയ സുകൃതം വേറെ ഒന്നുമില്ല. പക്ഷെ, ഇതിനോടൊപ്പം തന്നെ വളരെ ഞെട്ടലോടെ, കേട്ട മറ്റൊരു വാർത്തയും ഇവിടെ കുറിച്ചിടട്ടെ. അമ്മയെ നടയിൽ ഉപേക്ഷിച്ച് കടന്നുകളഞ്ഞു, അമ്മയെ പട്ടിക്കൂട്ടിൽ അടച്ചിട്ടു, അച്ഛനെ തലയ്ക്കടിച്ചു. ഈ ദാരുണ പ്രവർത്തികൾക്കുമുന്നിൽ, മനുഷ്യത്വം ലജ്ജിച്ചു തലതാഴ്ത്തുകയാണ്. എവിടെയാണ് മൂല്യച്യുതി സംഭവിക്കുന്നത് ?

ഒരു ചെറിയ കാര്യം ഇവിടെ ഓർമ്മവരികയാണ്. ഒരിക്കൽ ഒരു അദ്ധ്യാപകൻ ഒരു കുട്ടിയുടെ പഠനവിഷയവുമായി ബന്ധപ്പെട്ട വിവരങ്ങൾ പങ്കുവയ്ക്കുവാനായി ആ കുട്ടിയുടെ അച്ഛന്റെ ഫോണിൽ വിളിച്ച് വിവരങ്ങൾ മുഴുവൻ അവതരിപ്പിച്ചു. പക്ഷെ, എല്ലാം കേട്ടതിനുശേഷം, ആ അച്ഛൻ പറഞ്ഞതിങ്ങനെയാണ്. ദയവായി, ഈ കാര്യങ്ങൾ അവന്റെ അമ്മയുടെ ഫോണിൽ വിളിച്ചുപറയണം. അവളാണ് കുട്ടിയുടെ കാര്യങ്ങൾ നോക്കുന്നത്. അദ്ധ്യാപകനാകട്ടെ, ഒട്ടും മടിക്കാതെ, താമസിയാതെ അമ്മയുടെ ഫോണിൽ വിളിച്ചുകാര്യങ്ങൾ പറഞ്ഞു. പക്ഷെ ആ അമ്മയുടെ പ്രതികരണം ഇത്ര മാത്രം. അച്ഛനോടു പറയൂ, ഞാൻ സ്ഥലത്തില്ല. തീർത്തും സ്വാഭാവികമായ കാര്യങ്ങൾ. സ്വന്തം കുട്ടിയുടെ കാര്യത്തിൽ ഒട്ടും പാഴാക്കാൻ ഇല്ലാത്ത സമയപരിമിതികളോടുകൂടിയ മാതാപിതാക്കൾ. പിന്നെ ആ കുട്ടിയുടെ കാര്യത്തിൽ ആർക്കാണ് ഉത്തരവാദിത്വം.

ബുദ്ധി ഉറച്ചുതുടങ്ങുമ്പോൾ തന്നെ, അടർന്നുനീങ്ങിത്തുടങ്ങുന്ന ബന്ധങ്ങളുടെ ആഴത്തിന്, ആരാണ് ഉത്തരവാദി ? ബന്ധങ്ങളുടെ കെട്ടുറപ്പിന് വിള്ളൽ വീണുകൊണ്ടിരിക്കുന്നതിന്, ഒരേയൊരു ദൃക്സാക്ഷി, അടുത്ത തലമുറ തന്നെയല്ലെ ? ആഴ്ചയിലോ മാസത്തിലോ ഒന്നോ രണ്ടോ ദിവസം മാത്രം കണ്ടുമുട്ടുന്ന അമ്മയും അച്ഛനും. പലപ്പോഴും വീട്ടിൽ തന്നെ ഉണ്ടായിട്ടും, കംപ്യൂട്ടറിന്റേയും ഫോണിന്റേയും മുന്നിൽ അകപ്പെട്ടതുകൊണ്ട്, പരസ്പരം കാണാനോ, മിണ്ടാനോ, എന്തിന് ഒന്നു കൊഞ്ചിക്കാനോ പോലും സമയം കാണാത്ത അല്ലെങ്കിൽ കൂട്ടാക്കാത്ത എത്രയോ വീടുകൾ ഇന്ന് സജീവം. ഇത് വീടല്ല, മറിച്ച്, കുറേപേർ അല്ലെങ്കിൽ പരസ്പരം ബന്ധമില്ലാത്ത ആളുകൾ താമസിക്കുന്ന കുറച്ചു മുറികൾ. ഈ വീടുകളിൽ വിലപിടിപ്പുള്ള ഒരുപാടു വസ്തുക്കൾ, തറയിലും, ചുവരിലുമായി തൂക്കിയും, അലങ്കരിച്ചും വയ്ച്ചിട്ടുണ്ട്. ആവശ്യത്തിലേറെ, ആവശ്യമുള്ളതിനേക്കാൾ കൂടുതലുണ്ട്. പക്ഷെ, ഒരുപാട് വിലമതിക്കുന്ന സ്നേഹവും ബന്ധങ്ങളും വികാരങ്ങളും അങ്ങിനെ ജീവനുള്ള ഒരുപാട് സത്യങ്ങൾ ഇവിടെ കാണുവാൻ സാധിക്കുന്നില്ല. ഈ ശൂന്യത തന്നെയല്ലെ, ഒരുപക്ഷെ, വളർന്നു വരുന്ന തലമുറയ്ക്ക് പകർന്ന് കൊടുക്കാനുള്ള സ്വത്തായി തീരുന്നത് ?

ആർക്കും മറ്റാരേയും കാണാനോ മനസ്സിലാക്കാനോ പറ്റുന്നില്ല. ഒരുപക്ഷെ, അതിന് ശ്രമിക്കുന്നില്ല എന്നതാണ് സത്യം. ബന്ധങ്ങളുടെ വിലയറിയുന്നില്ല. ഉത്തരവാദിത്വങ്ങൾ അറിയുന്നില്ല. ഈയിടെ തമാശയായിട്ടു കാണിച്ചതാണെങ്കിൽ പോലും ഒരുപാട് ചിന്തിപ്പിച്ച ഒരു ചിത്രം ഇവിടെ കുറിച്ചിടുന്നു. നമ്മുടെ ചുറ്റുവട്ടം പോലും കാണാതെ, അറിയാതെ, ഫോണിൽ ഞെക്കി, അവസാനം വീടുമാറി കയറുന്നതും, അവിടുത്തെ വീട്ടമ്മയാവട്ടെ, ഇതുതന്നെ ആവർത്തിച്ച്, മറ്റേതോ ഒരു പുരുഷന് ചായ കൊടുക്കുന്നതും.

ശരിയാണ്. ആർക്കും ഒന്നിനും സമയമില്ല. ഏതോ ഒരു മായാലോകത്തിന്റെ മാസ്മരികതയിലാണ് ഓരോരുത്തരും ജീവിക്കുന്നത്. അച്ഛനേയോ അമ്മയേയോ നോക്കാൻ ആർക്കും സമയമില്ല. കുട്ടികളെ നോക്കാൻ സമയമില്ല. ഒരു വീടിനുള്ളിൽ ഉണ്ടെങ്കിൽ പോലും, ആർക്കും ഒന്നും മിണ്ടാൻ പോലും സമയമില്ലാതായ ജീവിതശൈലി. ഇവിടെ ബന്ധങ്ങളുടെ മൂല്യത പറഞ്ഞുകൊടുക്കേണ്ടത് ആരുടെ ഉത്തരവാദിത്വമാണ് ? ചിന്തിക്കേണ്ട ഒരു വസ്തുതയാണ്. ഈ ദ്രുത വേഗതയിൽ പായുന്ന ജീവിതത്തിനിടയിൽ, ബന്ധങ്ങളുടെ ആഴം മനസ്സിലാകാതെ പോകുന്ന തലമുറയോട് പറയാനുള്ളതെന്താണ് ? അച്ഛനും അമ്മയും പരസ്പരം സഹിച്ചും സ്നേഹിച്ചും കാണിച്ചുകൊടുക്കേണ്ട മാതൃകാ ജീവിതം ഇന്നു കാണിക്കുന്ന തമ്മിലടിച്ചും, കൊന്നും തീർക്കുന്ന, ഒരു ജീവിതശൈലിയേയാണ്. ഒരുപക്ഷെ, ജനിക്കാതെ പോയ ഒരുപാട് മക്കൾ, ഇത്തിരിയൊക്കെ ഭാഗ്യം ചെയ്തവർ എന്നു കരുതാം. ഇതൊന്നും കാണേണ്ട ഒരു സാഹചര്യം, അവർക്കില്ല.

സ്വന്തം ഭാര്യയെ പീഡിപ്പിക്കാൻ കൂട്ടുനിൽക്കുന്നതും സ്വന്തം കാമുകിയെ തലക്കടിച്ചു കൊല്ലുന്നതും, സ്വന്തം പ്രാണ സഖിയെ, പാമ്പിനെ വിട്ടു കൊല്ലിക്കുന്നതുമായ, വൃത്തികെട്ട കഥകൾ കാണാനും, കേൾക്കാനും ഇടവരാതെ, രക്ഷപ്പെട്ട ഒരു കൂട്ടായ്മ തന്നെയാണ് മേൽ പറഞ്ഞ ജനിക്കാത്ത ഓമനകൾ. ഈ പറഞ്ഞുവന്ന ഒരു നൊമ്പര ഗണത്തി

ലും പെടാതെ, വാർത്തെടുക്കാൻ, ഇനിയെങ്കിലും, നമുക്കു ശ്രമിച്ചുകൂടെ...? പുസ്തകങ്ങളിൽ നിന്നു കിട്ടും അക്ഷരവിദ്യാസമ്പത്തിനോടൊപ്പം, ജീവിതത്തിന്റെ മൂല്യങ്ങൾ നിറഞ്ഞ ഒരു വിദ്യാഭ്യാസം പകർന്നു കൊടുക്കേണ്ടതിന്, ഇനിയും വൈകിക്കൂടാ. ഇപ്പോൾ തന്നെ, അതിന്റെ തിരിനാളങ്ങൾ, നമുക്ക് തെളിയിച്ചു തുടങ്ങാം. മക്കൾ ലോകം കണ്ടുവളരട്ടെ. എല്ലാ ഇലക്ട്രോണിക് സമ്പത്തുകൾക്കൊപ്പം, പുറംലോകം ഉൾക്കൊണ്ട ജീവിതത്തിലേക്ക്, മക്കൾ കണ്ണു തുറക്കട്ടെ. അതിനായി, ഓരോ മുതിർന്ന പൗരനും വഴി തെളിക്കാൻ സാധിക്കട്ടെ. ഇനിയൊരു സൂരജും കൊലപാതകിയായി പൂജാരികളും, കൊലപാതകം ഫോണിൽ ചിത്രീകരിക്കുന്നവരും, ഒറ്റ കൈയ്യൻമാരും, ഇരട്ട കൊലപാതകികളും, പ്രായപൂർത്തി പോലും തികയാത്ത കൊലയാളികളും അമ്മയെ കഴുത്തറുത്തവരും പിതാവിനെ കുഴിച്ചുമൂടിയവരും ആവശ്യം കഴിഞ്ഞ്, പച്ചയായ് ചുട്ടു കരിച്ചവരും ഒന്നും തന്നെ നമുക്കിടയിൽ ജനിക്കാതിരിക്കട്ടെ !

സ്നേഹത്തിന്റെ വികൃത ഭാവങ്ങളേക്കാൾ, പരിപാവനമായ അർത്ഥങ്ങളും പര്യായങ്ങളും കണ്ടു വളരട്ടെ, ഇനിവരുന്ന തലമുറ എന്നത് പ്രാർത്ഥനയായിട്ടല്ല, മറിച്ച് അപേക്ഷയായാണ് ഞാനിവിടെ കുറിച്ചിടുന്നത്... •


### അറിയിപ്പ്

കോവിഡ് കാലത്ത് ഏക തത്ത്വ പബ്ലിക്കേഷൻസ് ഒമ്പതുമാസങ്ങളിലായി ഒമ്പത് പുസ്തകങ്ങൾ പൂർത്തിയാക്കി. എല്ലാം പ്രിന്റിംഗ് കഴിഞ്ഞ് പ്രകാശനത്തിനായി ഒരുങ്ങിയിരിക്കുന്ന വിവരം വളരെ സന്തോഷപൂർവ്വം വായനക്കാരെ അറിയിച്ചുകൊള്ളുന്നു. അതിന് അവസരം തന്ന രചയിതാക്കൾക്ക് ഈ വേളയിൽ പ്രത്യേക നന്ദി അറിയിക്കുന്നു, വിജയാശംസകൾ നേരുന്നു.

വളരെ ചുരുങ്ങിയ ചിലവിൽ പുസ്തകങ്ങൾ പ്രസാധനം ചെയ്യാൻ താത്പര്യപൂർവ്വം വിളിക്കാം - 9446443321, ഏക തത്ത്വ പബ്ലിക്കേഷൻസ്, പാലക്കാട് - 1.


# വാർഡും ഇടപെടലും..
## ചില സമീപനചിന്തകൾ..



**സൂര്യ**
**9447977319**

**ത**ദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പ് കഴിഞ്ഞ് അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്ത് അധികാരവുമേറ്റു. തിരഞ്ഞെടുപ്പ് പ്രചരണ സമയത്ത്, ജനങ്ങൾക്കു നല്കിയ വാഗ്ദാനങ്ങൾ എങ്ങനെ പൂർത്തീകരിക്കാം എന്നു ചിന്തിക്കുന്ന സന്ദർഭത്തിലാണ് ഇപ്പോൾ ജനപ്രതിനിധികൾ. പൊതുജനങ്ങളുടെ ചോദ്യങ്ങൾക്കും ആവലാതികൾക്കും സ്വാഭാവികമായും ജനപ്രതിനിധികൾ നേരിട്ടുതന്നെ മറുപടി നല്കേണ്ടിയും വരും. എല്ലാവരുടേയും വിഷയങ്ങളിൽ നേരിട്ട് ഇടപെട്ട് ഓരോരുത്തർക്കും തൃപ്തി വരുന്ന രീതിയിൽ പ്രശ്ന പരിഹാരം സാധ്യമാക്കുക എന്നത് ഒരു ജനപ്രതിനിധിക്കും സാധ്യമായ സംഗതിയല്ല. ഭൂരിപക്ഷഹിതവും നാടിന്റെ ഭാവിയും കണക്കിലെടുത്തു മാത്രമേ ജനാധിപത്യ സംവിധാനത്തിൽ ജനപ്രതിനിധിക്ക് തീരുമാനമെടുക്കുവാൻ സാധിക്കൂ. വാർഡിലെ വികസനക്ഷേമസാംസ്ക്കാരിക പ്രവർത്തനങ്ങൾ ഏങ്ങനെ ഒരു ജനപ്രതിനിധിക്ക്, ജനകീയമായി സാധ്യമാക്കാം എന്നതിനെ സംബന്ധിച്ച് ചില സമീപനങ്ങൾ പൊതുചർച്ചയ്ക്കും ഭേദപ്പെടുത്തലുകൾക്കുമായി മുന്നോട്ട് വെയ്ക്കുക എന്നതാണ് ഈ കുറിപ്പ് കൊണ്ട് ഉദ്ദേശിക്കുന്നത്.

*ഘട്ടം 1*

മുനിസിപ്പാലിറ്റിയിലെ ഏതാണ്ട് എല്ലാ വാർഡുകളും ജന സംഖ്യയിൽ നല്ല രീതിയിൽ തന്നെ മുന്നിൽ നില്ക്കുന്നവയാണ്. ഇത്രയും ജനസാമാന്യത്തെ നേരിൽ കേട്ടും സംവദിച്ചും പ്രശ്നപരിഹാരം സാധ്യമാക്കുക എന്നത് വലിയ പ്രയാസം നേരിടുന്ന വിഷയമാണ്. മാത്രവുമല്ല, വാർഡിന്റെ ഭൂപ്രകൃതിക്കനുസരിച്ച് വിഷയങ്ങളും അവയുടെ പരിഹാരവും മാറേണ്ടതും മാറ്റേണ്ടതുമുണ്ട്. ഇങ്ങനെയുള്ള പരിതസ്ഥിതിയിൽ, ഒരു പ്രത്യേക പ്രദേശത്തെ ജനങ്ങളെ ഉൾപ്പെടുത്തി (പ്രദേശത്തെ ഭൗതിക സാഹചര്യം കണക്കിലെടുത്ത്) വാർഡിനെ പല ഭാഗങ്ങളായി തിരിച്ച് റസിഡൻസ് അസോസിയേഷൻ മാതൃകയിൽ 'അയൽപക്ക സംഘം' രൂപീകരിക്കാം. ഇത്തരം സംഘത്തിൽ പരമാവധി 75100 വീടുകൾ മാത്രമേ ഉൾപ്പെടുത്താവൂ. അയൽപക്ക ബന്ധം ദൃഢപ്പെടുന്നതിനൊപ്പം പരസ്പരം അറിയുന്നവരുടെ കൂട്ടായ്മയായതുകൊണ്ട് തന്നെ ഉപഭോക്തൃ ലിസ്റ്റ് ആക്ഷേപരഹിതമായും പക്ഷപാതിത്വമില്ലാതേയും തയ്യാറാക്കുവാനും ഇതുവഴി സാധിക്കും. ടി പ്രദേശവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും ആവശ്യങ്ങളും ഇത്തരം സംഘങ്ങളിൽ ചർച്ച ചെയ്യുകയും നിർദ്ദേശങ്ങളും പരിഹാരമാർഗ്ഗങ്ങളും കൗൺസിലർക്ക് സമർപ്പിക്കുകയും ചെയ്യാം. ടി സംഘങ്ങൾ 23 മാസത്തിലൊരിക്കലോ, അത്യാവശ്യ സാഹചര്യത്തിൽ എപ്പോൾ വേണമെങ്കിലും ചേരാവുന്നതുമാണ്.

*ഘട്ടം 2*

ഒന്നാം ഘട്ടത്തിൽ രൂപീകരിച്ച സംഘങ്ങൾ കൗൺസിലർ

ക്കു സമർപ്പിച്ചിരിക്കുന്ന നിർദ്ദേശങ്ങളും ആവശ്യങ്ങളും വാർഡിന്റെ പൊതുവികാരത്തിനും സാഹചര്യത്തിനും ഉതകുന്ന തരത്തിൽ തീരുമാനമാക്കി മാറ്റാനുള്ള സമിതി രൂപീകരണമാണ് ഈ ഘട്ടം. ഒന്നാം ഘട്ടത്തിലെ സംഘം നിർദ്ദേശിക്കുന്ന നിശ്ചിത എണ്ണം പ്രതിനിധികളെ ഉൾക്കൊള്ളിച്ച് കൗൺസിലർ അധ്യക്ഷനായി ഒരു 'വാർഡ് വികസന സമിതി' രൂപീകരിക്കുക. ടി സമിതിയിൽ അയൽപക്ക സംഘങ്ങൾ കൗൺസിലർക്കു സമർപ്പിച്ചിരിക്കുന്ന നിർദ്ദേശങ്ങളും ആവശ്യങ്ങളും വിശദമായ ചർച്ചയ്ക്ക് വിധേയമാക്കാം. ആവശ്യങ്ങളും നിർദ്ദേശങ്ങളും അർത്ഥപൂർണ്ണമായി നടപ്പിൽ വരുത്തുന്നതിന് നിയമങ്ങളുടേയും സാങ്കേതിക ജ്ഞാനത്തിന്റെയും ആവശ്യം വരുന്ന പക്ഷം അത്തരം പരിജ്ഞാനമുള്ളവരെ കൗൺസിലർക്ക് വികസന സമിതിയിലേയ്ക്ക് നിർദ്ദേശിക്കാം. വികസന സമിതിയിലേക്ക് അയൽപക്ക സംഘങ്ങൾ നിർദ്ദേശിക്കുന്ന പ്രതിനിധികൾ, സമൂഹത്തിന്റെ നാനാതരം ഈ വിഭാഗത്തേയും തൊഴിൽ വിഭാഗത്തേയും പ്രതിനിധാനം ചെയ്യുന്നുണ്ട് എന്ന് കൗൺസിലർ ഉറപ്പു വരുത്തുന്നത്, വികസന സമിതിയിലെ ചർച്ച ഫലപ്രാപ്തിയിലേക്ക് എത്തുവാൻ സഹായകരമാകും. സംഘങ്ങളുടെ നിർദ്ദേശപ്രകാരം ചർച്ച നടത്തി വികസന സമിതി തയ്യാറാക്കുന്ന പ്രൊജക്റ്റുകളായിരിക്കണം, വാർഡ് സഭയിൽ സമർപ്പിച്ച് അംഗീകാരം വാങ്ങി കൗൺസിൽ എത്തിക്കേണ്ടത്. വാർഡ് സഭയുടെ ക്ഷണക്കത്തിൽ വികസന സമിതി തയ്യാറാക്കിയിട്ടുള്ള പ്രൊജക്റ്റുകളുടെ കരട് എല്ലാ വോട്ടർക്കും എത്തിച്ച് നല്കിയിരിക്കണം.

*ഘട്ടം 3*

അയൽപക്ക സംഘങ്ങൾ ഉന്നയിച്ചിരിക്കുന്ന/നിർദ്ദേശിച്ചിരിക്കുന്ന വിഷയം, ടി വിഷയത്തിൽ ഗ്രാഹ്യമുള്ളവരായിക്കണം വികസന സമിതിയിൽ ചർച്ച ചെയ്യേണ്ടത്. ഉദാഹരണത്തിന് നിരന്തരവെള്ളക്കെട്ട് ഭീഷണി നേരിട്ടു കൊണ്ടിരിക്കുന്ന റോഡിന്റെ നവീകരണത്തെ സംബന്ധിച്ച ചർച്ചയിൽ പ്രദേശത്തു ലഭ്യമായ എഞ്ചിനിയറിംഗ് വൈദഗ്ദ്ധ്യം കൈമുതലായുള്ളവർ പങ്കെടുക്കട്ടെ. ഇത്തരത്തിൽ വിവിധങ്ങളായ വിഷയങ്ങൾ ശാസ്ത്രീയമായി അപഗ്രഥിച്ച് നടപ്പിൽ വരുത്തുന്നതിനായി വിവിധ ഉപസമിതികൾ വാർഡ് വികസന സമിതിയിൽ രൂപീകരിക്കാവുന്നതാണ്. വയോജനം, ആരോഗ്യം, സ്ത്രീകളും കുട്ടികളും, സർക്കാർ സേവനങ്ങൾ, റോഡും വെളിച്ചവും, പരിസരം കൃഷി ഇങ്ങനെ പ്രാദേശിക സ്വഭാവത്തിനനുസരിച്ച് ഉപസമിതികൾ രൂപീകരിക്കാം. അയൽപക്ക സംഘം തരുന്ന നിർദ്ദേശങ്ങൾ വാർഡ് വികസന സമിതി പ്രാഥമിക ചർച്ച നടത്തി ബന്ധപ്പെട്ട ഉപസമിതിക്കു കൈമാറി നിശ്ചിത സമയത്തിനകം റിപ്പോർട്ട് ആവശ്യപ്പെട്ട്, ആയതിനു സമിതി അംഗീകാരം നല്കി വാർഡ് സഭയിൽ സമർപ്പിക്കാം.

# കോവിഡ് വൈറസ്സിനാൽ സാധ്യമായത്...



**മുരളി മൂത്തേടം**
**9400126340**

പണത്തിനും, പ്രശസ്തിക്കും,
ആടയാഭരണ
അലങ്കാരങ്ങൾക്കുമപ്പുറം
വിവേകമാണ് വലുത് എന്ന
തിരിച്ചറിവ് ഉണ്ടായി.

അടച്ചിട്ട വാതിലുകളും,
ജാലകങ്ങളും തുറന്ന് നെടുവീർപ്പ്
മാറ്റി നാം വീടാക്കി മാറ്റി.

അയൽക്കാർ നീട്ടിയ
മുരിങ്ങയിലയിൽപ്പോലും ഊതി
വീർപ്പിച്ച ചില ഗർവുകൾ അടങ്ങി.

റെഡിമെയ്ഡ് ഫുഡ്സിനെ അത്രമേൽ
സ്നേഹിച്ച നാം കഞ്ഞിയും,
ചമ്മന്തിയും ശീലമാക്കി.

ഭാര്യാഭർത്താക്കൻമാർ-
ക്കിടയിൽ എക്കാലത്തും
നിലനിന്നിരുന്ന പരാതി
പരിഭവങ്ങൾക്ക് അറുതിയായി.

വീട്ടിലെ പരചരക്കിനും
പച്ചക്കറിയ്ക്കും പുല്ലുവില
കൽപ്പിച്ചവർ ചിലർ ഉപ്പിനു പോലും
കൊതിച്ചു തുടങ്ങി.

കമ്പ്യൂട്ടർ ഗെയിം മാത്രം അറിയുന്ന
കുട്ടികൾ വീട്ടിനകത്ത് പഴമയുടെ
കളികളും ശീലിച്ച് തുടങ്ങി.


നാലു ചുമരുകൾക്കുള്ളിൽ
ഒതുക്കിയ കാരണവൻമാർ ഭാരമല്ല.
ഭാഗ്യമാണ് എന്ന ബോധ്യം
സാധ്യമായി.

മദ്യമില്ലാതെ ഉറങ്ങാത്തവൻ,
ഉണ്ണാത്തവൻ,
രണ്ട് പെഗ്ഗിന്റെ ബലത്തിൽ
ബഹളമുണ്ടാക്കുന്നവൻമാരെല്ലാം
മാനം നോക്കിയിരുപ്പായി.

അവരെ കുറ്റം പറയാൻ വരട്ടെ,
കുറച്ച് നാൾ കഴിയുമ്പോൾ നമ്മുടെ
ഫോണും നെറ്റും, ടി.വി. യും
കട്ടാവും...

മുപ്പത് വർഷം മുൻപ് നാം
എങ്ങനെയായിരുന്നോ? ആ
നൊസ്റ്റാൾജിയ മുഴുവൻ റിയൽ
ലൈഫിൽ റീടേക്ക് ആവും.

# ഉദര അടിയന്തരാവസ്ഥ
## (Acute Abdomen)



ഡോ. സി. രാമകൃഷ്ണൻ
9447358663

നമ്മുടെ ശരീരത്തിലെ ഉദരത്തിനകത്ത് പല പ്രധാന അവയവങ്ങൾ സ്ഥിതിചെയ്യുന്നുണ്ട്. ഇവയ്ക്ക് പെട്ടെന്നുള്ള അസുഖം പിടിപെടുന്ന അടിയന്തരാവസ്ഥയാണ് Acute Abdomen എന്ന് പറയപ്പെടുന്നത്. ഇതിൽ അപകടാവസ്ഥയും അല്ലാത്തവയും ഉണ്ടാകാവുന്നതാണ്. സന്ദർഭോചിതവും ഫലപ്രദവുമായ ചികിത്സകൾ എടുക്കുന്നതുമൂലം രോഗവിമുക്തരാക്കുവാൻ സാധിക്കുന്നതാണ്. അസുഖങ്ങൾ ബാധിക്കാവുന്ന അവയവങ്ങളെപ്പറ്റി ഇപ്രകാരം വിവരിക്കുന്നു.

1. വയറുവേദന (Abdominal Pain) : പെട്ടെന്നുണ്ടാകുന്ന വായുക്ഷോഭം മൂലമോ, ദഹനസംബന്ധമായവ മൂലമോ വേദന ഉണ്ടാവുന്നു. മരുന്നുകൾ മൂലം നിയന്ത്രിക്കുവാൻ സാധിക്കും.

2. ഉണ്ഡുകപുഛവീക്കം (Appendicitis) : വലിയകുടലിൽ വലതുഭാഗത്ത് പുഴുരൂപത്തിൽ തൂങ്ങിനില്ക്കുന്ന ഒരു ചെറിയ അവയവം (Appendix) ഉണ്ട്. ഇതിന് വീക്കവും നീർക്കെട്ടും സംഭവിക്കുന്നതുമൂലം ഉദരത്തിന്റെ വലതുഭാഗത്ത് ഇടക്കിടെ വേദന അനുഭവപ്പെടാറുണ്ട്. കാലക്രമേണ ഇത് പഴുത്തുപൊട്ടുന്ന അവസ്ഥയിൽ എത്തിച്ചേരുമ്പോൾ പെട്ടെന്നുണ്ടാകുന്ന കഠിനമായ വേദനയും ഛർദ്ദിയും നേരിയ പനിയും ഉണ്ടാവുന്നു. വേദന ഉദരത്തിന്റെ വലതുഭാഗത്തുനിന്ന് ഇടതുഭാഗത്തേക്ക് മാറുന്നതായും കണ്ടുവരുന്നു. ഈ അടിയന്തരാവസ്ഥ തരണം ചെയ്യുവാൻ ശസ്ത്രക്രിയാ പ്രയോഗം വേണ്ടിവരുന്നു.

3. പിത്താശയ നീർക്കെട്ടും വീക്കവും (Cholecystitis and Cholelithiasis) : പിത്താശയ കല്ലുമൂലവും അല്ലാതെയുമുള്ള നീർക്കെട്ടും വേദനയും നിമിത്തം ഉദരത്തിന്റെ മദ്ധ്യഭാഗത്ത് വേദന അനുഭവപ്പെടാറുണ്ട്. എന്നാൽ പിത്താശയ കല്ലുകളുടെ എണ്ണം വർദ്ധിക്കുകയും അവയുടെ വലുപ്പം വലുതായി മാർഗ്ഗതടസ്സം ഉണ്ടായി പിത്തം രക്തത്തിൽ കലരുന്ന അവസ്ഥ ഉണ്ടാവുമ്പോൾ മഞ്ഞപ്പിത്തം എന്ന മാരക രോഗത്തിന് ഇടയാകുന്നു. മാർഗ്ഗതടസ്സം മരുന്നിലൂടെ നീക്കുവാൻ സാധിക്കാത്ത അവസ്ഥയിൽ ശസ്ത്രക്രിയയിലൂടെ പിത്താശയത്തെ എടുത്തുകളയേണ്ടിവന്നേക്കാം.

4. ആഗ്നേയാശയത്തിൽ കല്ല്, വീക്കം (Pancreatitis, Stone) : ഈ അസുഖത്തിനും നല്ല വയറുവേദന ഉണ്ടാകുന്നതാണ്. മരുന്നുകൾ കൊണ്ട് ഗുണം ലഭിക്കുന്നില്ലെങ്കിൽ ശസ്ത്രക്രിയ പ്രയോഗം വേണ്ടിവന്നേക്കാം. കരളിനേയും ബാധിക്കുവാൻ സാദ്ധ്യതയുണ്ട്. കരളിനെ ബാധിക്കുന്ന രോഗങ്ങൾ

1. ഹെപടൈറ്റിസ് (Hepatitis) : അണുബാധ, വിളർച്ച, മദ്യപാനം, പുകവലി, മരുന്നുകളുടെ അമിത ഉപയോഗം എന്നിവ കരളിനെ സാരമായി ബാധിക്കുന്നതുമൂലം ഉദരത്തെ പ്രതിസന്ധിയിലാക്കുന്നു. കൂടാതെ സിറോസിസ് (Cirrhosis) അർബുദം (Carcinoma) എന്നിവയും അനുബന്ധ പ്രശ്നങ്ങളുണ്ടാക്കുന്നു. മരുന്നുകൾ, ശസ്ത്രക്രിയ എന്നിവ ആവശ്യാനുസരണം പ്രയോഗിക്കേണ്ടിവരും.

5. വൃക്കകൾക്കുണ്ടാകുന്ന നീർക്കെട്ടും വേദനയും (Renal Colic) : കല്ലുകൾ മൂലവും അല്ലാതെയും നീർക്കെട്ടും വേദനയും ഉണ്ടാവുന്നു. തക്ക സമയത്തുള്ള ചികിത്സ രോഗത്തെ ശമിപ്പിക്കും.

6. കുടലിറക്കം (Hernia) : കുടലിറങ്ങുന്നത് പൂർവ്വിക സ്ഥാനത്തേക്ക് പോവാതെ തടസ്സമായി നിൽക്കുന്ന (Strangulated Hernia) അവസ്ഥയിൽ പ്രത്യേക രോഗലക്ഷണങ്ങൾക്ക് കാരണമാകുന്നു. ഇത് ഉടനടി ശസ്ത്രക്രിയ വഴ പരിഹരിക്കേണ്ടതാണ്.

7. കുടൽ മറിയൽ (Intussusception) : കുടൽ അതിരുകടന്ന് പ്രവേശിക്കുന്നതുമൂലമുണ്ടാവുന്ന അസ്വസ്ഥതയാണ്. അധികവും കുട്ടികൾക്കാണ് കാണപ്പെടുക. ശസ്ത്രക്രിയുടെ ആവശ്യം വരുന്നു.

8. അണ്ഠാശയ ദശ പിരിയുക (Twist of Ovarian Cyst) : ഈ അസുഖം മൂലം സ്ത്രീകൾക്ക് ഉദരത്തിൽ അമിത വേദനയും തുടർന്നുള്ള അസ്വസ്ഥതയും ഉണ്ടാകുന്നു. രോഗത്തെ തിരിച്ചറിഞ്ഞ് ഫലപ്രദമായ ചികിത്സ ആവശ്യമാണ്. ശസ്ത്രക്രിയ വേണ്ടിവന്നേക്കാം.

9. കുടൽവ്രണം തുളയുക (Perforation of the peptic ulcer) : കുടൽ വ്രണം ചികിത്സിച്ചുഭേദമാകാതെ വരുന്ന അവസ്ഥയിൽ വ്രണം കുത്തിത്തുറക്കുന്ന അവസ്ഥ അപകടകരമാണ്. സമയോചിത ഫലപ്രദമായ ചികിത്സ എടുക്കേണ്ടതാണ്. ശസ്ത്രക്രിയ ഒന്നാം സ്ഥാനത്ത് നില്ക്കുന്നു.


10. പ്രോസ്റ്റേറ്റ് ഗ്രന്ഥി വളർച്ച (Pro state Enlargement) : പുരുഷന്മാർക്ക് മാത്രമുള്ള ഈ ഗ്രന്ഥിയുടെ അമിതമായ വളർച്ചമൂലം ഇവർക്ക് അടിവയറ്റിൽ വേദനയും എരിച്ചിലും ഇടക്കിടെയുണ്ടാകുന്ന മൂത്രശങ്ക, മൂത്രം തൃപ്തികരമായി ഒഴിക്കുവാൻ കഴിയാതെ വരിക (അധികവും രാത്രി സമയങ്ങളിൽ) ഇവയെല്ലാമാണ് രോഗലക്ഷണങ്ങൾ. രോഗാരംഭത്തിൽ ഫലപ്രദമായ ചികിത്സയുടെ അഭാവം, ശസ്ത്രക്രിയയിലേക്ക് നയിക്കുന്നു.

11. പെരിട്ടോണൈറ്റിസ് (Peritonitis) : അടിവയറ്റിലും ശ്രോണീഭരത്തിലും (Pelvic Cavity) ഉള്ള ആന്തരാവയവങ്ങളെ ആവരണം ചെയ്യുന്ന അവയവമാണ് പെരിട്ടോണിയം. ഇതിന്ന് അ

ണുബാധയേൽക്കുമ്പോൾ അസഹനീയമായ വയറുവേദന, നീർക്കെട്ട് എന്നിവ അനുഭവപ്പെടുന്നു. ഫലപ്രദമായ ചികിത്സ കൊണ്ട് ഭേദമാക്കാം.

ഒരുകാലത്ത് മേൽപറഞ്ഞ രോഗലക്ഷണങ്ങൾ പരിചയസമ്പന്നരായ ചികിത്സർക്കേ തിരിച്ചറിയാൻ സാധിച്ചിരുന്നുള്ളു. എന്നാൽ ഇപ്പോൾ ആധുനിക ചികിത്സാ സംവിധാനങ്ങൾ (സ്കാനിങ്ങ്, എക്സറെ) രോഗത്തെ നിഷ്പ്രയാസം തിരിച്ചറിയുവാൻ സാധിക്കുന്നു. തന്മൂലം സമയോചിത ചികിത്സ സാദ്ധ്യമാണ്. ●

# അതിജീവനം



ടി. വി. നാരായണൻ കുട്ടി
9446030344

**മി**കച്ച സാമൂഹ്യക്ഷേമ പ്രവർത്തനത്തിന് സർക്കാർ ഏർപ്പെടുത്തിയ 'പുനർജ്ജനി' പുരസ്കാരം നൽകുന്നതിന്നുള്ള ചടങ്ങ് നടക്കുവാൻ പോകയാണ്. മുഖ്യാതിഥിയായ സാമൂഹ്യക്ഷേമ വികസന വകുപ്പ് മന്ത്രിയുടെ വരവ് അക്ഷമയോടെ കാത്തിരിക്കുന്ന പ്രൗഢഗംഭീരമായ സദസ്സ്. ജേതാവിന്റെ സേവനത്തിന്റെ ഫലം നുകർന്ന, അന്യനാട്ടിൽ നിന്ന് ഈ ചടങ്ങിന് സാക്ഷ്യം വഹിക്കാൻ മാത്രം വന്നവരും ഇതിൽ ഉൾപ്പെടും. അലംകൃതമായ വേദിയിലും, സദസ്സിലുമുള്ള തോരണങ്ങളും, അലങ്കാരങ്ങളും എല്ലാം പരിസ്ഥിതി സംരക്ഷണയോഗ്യമായവ കൊണ്ട് നിർമ്മിച്ചവ. ഉച്ചഭാഷണിയിലൂടെ കർണ്ണകഠോരമല്ലാത്ത ശബ്ദത്തിൽ അലയടിച്ചുവരുന്ന കുട്ടിപ്പാട്ടുകൾ. സ്റ്റേജിന്റെ പിൻകർട്ടനിൽ, മുഖ്യാതിഥിയുടേയും, പുരസ്ക്കാര ജേതാവിന്റേയും പ്രസന്നമായ മുഖചിത്രം. സ്ഥലം പഞ്ചായത്ത് പ്രസിഡണ്ട് അദ്ധ്യക്ഷൻ. അവിടെ നടക്കാൻ പോകുന്ന പരിപാടിയുടെ സംഘാടകരിൽ ഭൂരിഭാഗവും, വനിതകളും, കുട്ടികളും. സ്ത്രീ ശാക്തീകരണത്തിന്റെ ലക്ഷ്യത്തിലേക്കുള്ള പടവുകൾ ഒന്നൊന്നായി കയറുന്നതിന്റെ നാന്ദി കുറിക്കുന്ന ഇത്തരം ഒരു പരിപാടി ആ ഗ്രാമത്തിൽ ആദ്യമാണെന്ന് പറയാം.

താമസിയാതെ രണ്ട് കാറുകളെത്തി. ഉച്ചഭാഷണിയിലെ പാട്ട് നിലച്ചു. പകരം ഒരറിയിപ്പ് വന്നു, "നമ്മുടെ മുഖ്യാതിഥി ആഗതയായിരിക്കുന്നു, സദസ്സിന് പുറത്തുള്ളവരെല്ലാം അകത്ത് കയറിയിരുന്ന് സഹകരിക്കുക. താമസിയാതെ തന്നെ നമ്മുടെ പരിപാടികൾ ആരംഭിക്കും." ഏല്ലാവരും അക്ഷരം പ്രതി ഈ അറിയിപ്പ് അനുസരിക്കുന്ന കാഴ്ചയാണവിടെ കണ്ടത്. എന്തൊരു അച്ചടക്കം! പഞ്ചായത്ത് പ്രസിഡന്റിന്റെ മേൽനോട്ടത്തിൽ സംഘാടകർ വേഗം ചെന്ന് മുഖ്യാതിഥിയെ സ്വീകരിച്ചു. പുരസ്കാര ജേതാവ് കുടുംബസമേതം നേരത്തേ തന്നെ എത്തിയിരുന്നു. എന്ത് പ്രശ്നം വന്നാലും ഒപ്പം നിൽക്കുന്ന ഈ നാട്ടുകാരിയായ അവരെ, ചിലർ സുഹൃത്തായും, മറ്റു ചിലർ അമ്മയായും, വേറെ ചിലർ സഹോദരിയായും, ഗുരുനാഥയായും ഇതിനൊക്കെ പുറമെ ചിലർ ദൈവതുല്യയായും ദർശിച്ചിരുന്നു. സദസ്സ് പ്രകടിപ്പിക്കുന്ന അച്ചടക്കബോധവും, ഈ പുരസ്കാര ജേതാവിന്റെ കഴിഞ്ഞ കുറേ വർഷങ്ങളായുള്ള പ്രവർത്തനങ്ങളുടെ പ്രതിഫലനമാണെന്ന് കൂടി അറിയുമ്പോൾ ഇവരെപ്പറ്റി കൂടുതലായറിയണമെന്ന ആകാംക്ഷ ഒരു പക്ഷെ വായനക്കാർക്കുണ്ടാവുക സ്വാഭാവികം.

അതെ, സീതാലക്ഷ്മി; അതാണവരുടെ പേര്. അമ്പത്തഞ്ചിനോടുത്ത പ്രായം. അച്ഛനമ്മമാർ, ഭർത്താവ്, സഹോദരൻ എല്ലാവരുമുണ്ട്. അച്ഛന് വയസ്സേതാണ്ട് എൺപതായി. ഭർത്താവ് രഘുവരൻ അടുത്തവർഷം ബാങ്ക് ജോലിയിൽ നിന്ന് വിരമിക്കും. സീതാലക്ഷ്മി ഒരു പെൺകുഞ്ഞിന്റെ അമ്മയായിരുന്നു. ആ കുഞ്ഞിൽ നിന്ന് 'അമ്മേ' എന്ന വിളികേട്ടത് കേവലം മൂന്ന് വർഷം മാത്രം. ഇപ്പോൾ അവരെ അമ്മേ എന്ന് വിളിക്കുന്നത് അവർ നടത്തുന്ന ബാലസദനത്തിൽ പഠിച്ച് വളർന്ന കുട്ടികളാണ്.

തന്റെ കുട്ടിയെപ്പറ്റിയുള്ള ഓർമ്മകൾ ഒരു നെരിപ്പൊടായി അവരുടെ മനസ്സിലുണ്ടെങ്കിലും അതിപ്പോൾ പുകയാതെ നിർത്താനുള്ള മനോധൈര്യം സീതാലക്ഷ്മി നേടിയിരിക്കുന്നു. അതല്ലെങ്കിൽ ഈ ധൈര്യം അവർക്ക് തന്റെ സേവന രംഗത്തിലിടപഴകുന്ന അനേകം കുട്ടികൾ നൽകിയെന്ന് കരുതുന്നതാണ് ഏറെ ശരിയെന്ന് തോന്നുന്നു.

എല്ലാം കൊണ്ടും ഒരു സന്തുഷ്ട കുടുംബമായിരുന്നു സീതാലക്ഷ്മിയുടേത്. ചെറുപ്പം മുതലേ അച്ഛനമ്മമാർ അനാവശ്യമായി ശാസിക്കാതെ, കാര്യങ്ങൾ യഥാസമയം പറഞ്ഞ് മനസ്സിലാക്കിയിരുന്ന ശീലത്താൽ നല്ല പക്വതയാർന്ന ബാല്യം ഇവർ പിന്നിട്ടിരുന്നു. തുടർന്നുള്ള വിദ്യാഭ്യാസകാലവും മികച്ചതായിരുന്നു. പഠിത്തം കഴിഞ്ഞ് താമസിയാതെ വിവാഹവും നടന്നു. ഭർത്താവാകട്ടെ സ്നേഹസമ്പന്നനും, നല്ല തറവാടിയും. ഇങ്ങിനെയൊക്കെയാണെങ്കിലും വിവാഹശേഷം ഏഴുവർഷങ്ങളോളം കഴിഞ്ഞാണ്, സീതയ്ക്കൊരമ്മയാകാനുള്ള ഭാഗ്യമുണ്ടാ

യത്. വൈകി വന്ന സന്തതിയെ അമ്മയുമച്ഛനും, താഴത്തും, തലയിലും വെയ്ക്കാതെ വളർത്തി. സീതയുടെ അച്ഛനമ്മമാരുടെ ആധിയും ഇതോടെ ഇല്ലാതായി. പേരിടുന്ന കാര്യത്തിലല്പം തർക്കങ്ങളുണ്ടായെങ്കിലും, ഒടുവിൽ 'ഐശ്വര്യ' എന്ന പേരിൽ ഒത്തുതീർപ്പായി.

"ഇവൾ വീട്ടിൽ ഐശ്വര്യം കൊണ്ടുവരും തീർച്ച, അല്ലേ ചേട്ടാ?" ഒരിക്കലവൾ ഭർത്താവിനോട് ചോദിച്ചു.

"എന്താ സംശയം, നിന്റെയല്ലേ മോൾ."

"കളിയാക്കല്ലെ ചേട്ടാ" എന്ന് പറഞ്ഞവൾ കള്ളക്കണ്ണിട്ട് അച്ഛനമ്മമാരുടെ മുഖങ്ങളിലേക്ക് നോക്കി. അവരാകട്ടെ ഒന്നുമറിയാത്ത മട്ടിൽ തലതിരിച്ച് ചിരി ഉള്ളിലൊതുക്കി.

സീതാലക്ഷ്മിയുടെ ജീവിതം ആകെ തകിടം മറിച്ച സംഭവം ഐശ്വര്യയുടെ മൂന്നാം പിറന്നാൾ കഴിഞ്ഞശേഷമാണുണ്ടായത്. അന്ന് പതിവിന് വിപരീതമായി രഘുവരൻ രാവിലെ എഴുന്നേൽക്കാനല്പം വൈകി. ജോലിക്ക് പോകുന്ന കാര്യത്തിൽ സമയനിഷ്ഠ പുലർത്തുന്ന സ്വഭാവമായിരുന്നയാൾക്ക്. ഐശ്വര്യക്ക് തലേന്നൊരു മുച്ചക്ര സൈക്കിൾ വാങ്ങിക്കൊടുത്തിരുന്നു. അവൾ രാവിലെ മുതൽ അതിൽ കയറി ചവിട്ടിപ്പഠിക്കുന്ന തിരക്കിലായിരുന്നു. എത്ര പറഞ്ഞിട്ടും അതിൽ നിന്നിറങ്ങാൻ കൂട്ടാക്കിയില്ല. സീതാലക്ഷ്മി പതിവിന്ന് വിപരീതമായി അടുക്കളയിൽ നല്ല തിരക്കിലായിരുന്നു. അന്ന് കാലത്ത് തന്നെ അവളുടെ അച്ഛനുമമ്മയും അമ്പലത്തിൽ പോയത് കാരണം അടുക്കളയിലെ അവരുടെ സഹായം ഉണ്ടായില്ല. രാവിലെ ഭക്ഷണമൊരുവിധം കഴിച്ചെന്ന് വരുത്തി, ഉച്ചഭക്ഷണം പോലും എടുക്കാതെ ധൃതിയിൽ സ്കൂട്ടറിൽ കയറി രഘുവരൻ സ്ഥലംവിട്ടു.

പണിയൊക്കെ ഒരുവിധം തീർത്ത് അച്ഛനമ്മമാർക്കുള്ള പ്രാതൽ ഊൺ മേശപ്പുറത്ത് അടച്ചുവെയ്ക്കുന്ന നേരത്താണ് ഉമ്മറത്ത് സൈക്കിൾ ചവിട്ടിക്കൊണ്ടിരുന്ന തന്റെ മകളെയവൾ ഓർത്തത്. സന്ദർശകമുറിയിലവളെ കാണാഞ്ഞപ്പോൾ അച്ഛന്റെ മുറിയിൽ പോയി നോക്കി. അവിടേയും കാണാഞ്ഞപ്പോൾ അവളുടെ മനസ്സിലെന്തോ നേരിയ ഭയം രൂപം കൊണ്ടു. പുറത്തേക്കുള്ള വാതിലുള്ള വരാന്തയിലേക്കവളോടി. ഓടുന്ന ഓട്ടത്തിൽ പരിഭ്രമിച്ച സ്വരത്തിലവൾ "മോളേ, മോളേ" എന്നുറക്കെ വിളിച്ചുകൊണ്ടിരുന്നു. പേടിപ്പെടുത്തുന്ന തികത്ത നിശ്ശബ്ദത. പുറത്തേക്കുള്ള വാതിൽ തുറന്നു കിടക്കുന്നു. സാധാരണ രഘുവരൻ പോകുമ്പോൾ ഭക്ഷണവുമെടുത്ത് സീതാലക്ഷ്മിയും, ഒപ്പം ഗേറ്റ് വരെ അനുഗമിച്ച് മടങ്ങുമ്പോൾ ഗേറ്റും, ഉമ്മറവാതിലും അകത്തുനിന്ന് കുറ്റിയിടുകയാണ് പതിവ്. അടുക്കളയിലെ തിരക്കു കാരണം അന്നാ പതിവും തെറ്റി. രഘുവരൻ ബാങ്കിൽ പോകുന്ന തിരക്കിൽ ഗേറ്റും, വാതിലും അടയ്ക്കാൻ മറന്നതാണ്. വാതിലിനുമുമ്പിൽ സൈക്കിൾ ചെരിഞ്ഞുകിടന്നിരുന്നു. സീതയുടെ മനസ്സിലൂടെ ഒരു കൊള്ളിയാൻ മിന്നി. എന്നത്തേയും പോലെ മുൻവശത്തെ വാതിലടയ്ക്കാതിരുന്നതവളോർത്തു. ദേഹം കൂറേശ്ശെ വിയർക്കാൻ തുടങ്ങി. മോളേ എന്നാർത്തലച്ചുകൊണ്ടവൾ ഗേറ്റിന്നടുത്തേക്കോടി അതും മലർക്കെ തുറന്നുകിടക്കുന്നു. സീത ഓടി റോഡുവരെയെത്തി. എങ്ങും തിരഞ്ഞു. മോളെ എവിടേയും കണ്ടില്ല. ഉള്ളിലെ ആധി പൊട്ടിക്കരച്ചിലായി പുറത്തുവന്നു. വഴിയെ പോകുന്ന ചിലരോട് കരച്ചിലിന്നിടയിലവൾ തിരക്കി. "നിങ്ങളെന്റെ മോളേ കണ്ടോ?"

സങ്കടം താങ്ങാനാവാതെ പ്രജ്ഞയറ്റവൾ കുഴഞ്ഞുവീന്നു. സ്കൂട്ടറിൽ ആ വഴി പോയ ഒരാൾ വണ്ടിനിർത്തി. വണ്ടിയിൽ കൂടെയുള്ള അയാളുടെ ഭാര്യ ഓടിവന്ന് സീതയെ പിടിച്ചെടുന്നേൽപ്പിച്ച്, അവരുടെ ബാഗിലെ കുപ്പിയിൽ നിന്നല്പം വെള്ളമെടുത്ത് ശക്തിയായി മുഖത്ത് കുടഞ്ഞു. ഒരുവിധം കണ്ണു തുറന്ന സീതയെ അവർ പതുക്കെ പിടിച്ച് വീട്ടിലെത്തിച്ചു. ചിലരവരെ അനുഗമിക്കുകയും ചെയ്തു.

വീട്ടിലെത്തിയിട്ടും അവളുടെ കരച്ചിലിന് ശമനമൊന്നുമുണ്ടായില്ല. അപ്പോഴേക്കും അച്ഛനുമമ്മയുമെത്തി. വീടിന് മുമ്പിൽ ആൾക്കൂട്ടം കണ്ടവർ ഓടിവരുകയായിരുന്നു. പടിക്കലെത്തിയ അവർ ഉറക്കെ കരഞ്ഞുകൊണ്ടിരിക്കുന്ന തങ്ങളുടെ മകളെയാണ് കണ്ടത്. അച്ഛനമ്മമാരെ കണ്ട സീതയുടെ കരച്ചിൽ അല്പം കൂടി ഉച്ചത്തിലായി.

"നമ്മുടെ മോളെ കാണാനില്ലച്ഛാ!!"

"നീയെന്താ മോളേ ഈ പറേണത്!, ഞങ്ങളമ്പലത്തിൽ പോകുമ്പോളവളകത്ത് സൈക്കിളും ചവിട്ടി കളിക്ക്യായിരുന്നില്ലേ?" ആ ചോദ്യത്തിൽ ഒരു മുത്തച്ഛന്റെ ആധിയും, ആകാംക്ഷയും എല്ലാം നിഴലിച്ചിരുന്നു. സീതാലക്ഷ്മിക്കാണെങ്കിൽ എന്തെങ്കിലും പറയാനുള്ള ശേഷി കൂടി നഷ്ടപ്പെട്ടിരിക്കുന്നു. അവൾ അമ്മയെ കെട്ടിപ്പിടിച്ച് കരഞ്ഞുകൊണ്ടേയിരുന്നു.

വിവരമറിഞ്ഞ് കൂട്ടത്തിലൊരാൾ 112 നമ്പർ ഡയൽ ചെയ്തു വിവരമറിയിച്ചു. താമസിയാതെ പോലീസ് സ്ഥലത്തെത്തി. സാഹചര്യങ്ങൾ ചോദിച്ചറിഞ്ഞ് അവർ കുട്ടികളെ തട്ടിക്കൊണ്ടുപോകുന്ന തമിഴ്നാട്ടിലെ സംഘത്തിന്റെ സാന്നിധ്യം സംശയിക്കുന്നതായി പറഞ്ഞു. അച്ഛനുമമ്മയും വന്നശേഷമാണ് രഘുവരൻ വിവരമറിഞ്ഞത്. തന്റെ രാവിലെത്തെ തിരക്കുപിടിച്ച യാത്രയെ അയാൾ മനസ്സാലെ ശപിച്ചു. എന്ത് കാര്യം ? അയാൾക്കും സങ്കടമടക്കാൻ കഴിഞ്ഞില്ല. എന്തുപറഞ്ഞാണ് സീതയെ സമാധാനിപ്പിക്കുക എന്നറിയാതെ രഘുവരനും വിഷമിച്ചു. അയാൾ തനിക്കറിയാവുന്ന പലർവഴിക്കും അന്വേഷണം നടത്തിയെങ്കിലും എല്ലാം വിഫലമായി. തന്റെ കടിഞ്ഞൂൽ കനി ഐശ്വര്യമോളെ സീതാലക്ഷ്മിക്ക് എന്നന്നേക്കുമായി നഷ്ടപ്പെട്ടു.

താമസിയാതെ സീതയുടെ മനോനിലയിൽ ചില മാറ്റങ്ങൾ ദർശിക്കാൻ തുടങ്ങി. എപ്പോഴും തികത്ത മൗനം. ഒന്നിനും ഒരുത്സാഹമില്ലായ്മ. തന്റെ തെറ്റിനുള്ള പ്രായശ്ചിത്തമെന്നോണം, തന്റെ മനസ്സിനെ

ത്തന്നെ അവൾ അഴിച്ചുവിട്ട അവസ്ഥ. ദിവസങ്ങൾ കഴിയവെ സ്വയം എന്തൊക്കെയോ പിറുപിറുക്കുന്ന അവസ്ഥയിലേക്ക് കാര്യങ്ങൾ നീങ്ങി. ''മോളേ, മോളെ'' എന്ന് മാത്രം ഇടക്കിടെ പറയും. ഭക്ഷണകാര്യത്തിൽ ശ്രദ്ധ കുറഞ്ഞു. എപ്പോഴും ഒരാൾ കൂടെ വേണമെന്ന അവസ്ഥ. രഘുവരന്റെ മനസ്സും ഏറെ തളർന്നെങ്കിലും, സീതയ്ക്കും, അവളുടെ അച്ഛനുമമ്മയ്ക്കും താനല്ലാതെ ആരാണ് തുണ എന്ന ചിന്തയിൽ എല്ലാം സഹിച്ച്,. മനോബലം സംഭരിച്ച് എല്ലാത്തിനും ഒപ്പം നിന്നു. ജോലി ഒരു പ്രശ്നമായതിനാൽ തൽക്കാലം ഒരു വർഷത്തേക്ക് അവധിയെടുത്തു. സഹോദരനെ വിവരമറിയിച്ചെങ്കിലും, ആറുമാസം കഴിഞ്ഞേ അവന് വരാൻ പറ്റൂ എന്ന മറുപടിയാണ് ലഭിച്ചത്. ചേച്ചിക്കുണ്ടായ ദുരന്തത്തിൽ അവനും ഏറെ ദുഃഖിതനായിരുന്നു.

മകളുടെ പരിചരണത്തിൽ ഏറിയ സമയവും അച്ഛനും, അമ്മയും തന്നെ. പേരു കേട്ട മാനസിക വിദഗ്ദ്ധരുടെ ഉപദേശവും ഇവർ തേടിയിരുന്നു. കുട്ടി നഷ്ടപ്പെട്ട ആഘാതം തന്നെയാണ് കാരണം. കുട്ടികളുമായുള്ള ഇടപെടലിന് സാഹചര്യമൊരുക്കുകതന്നെയാണ് പോംവഴിയെന്നും അവർ ഉപദേശിച്ചു. ഈ മാനസികാവസ്ഥയിൽ സ്വന്തമെന്നൊരു കുഞ്ഞിനുള്ള സാധ്യതയുമവർ കണ്ടില്ല. ആദ്യത്തേതിനുതന്നെ ഏഴുവർഷം കാത്തിരിക്കേണ്ടിവന്ന അവസ്ഥ. ഏതായാലും സീതയുടെ അച്ഛൻ മകളുടെ മനോനില വീണ്ടെടുക്കാനുള്ള ശ്രമം നടത്താൻ തന്നെ തീർച്ചയാക്കി.

തൊട്ടടുത്തൊരു അംഗനവാടിയുണ്ട്. അവിടത്തെ ആയയെ ഐശ്വര്യയ്ക്കിടക്കിടെ പോളിയോ വാക്സിൻ നല്കാൻ വന്ന സമയത്ത് ഇദ്ദേഹത്തിന് നല്ല പരിചയമാണ്. അവരുമായി സംസാരിച്ച്, അല്പനേരത്തേക്കെങ്കിലും സീതയെ അംഗനവാടിയിലെത്തിക്കാനുള്ള മാർഗ്ഗം അദ്ദേഹം ആലോചിച്ചു കൊണ്ടിരുന്നു. ഇതിന്നായദ്ദേഹം അവിടത്തെ ചില കുട്ടികളുടെ ഫോട്ടോകളെടുത്ത് അവ ഓരോന്നായി സീതയെ കാണിച്ചു കൊടുക്കലായിരുന്നു ആദ്യപടി. ആദ്യമൊക്കെ അല്പം വിമുഖത കാണിച്ചെങ്കിലും പതുക്കെ പതുക്കെ, സീത അതിൽ ശ്രദ്ധിക്കാൻ തുടങ്ങി. ക്രമേണ അതിലെ ചില ഫോട്ടോകളെടുത്ത് അതിൽ ഉമ്മ വെച്ച് ചിരിക്കാനും, കൊഞ്ചാനും മറ്റും തുടങ്ങി. ''എന്റെ മോളെ'' എന്ന് ചിലപ്പോൾ വിളിക്കുന്നതും കേൾക്കാം. ദിവസങ്ങൾ കഴിയവെ ഒരുനാൾ ഒരു ഫോട്ടോയെടുത്തവൾ അച്ഛനോട് തിരക്കി.

''ഇതാരാണച്ഛാ ? ഈ കുട്ടിയെ എനിക്കൊന്ന് കാണണം, ഇപ്പത്തന്നെ കാണണം'' അവൾ വാശിപിടിച്ചു.

''അതിനെന്താ, മോളച്ഛന്റെ കൂടെ വര്വോ ?''

വരാമെന്നവൾ തലയാട്ടി. തന്റെ ദൗത്യം ശരിയായ പാതയിലാണെന്നോർത്ത് ആ അച്ഛൻ നെടുവീർപ്പിട്ടു. ആയയോട് പറഞ്ഞേൽപ്പിച്ച് മകളേയും കൂട്ടി, അയാൾ പിറ്റേന്ന് തന്നെ അംഗനവാടിയിലെത്തി. അവിടെ കുട്ടികളോരോ കളികളിൽ മുഴുകിയിരിക്കയായിരുന്നു. ആകെ ചിരിയും ബഹളവും. സീത വരുന്നതറിഞ്ഞവർ കാത്തുനില്ക്കുന്നപോലെയായിരുന്നു അവിടത്തെ കുട്ടികളുടെ വരവേൽക്കൽ. ഏവരേയും അത്ഭുതപ്പെടുത്തിക്കൊണ്ട് സീത പെട്ടെന്ന് തലേന്ന് ഫോട്ടോയിൽ കണ്ട കുട്ടിയുടെ അടുത്തേക്കോടിച്ചെന്നു. ആയ ധൃതിയിൽ ഒപ്പം കൂടി. സീതയുടെ മനോനിലയെപ്പറ്റി അവളുടെ അച്ഛൻ നേരത്തെ അറിയിച്ചിരുന്നു. അവർ പ്രതീക്ഷിച്ച പോലെ അനിഷ്ടസംഭവങ്ങളൊന്നുമുണ്ടായില്ല. ഏതാണ്ടൊരു മണിക്കൂറോളം സീത അവരുടെ കൂട്ടത്തിൽ ഒരു കുട്ടിയായി തന്നെ ഇടപഴകുന്നത് അവളുടെ അച്ഛൻ ആശ്ചര്യപൂർവ്വം നോക്കിക്കണ്ടു. തന്റെ മകളും മറ്റൊരുകുട്ടിയായ് അവരുടെ കൂടെ കളിക്കുന്നതും, ചിരിക്കുന്നതും കുറേകാലത്തിന് ശേഷം കണ്ടപ്പോൾ അറിയാതെ അയാളുടെ കണ്ണുകൾ നിറഞ്ഞു. മറ്റാരും കാണാതെ അയാൾ അശ്രുക്കൾ തുടച്ചു. കുറെ നിർബന്ധിച്ചും, പല പല വാഗ്ദാനങ്ങൾ നൽകിയുമാണ് ഒരുവിധം മകളെ അയാൾ വീട്ടിലേക്ക് കൊണ്ടുവന്നത്.

കുട്ടികളുമായുള്ള ഇടപഴകലിൽ അപ്രതീക്ഷിതമായി തന്റെ മകൾക്കുണ്ടായ മാറ്റം, അയാൾക്കെന്തെന്നില്ലാത്ത ശുഭാപ്തി വിശ്വാസവും ആനന്ദവും നൽകിയതിനോടൊപ്പം, മകളെ പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള മാർഗ്ഗവും അയാളിൽ ഉരുത്തിരിഞ്ഞു. അംഗനവാടിയിൽ പോകുന്നതിന് പകരം, കുട്ടികളുമായി ഇടപഴകുന്നതിന് ഒരു 'ഡേകെയർഹോം' സ്വന്തമായി തുടങ്ങിയാലോ? എന്നാണയാൾക്ക് തോന്നിയത്. മരുമകനും, ഭാര്യയും ഇതിന് പച്ചക്കൊടി കാണിച്ചതോടെ എല്ലാം പെട്ടെന്നായിരുന്നു. മകളുടെ രോഗമുക്തിക്കായി എത്ര പണം ചെലവാക്കാനും സ്നേഹനിധിയായ ആ അച്ഛൻ ഒരുക്കമായിരുന്നു. ഏതാണ്ടൊരു മാസം കൊണ്ട് തന്നെ, തന്റെ വീടിന്റെ താഴത്തെ രണ്ട് മുറികളും, അതോട് ചേർന്നൊരു ചെറിയ ഷെഡ്ഡും ഇതിന്നായി തയ്യാറാക്കി. രഘുവരന്റെ സുഹൃത്തുക്കളും പരിസരവാസികളും ശുപാർശ ചെയ്ത് ഏകദേശം പത്തോളം കുട്ടികളെ ആദ്യ ബാച്ചായി അവിടെ ചേർക്കാനും കഴിഞ്ഞു. സീതയുടെ ഗൾഫിലെ സഹോദരന്റെ സാമ്പത്തിക പിന്തുണയും ഇതിന് തുണയായി. കൂടാതെ വിവരങ്ങൾ ഇടയ്ക്കിടെ തിരക്കുകയും പതിവാണ്.


ദിവസങ്ങൾ കഴിയവെ, കുട്ടികളുമായുള്ള ഇടപഴകലിൽ, സീതാലക്ഷ്മിയുടെ മനസ്സിൽ അവിടത്തെ ഓരോ കുട്ടികളിലും, തന്റെ പൊന്നോമന ഐശ്വര്യയെ അവൾ ദർശിക്കയായിരുന്നു. അവരുടെ കൊഞ്ചലും, നിഷ്ക്കളങ്കമായ പൊട്ടിച്ചിരിയും, പാട്ടും, നൃത്തവും എല്ലാം അവളെ പുതിയൊരു ലോകത്തേക്കാനയിച്ചു. പതുക്കെ, പതുക്കെ, നഷ്ടപ്പെട്ട മകളെ കുറിച്ചുള്ള ഓർമ്മകൾ അവളുടെ അന്തഃരംഗത്തിലെ യവനികയ്ക്കുള്ളിൽ മറഞ്ഞു.

'ഡേകെയർ' തുടങ്ങി ഏതാണ്ട് രണ്ട് വർഷമായപ്പോഴേക്കും സീതയുടെ ഡോക്ടറുടെ പ്രതീക്ഷയും മറികടന്ന് അവളുടെ അസുഖം ഏതാണ്ട് തൊണ്ണൂറ് ശതമാനത്തോളം ഭേദമായി. ഒടുവിൽ മടങ്ങുമ്പോ

ൾ ഡോക്ടർ സീതയുടെ അച്ഛനെ മാറ്റിനിർത്തിപ്പറഞ്ഞു. "ഇനി ഇവിടെ വരണമെന്നില്ല, ഏതാണ്ടൊരു മാസം കൊണ്ടവൾ പൂർണ്ണമായി രോഗമുക്തയാകും. താങ്കളും, കുടുംബവും അവൾക്ക് വേണ്ടി സന്ദർഭോചിതമായി പ്രവർത്തിച്ചു. അതിന്റെ ഫലവും കിട്ടി. ഇനി അവൾ അവളുടെ നഷ്ടപ്പെട്ട കുട്ടിയെപ്പറ്റി ഓർക്കുകയേ ഇല്ല. ഇപ്പോളവൾ അനേകം കുട്ടികളുടെ അമ്മയാണ്." യാത്ര പറയുമ്പോൾ സീത പറഞ്ഞു. "ഇനിയെന്റെ ജീവിതം ഈ കുട്ടികളോടൊത്താണ്, ഡോക്ടറോട് ഞാനേറെ കടപ്പെട്ടിരിക്കുന്നു."

തുടർന്നങ്ങോട്ട് ആ ഗ്രാമത്തിലേയും, സമീപ പ്രദേശങ്ങളിലേയും, കുട്ടികൾക്കും, ഭിന്നശേഷിക്കാർക്കും പ്രായമായ നിരാലംബരായ അമ്മമാർക്കും ഒക്കെ തണലായി നിൽക്കാനുള്ള യജ്ഞത്തിനവൾ തുടക്കമിട്ടു. ഇതിന്നായി അച്ഛനമ്മമാരുടേയും, തന്നെ അങ്ങേയറ്റം സ്നേഹിക്കുന്ന ഭർത്താവിന്റേയും, സഹോദരന്റേയും, നല്ലവരായ നാട്ടുകാർ, പഞ്ചായത്തധികൃതർ, സർക്കാർ എന്നിവരുടേയൊക്കെ അകമഴിഞ്ഞ പിന്തുണ അവൾക്കുണ്ടായിരുന്നു. പ്രതിഫലം ഇച്ഛിക്കാതെ ഇത്തരം സമൂഹനന്മയ്ക്കായുള്ള പ്രവർത്തനങ്ങളിൽ ഇടപെട്ട് പ്രവർത്തിച്ച സീതാലക്ഷ്മിയെന്ന ഈ മഹതിയേയാണ് ഈ വർഷത്തെ 'പുനർജനി' പുരസ്കാരം തേടിയെത്തിയത്. ഇവരുടെ ജീവിതത്തിലുണ്ടായ ദുരന്തവും, അതേ തുടർന്നുള്ള അതിജീവനത്തിന്റെ കാര്യവും അന്നാട്ടിലെ പഴയതലമുറക്കാർക്കും, അവരിൽ നിന്ന് ഇന്നത്തെ തലമുറയ്ക്കും അറിവുള്ളതാണ്. അക്കൂട്ടത്തിൽ സീത ഈ സമൂഹത്തിന് വേണ്ടി ചെയ്ത സേവനങ്ങൾ അന്നാട്ടിലെ ഇനി വരാൻ പോകുന്ന തലമുറയ്ക്കും, നന്മ ചെയ്യാനുള്ള വഴിയൊരുക്കുകയും ചെയ്യും. സീതയുടെ നഷ്ടപ്പെട്ട കുട്ടി ജീവിച്ചിരിക്കുന്നുണ്ടെങ്കിൽ, അവരും, സ്വന്തം അമ്മയാണെന്നറിയാതെ ഈ പുരസ്കാര ജേതാവിനെക്കുറിച്ച് അഭിമാനം കൊള്ളുന്നുണ്ടാവാം. ●

# വികല്പം



സൈനുദീൻ മുണ്ടക്കയം
9947253006

**രാ**വേറെയായിരിക്കുന്നു. ഞാനുറങ്ങാതെ മുന്നിൽ കുറേ കടലാസുകളും കയ്യിൽ പേനയുമായങ്ങനെ ഇരിക്കുകയാണ്. സാധാരണ, പെട്ടെന്നുറക്കത്തിലേക്ക് തെന്നി വീഴുന്ന സ്വഭാവമാണെന്റേത്. എന്നാൽ ഇന്ന്, എന്തു സംഭവിക്കുന്നു എന്നെനിക്കുതന്നെ നിശ്ചയിക്കാൻ കഴിയാത്ത, എന്തോ ഒന്ന് മനസ്സിൽ കടന്നുകൂടിയിരിക്കുന്നു. അതെന്താണെന്നിപ്പോഴും വ്യക്തമാകുന്നുമില്ല. ചിലപ്പോൾ അങ്ങനെയാണ്. അകാരണമായ ആകാംക്ഷയും സങ്കല്പങ്ങളും മനസ്സിനെ മഥിക്കും. കുറേനേരത്തിനുശേഷം അതങ്ങനെ അലിഞ്ഞലിഞ്ഞില്ലാതാകും. എന്നാൽ, മനസ്സിൽ ചിലപ്പോൾ ഒരു ഭാരമായി തുടരും. ഉത്തരം കിട്ടാത്ത ചോദ്യം പോലെ, പിന്നെ... മറ്റു കാര്യങ്ങളിൽ വ്യാപൃതമാകുമ്പോൾ മറവിയുടെ തിരശ്ശീലയ്ക്കു പിന്നിൽ ഒളിയ്ക്കും. എന്നാൽ, ഇപ്പോൾ ചിന്തയിൽ പല തരംഗങ്ങളായി എന്തൊക്കെയോ മിന്നിമറയുന്നുണ്ട്. ഒന്നിനും വ്യക്തതയില്ലെന്നതാണ് എന്നെ അതിശയിപ്പിക്കുന്നത് വ്യക്തതയ്ക്കായി പലതവണ ശ്രമിച്ചെങ്കിലും പരാജയപ്പെടുന്നു. എങ്കിലും അതൊരു ഉത്കണ്ഠയായി തുടരുന്നുമുണ്ട്.

അത്താഴം കഴിച്ച് പതിവുപോലെ ടി. വി. പരിപാടികൾ കണ്ടിരിക്കുകയാണ് ശീലം. ആ ഇരുപ്പിൽ കണ്ണുകൾ ഉറക്കത്തിന്റെ മടിത്തട്ടിലേക്ക് കൂട്ടിക്കൊണ്ടുപോകും. ഇന്നതൊക്കെ തെറ്റിയിരിക്കുന്നു. ടി. വി. പരിപാടികളിൽ മടുപ്പുതോന്നി, ഓഫാക്കി. കിടക്കാമെന്നു വിചാരിക്കുമ്പോൾ, എപ്പോഴോ മേശമേൽ എഴുതാൻ വച്ചിരിക്കുന്ന കടലാസുകളും പേനയും ശ്രദ്ധയിലേക്കുവന്നു. പേന കയ്യിലെടുത്തു, കടലാസ് എഴുത്തു പലകയിൽ വച്ചു. എന്തെഴുതണം, എവിടെ തുടങ്ങണം എന്നൊക്കെ ചിന്തിച്ചുകൊണ്ടങ്ങനെയിരുന്നു. നേരം വളരെയായിരിക്കുന്നു. ഇപ്പോൾ മനസ്സ് ശൂന്യമാണ്.

കയ്യിലെ പേന കടലാസിൽ ഒരു പോറൽ പോലും ഏല്പിക്കാതെ, ആദ്യാക്ഷരം കുറിക്കാനാകാതെ മടിച്ചുനില്ക്കുന്നു. ഉൾക്കണ്ണിൽ ഒന്നും തെളിയുന്നില്ല അതാണ് സത്യം. മനസ്സിപ്പോൾ പൊങ്ങുതടിപോലെ, ഒഴുക്കിൽപ്പെട്ട് ദിക്കറിയാതെ നിർവ്വികാരാവസ്ഥയിൽ നീങ്ങുന്നു. ഒരു കൊതുകിന്റെ മൂളൽ ചെവിട്ടിൽ അലോസരമുണ്ടാക്കിയപ്പോഴാണ് ഞാനാ അവസ്ഥയിൽ നിന്നും മോചിതനായത്. എഴുതാൻ വച്ച കടലാസ് യാതൊരു കളങ്കവുമേശാതെ മുന്നിൽ. പേന കയ്യിൽ അങ്ങോട്ടുമിങ്ങോട്ടും ചലിക്കുന്നു. എഴുതിയതെല്ലാം ശൂന്യതയിലായിരുന്നു. അക്ഷരങ്ങളായോ, വാക്കുകളായോ, വാചകങ്ങളായോ രൂപാന്തരം പ്രാപിച്ചിട്ടുമില്ല. വാച്ചു നോക്കിയപ്പോൾ രാത്രി രണ്ടുമണി കഴിഞ്ഞിരിക്കുന്നു. കഴിഞ്ഞ മണിക്കൂറുകളിൽ ഞാനെന്തു ചെയ്യുകയായിരുന്നു ? ഒന്നും വ്യക്തമല്ല. പക്ഷെ, ഞാനാരെയൊക്കെയോ കാണുകയും സംസാരിക്കുകയും ചെയ്തിരുന്നു എന്ന തോന്നൽ. അതിനും വ്യക്തത പോരാ. ഉറക്കം ഇപ്പോഴും അകന്നുനില്ക്കുന്നു.

കണ്ണുകൾ തുറന്നിരിക്കെ കണ്ട സ്വപ്നത്തിൽ പരിചിതമുഖങ്ങൾ, അപരിചിത മുഖങ്ങൾ കൂടിക്കുഴഞ്ഞ് തിരക്കിട്ടു കടന്നുപോയിട്ടുണ്ട്. പ്രിയമുള്ളവരും അല്ലാത്തവരും കടന്നുപോയി. പിന്നീട് ചിന്തിച്ചപ്പോൾ പ്രിയമുള്ളോർ ഈ ലോകം വിട്ടുപോയവരായിരുന്നു. പക്ഷെ, അവരുടെ മുഖങ്ങൾ നനുത്ത മൂടൽമഞ്ഞിന്റെ പുക മറയ്ക്കപ്പുറത്ത് നിഴലുകളായിരുന്നു. കണ്ണുതുറന്നും അട

ച്ചും ധ്യാനനിരതനായും നോക്കി. ഇല്ല, വ്യക്തത തീരെയില്ല.

എന്റെ ആകാംക്ഷ കൂടി വരുന്നു. നിഴലുകൾ നിജമായി മുന്നിൽ തെളിയാൻ തീവ്രമായി ആഗ്രഹിച്ചു. എഴുതാൻ എടുത്തുവച്ച വെള്ളക്കടലാസിലേക്ക് തറപ്പിച്ചുനോക്കുകയാണ് ഞാൻ. ഒരു സിനിമാസ്ക്രീനിലേക്കെന്നവണ്ണം. വെള്ളക്കടലാസ് വെള്ളിത്തിര പോലെ തെളിഞ്ഞുവരുന്നു. അലകളിരമ്പുന്ന കടലാണ് മുന്നിൽ. ആരെയോ പ്രതീക്ഷിക്കുന്ന മനസ്സുമായി തിരകളിലേക്കുറ്റുനോക്കി ഏകനായി ഞാനിരിക്കുന്നു.

പാൽ നുര വിതറുന്ന തിരകൾ തീരത്തെ നക്കി വെടിപ്പാക്കുന്നു. അവിരാമം പ്രക്രിയ തുടരുകയാണ്, എന്റെ മനസ്സും തിരത്തള്ളലിൽ ചഞ്ചലമാണ്. വിജനതീരത്തെ, നിലാവെളിച്ചത്തിൽ ഞാൻ, പെട്ടെന്ന് അങ്ങകലെ പൊട്ടുപോലെ ഒരു രൂപം. ആ രൂപത്തിലേക്കെന്റെ കണ്ണുകളെ ഉറപ്പിച്ചുനിർത്തി, നിർന്നിമേഷം നോക്കിയിരുന്നു. അല്പം കഴിഞ്ഞപ്പോൾ അതൊരു മനുഷ്യരൂപമാണെന്നും അത് അടുത്തേക്ക് വരുന്നുണ്ടെന്നും മനസ്സ് മന്ത്രിച്ചു, അല്ല, തോന്നി. ഉവ്വ്, അങ്ങകലെയാണയാൾ.

നിലാവെളിച്ചത്തിൽ, യാതൊരു തിടുക്കവുമില്ലാതെ, അലസമായി നടക്കുന്നതുപോലെ, ആരായിരിക്കാം ? എന്റെ സ്നേഹവലയത്തിൽപ്പെട്ടവരാരെങ്കിലുമായിരിക്കുമോ? ഏയ്, അങ്ങനെ വരാൻ വഴിയില്ല. ഈ അജ്ഞാത തീരത്ത് എന്നെ തെരഞ്ഞുവരാനാരുമില്ലെന്ന് അന്തരംഗം. എങ്കിലും ആകാംക്ഷാഭരിതമായ മനസ്സോടെ നോക്കിയിരുന്നു. അയാൾ അകലെത്തന്നെയാണ്. അടുത്തേയ്ക്കെത്താൻ സമയമേറെയെടുക്കും. അത്ര സാവധാനമാണാ നടത്തം. ആരായിരിക്കാം ? ഒരുപക്ഷെ, വല്ല അപരിചിതനുമാകാം. എന്നെപ്പോലെ ആരെയെങ്കിലും പ്രതീക്ഷിച്ചോ, അതുമല്ല, വിരസമായ ജീവിത സമയ സന്ധികളെ തള്ളിനീക്കാനോ പുറപ്പെട്ട ഏകാന്ത പഥികനായിരിക്കാം !!

എന്റെ ഏകാന്തതയിലേക്ക് അയാൾ അലോസരമുണ്ടാക്കി കടന്നുകയറുമോ ? ഇവിടെ ഞാനും, അങ്ങകലെ അയാളും, ആർത്തിരമ്പുന്ന കടലലകളും മാത്രം !! വരട്ടെ, നോക്കാം.

വളരെ നേരത്തെ നിരീക്ഷണത്തിൽ അയാൾ നടക്കുന്നു എന്നത് എന്റെ തോന്നലായി. അയാൾ നിന്നിരുന്നിടത്തുനിന്നും ഒരടി പോലും മുന്നോട്ടുവരുന്നില്ലെന്നു മനസ്സിലായി വരുമ്പോഴേക്കും കിഴക്കുവെള്ള കീറി വരുന്നുണ്ടായിരുന്നു. മങ്ങിയ പുലർ വെളിച്ചത്തിൽ ആ രൂപവും ഞാനും തമ്മിൽ വ്യത്യാസമില്ലെന്നും അതെന്റെ പ്രതിരൂപമാണെന്നും തിരിച്ചറിയുന്നു. പ്രഭാത കിരണത്തിൽ ആ രൂപം അപ്രത്യക്ഷമായിരിക്കുന്നു.

പ്രജ്ഞയിലേക്ക് തിരിച്ചിറങ്ങുമ്പോൾ, നേരം പുലർന്നുവരുന്നതായും എടുത്തുവച്ച വെള്ളക്കടലാസ്സിൽ ഒന്നും എഴുതിയിട്ടില്ലെന്നും പേന വിരലുകൾക്കിടയിൽ വിമ്മിട്ടപ്പെട്ട് തരിച്ചിരിക്കുന്നതായും ഞാനറിയുന്നു.

●

# കൊറോണ



**ഗീത അജയ്കുമാർ**
**9747031443**

നമുക്കെല്ലാവർക്കും കൊറോണ എന്നാൽ എന്താണ് ? ഇന്ന് ലോകമെമ്പാടും നേരിട്ടുകൊണ്ടിരിക്കുന്ന ഭയമോ, അതോ പരിഭ്രാന്തി ആണോ ? ഒറ്റപ്പെടലോ, ജാഗ്രതയോ, വേദനയോ, നിസ്സഹായാവസ്ഥയോ, അകൽച്ചയോ, വേർപാടോ, ഒത്തുചേരലോ. ഇതെല്ലാം മാത്രമല്ല ഇനിയും ഒരുപാട് നമുക്കെല്ലാവർക്കും ചിന്തിക്കാത്തതിനും അപ്പുറമാണ്.

കൊറോണയ്ക്ക് മുന്നിൽ നമ്മൾ എല്ലാവരും ഇന്ന് തുല്യരാണെന്ന് തെളിയിച്ചുതന്നു. വലിയ കോടീശ്വരനും വന്നു, ദരിദ്രനും വന്നു കൊറോണ. വിദേശത്തും, അന്യസംസ്ഥാനത്തിലും ഇരിക്കുന്ന ഒരു കൂട്ടം ജനങ്ങൾ വീണ്ടും അവരുടെ നാട്ടിലേക്ക് വന്നു. അതിൽ അസുഖമുള്ളവർ, ഇല്ലാത്തവർ, ജോലിയും തിരക്കുമായി സമയം ഇല്ലാത്തവർക്ക്. എല്ലാം ഇന്ന് ഒരു തരത്തിൽ വിശ്രമിക്കുന്ന ദിനങ്ങളായി മാറി. മറ്റൊരു വിഭാഗം ജനങ്ങൾ തൊഴിലില്ലായ്മയും കഷ്ടപ്പാടും അറിഞ്ഞു.

നമ്മുടെ ആരോഗ്യത്തിനും സുരക്ഷയ്ക്കും വേണ്ടി രാപ്പകൽ ഉറങ്ങാതെ ജോലി ചെയ്തിരിക്കുന്ന ഡോക്ടേഴ്സ്, നഴ്സ്, പോലീസുകാർ, ആരോഗ്യപ്രവർത്തകർ, അങ്ങിനെ ഒട്ടനവധി പേർ നമുക്ക് താങ്ങായി, തളരാതെ പിടിച്ചുനിർത്തുന്നുണ്ട്. അവർക്ക് എല്ലാവർക്കും ഒരായിരം നന്ദി. ഇതുകൂടാതെ കുറച്ചുകാര്യങ്ങൾ പഠിപ്പിച്ചുതന്നു നമുക്ക് കൊറോണ. ആഡംബരമായ ആഘോഷപരിപാടികൾ മാറ്റിവെച്ചു, ഉള്ളതുകൊണ്ട് ഒതുങ്ങി ജീവിക്കാനും, വൃത്തിയും ശുചിത്വവുമായ ജീവിതരീതിയും എന്നിങ്ങനെ നിരവധി കാര്യങ്ങൾ നമുക്കെല്ലാവർക്കും വലിയൊരു പാഠം തന്നെ പഠിപ്പിച്ചുതന്നു കൊറോണ.

നമുക്കെല്ലാവർക്കും കുറച്ചുജീവിതമേ ഉള്ളൂ. അത് സ്നേഹിച്ചും വിശ്വസിച്ചും സഹായിച്ചും സന്തോഷത്തോടെ ഇരിക്കാൻ ശ്രമിക്കുക. ഇതിൽ നിന്നെല്ലാം അതിജീവിക്കാനുള്ള ശക്തി തരട്ടെ ഈശ്വരൻ എല്ലാവർക്കും.



**സായി ലക്ഷ്മി**
**9746058015**

# പ്രതീക്ഷ

ഇനിയുമൊരു പുലരികാണാൻ
എൻ നേത്രങ്ങൾ
ചിമ്മാതിരിക്കുമോ ?
ഈ മണ്ണോടലിയാൻ,
എനിക്ക് ധൃതിയില്ല !
കാണാത്ത സ്വപ്നങ്ങൾ,
കേൾക്കാത്ത നാദങ്ങൾ,
ഇനിയുമുണ്ടേറെ !
എങ്കിലുമീ ലോകം തന്നെ
ശിരസ്സുതാഴ്ത്തുന്ന,
അവനോടൊപ്പം മല്ലിടാൻ
ഞാനാര് ?
മനുഷ്യകോശങ്ങളിലെത്തി
മനുഷ്യരാസവിനിമയത്തെ
താളം തെറ്റിക്കുന്നു ഇവൻ.
പക്ഷെ ജീവനെടുക്കുന്ന
ഇവനുമുന്നിൽ,
സ്വജീവൻ കൊടുക്കുന്ന
വൈദ്യശുശ്രൂഷകർ
നിർഭയം നിൽക്കുന്നു !
എൻെറ പ്രതീക്ഷകൾക്കുവേണ്ടി,
അവർ
ഇവനോട് യുദ്ധം ചെയ്യുന്നു !
മരണവും, കാലവും
അവർക്കുമുന്നിൽ
പടച്ചട്ട ഊരിമാറ്റുന്നു !
വൈദ്യമൊന്നുമില്ലെന്നെനിക്കറിയാം
പക്ഷെ എല്ലാ
വൈദ്യശാസ്ത്രങ്ങളേക്കാൾ
പ്രതിരോധിക്കാൻ കഴിവുള്ള താൻ
എൻെറ ചുറ്റും സുരക്ഷയുടെ
കവചം അണിഞ്ഞിരിക്കുന്ന
ഈ വൈദ്യശുശ്രൂഷകരുടെ
വിയർപ്പ്!
അതിനുമുന്നിൽ
ചിറകറ്റുവീഴാൻമാത്രമേ
കഴിയൂ ഈ മഹാമാരിക്ക്!
വിരാമമിടുന്നില്ല
ഞാൻ എൻെറ
പ്രതീക്ഷൾക്കുനേരെ !

# കനിവിൻ തുള്ളികൾ



**മുരളീധർ കൊല്ലത്ത്**
**9526714203, 9387475851**


**ഏ**തു പുഴ മരിച്ചാലും മാറത്തടിച്ചു കരയുന്നൊരമ്മയുണ്ടായിരുന്നു. ഏതൊരു മരം മുറിഞ്ഞുവീഴുമ്പഴും വേദനിയ്ക്കുന്നൊരു ഹൃദയമുണ്ടായിരുന്നു. പുഴുവരിച്ച മാനുഷക്കോലങ്ങളെ ആരാധനയോടെ മാത്രം നോക്കിക്കണ്ട ആ മാതാവ് നമ്മെ വിട്ടകന്നിട്ട് ഏതാനും മണിക്കൂറുകൾ മാത്രം. ജീവിച്ചിരുന്നപ്പോൾ മിഴി ചുവപ്പിച്ച സൂര്യനും, കൂർത്ത നോവിനും, കൊച്ചു കുയിലിനും, തണലിനും, വെയിലിനും. ചുമലിൻ ചുവടിനും നന്ദി പറഞ്ഞ ഏക കവിതയെഴുത്തുകാരി സുഗതകുമാരി ടീച്ചർ തന്നെയാവാം. അങ്ങകലെയുള്ള ആകാശം ഹരിതമാകുന്നതും നോക്കി കുറുഞ്ഞിപ്പൂക്കളെ മുകളിലേയ്ക്കുയർത്തി രാത്രിമഴ തീർത്ത ഏകാന്ത വിസ്മയത്തിൽ പ്രകൃതി പുഞ്ചിരി അടക്കി നില്ക്കുന്നുണ്ടാവാം. ഇനി കവിതയില്ലെന്ന് പറഞ്ഞ മനസ്സിൽ നിന്ന് മാനവികതയുടെ മേളപ്പെരുക്കമായി ഈ സാഹിത്യകാരി എഴുതിക്കൂട്ടിയത് കുറച്ചൊന്നുമല്ല. ഒരുപിടി വാക്കായി തിളങ്ങിക്കിടക്കുന്ന മണമുള്ള പവിഴവും, മുത്തും പ്രകൃതി തന്നനുഗ്രഹിച്ചതിനും കൂടിയുള്ള നന്ദിയാവാം പ്രകൃതിസംരക്ഷണവും, പരിസ്ഥിതിയും മറ്റും ഏറ്റെടുത്തിട്ടുണ്ടാവുക. കൊച്ചു മക്കൾക്കും, നറു കളികൾക്കും ഒരു തൈ നടാൻ നമ്മോട് നിർദ്ദേശിച്ചതും അതുകൊണ്ടു കൂടിയാവാം. ജീവിതം ഒറ്റയ്ക്കിരിയ്ക്കാൻ പഠിപ്പിച്ചപ്പോൾ പത്തി വിടർത്തിയാടിയ നാഗങ്ങളെപ്പോലും പേടിയില്ലാതെ ഈ മാനവ സ്നേഹി കഴിഞ്ഞുകൂടി. പിന്നെയും പാഠം പഠിച്ചു. ദുർഘടമീ വഴിത്താരയിൽ ലക്ഷ്യമില്ലാതെ കുനിഞ്ഞ ശിരസ്സുമായി ഒറ്റയ്ക്ക് പോവാൻ പഠിച്ചത്രെ. അവസാനം പൂക്കളില്ലാതെ, പുലരിയില്ലാതെ, ആർദ്രമേതോ വിളിയ്ക്കു പിന്നിലായ് പാട്ടു മൂളി പോയതും നാം കേട്ടു .

പ്രിയ ഗുരുവാം അമ്മേ... ഞങ്ങൾ കാണുന്നു, ഒരു കിണ്ടി വെള്ളവും അതിലൊരു തുളസിക്കതിരും കെടാവിളക്കും ഒരു പിടിച്ചാമ്പലും ഇറ്റു കണ്ണീർ വീഴ്കിലുടനതിൽ പൊങ്ങും പുകച്ചുരുളും'. പ്രിയ മാതാവേ, അവിടുന്നെഴുതിയതെത്ര ശരി', ഒരു ശബ്ദമില്ലാത്ത നിലവിളിയും മാത്രം ഇവിടെയെന്നുള്ളിൽ മറ്റൊന്നുമില്ല; എനിയ്ക്കെഴുതാനാവുന്നില്ലല്ലൊ. അക്ഷരങ്ങളിലേയ്ക്കടർന്നു വീഴുന്ന എൻ്റെ കണ്ണീർക്കണങ്ങൾക്ക് ഗുരുതുല്യയുടെ നേർത്ത രൂപമാണ്, സുഗതകുമാരി ടീച്ചർ എന്ന മാതൃരൂപവുമാണ് മുന്നിൽ. കൃഷ്ണനയച്ച ആ രഥം അമ്മയെ കാത്ത് നില്ക്കുകയാവാം, ദേവലോകത്ത് കാവ്യരചന നടത്താൻ.

## ആദരാഞ്ജലികൾ



# തെക്കീട്ടിൽ കഥകൾ



സുരേഷ് തെക്കീട്ടിൽ
9446330957

## അർത്ഥങ്ങൾ

ഫോൺ വിളിച്ചാൽ എടുത്ത ഉടനെ അവൻ പറയും, പറയൂ. അത് കേൾക്കുമ്പോഴേ എനിക്ക് തല തരിക്കും. പെട്ടെന്ന് നമ്മളെ ഒഴിവാക്കാനുള്ള തത്രപ്പാട്, അകൽച്ച ഒക്കെ ഫീൽ ചെയ്യും അതുകൊണ്ട് ഞാനിപ്പോൾ അവനെ വിളിക്കാറില്ല. നീയോ.

ഞാൻ വിളിക്കാറുണ്ട്. ഫോൺ എടുത്താലുടനെ പറയൂ എന്ന് കേൾക്കുമ്പോൾ നമ്മൾ പറയുന്നത് കേൾക്കാനുള്ള അവന്റെ ആ ആകാംക്ഷ, അടുപ്പം ഒക്കെ എനിക്ക് നന്നായി ഫീൽ ചെയ്യും അവനെ വിളിക്കാനിഷ്ടം.

## നല്ല മനുഷ്യൻ

സംസാരിച്ചിരിക്കുന്നതിനിടയിലാണ് അയാൾ പറഞ്ഞത്: അയൽവാസി നല്ല മനുഷ്യനാ, നമ്മളില്ലാത്ത സമയത്ത് അതിർത്തിയില് നിക്കണ ആ തെങ്ങിൻ തൈകൾക്കൊക്കെ മൂപ്പര് വെള്ളം ഒഴിക്കും.

ആണോ അതൊരു നല്ല കാര്യമാണല്ലോ അപ്പൊ നമ്മളൊന്ന് തണുത്താലും കുഴപ്പമില്ല മൂപ്പര് ശ്രദ്ധിക്കും ല്ലേ എന്ന് ഞാൻ.

നമ്മള് തണുത്താൽ പ്രശ്നം തന്നെ. അങ്ങേര് നല്ല ചൂടനായതു കൊണ്ട് നല്ല ചുടുവെള്ളമാണ് ഒഴിക്കുന്നത്, ഭാവഭേദമില്ലാതെ വീണ്ടും അയാൾ.

## ഒറ്റമൂലി

എത്ര പഴകിയ രോഗങ്ങൾക്കും ഈ ഒറ്റമൂലി മതി. മഞ്ഞപ്പിത്തം, ഷുഗർ, പ്രഷർ, കൊളസ്ട്രോൾ എന്നുവേണ്ട ടെൻഷൻ, ക്ഷീണം തുടങ്ങി എല്ലാം ഇല്ലാതാക്കും എന്ന് മാത്രമല്ല മദ്യപാനം പുകവലി മറ്റ് ലഹരി വസ്തുക്കളുടെ ഉപയോഗം എന്നിവയെല്ലാം പെട്ടെന്ന് നിർത്താനും സഹായിക്കുന്നു. തുടർച്ചയായി ഉപയോഗിക്കുകയും വേണ്ട എന്നതാണിതിന്റെ മറ്റൊരു ഗുണം.

എന്തെല്ലാമോ കുത്തിക്കലക്കി കുപ്പിയിലാക്കുന്നതിനിടയിൽ മരുന്നു വിൽപ്പനക്കാരന്റെ വാചക കസർത്തുകൾ. ഒടുവിൽ കേട്ടു നിന്നവരോട് അയാൾ ചോദിച്ചു.

വിശ്വാസം വരുന്നില്ല അല്ലേ എല്ലാ അസുഖങ്ങൾക്കും കൂടി ഇത്തരം ഒരു ഒറ്റമൂലി... ഒരാളുടെ പ്രതികരണം വന്നു.

എയ് വിശ്വാസം വരാഞ്ഞിട്ടൊന്നുമല്ല എനിക്ക് അനുഭവവുമുണ്ട്. എന്റെ അച്ഛന് ഇപ്പറഞ്ഞ എല്ലാ അസുഖങ്ങളും ഉണ്ടായിരുന്നു. ധാരാളം ചികിത്സ നടത്തി എല്ലാറ്റിനും മരുന്നും കഴിച്ചിരുന്നു. കൂടാതെ ഒടുക്കത്തെ കുടിയും വലിയും. ഇതിനൊക്കെ പുറമേ കടം പെരുകി നിൽക്കക്കള്ളിയില്ലാതായപ്പോഴാണ് മൂപ്പര് ഒടുവിൽ ഇത് പോലൊരു ഒറ്റമൂലി... അതും ഒരു തവണ ഒരൊറ്റ തവണയേ കഴിച്ചുള്ളൂ...

## മിടുക്കൻമാർ

ആര് പറഞ്ഞാലും ഞാനതങ്ങ് കേൾക്കും. അതാണ് ജീവിതത്തിൽ എനിക്ക് പറ്റിയ കുഴപ്പം. സങ്കടത്തോടെ ഒന്നാമൻ.

ജീവിതത്തിൽ ആരു പറഞ്ഞതും ഞാൻ കേട്ടില്ല അതാണ് എനിക്ക് പറ്റിയ കുഴപ്പം. കുറ്റബോധത്തോടെ രണ്ടാമൻ.

ആര് എന്ത് പറഞ്ഞാലും അത് കേൾക്കുകയോ കേൾക്കാതിരിക്കയോ ഒക്കെ ആവാം. രണ്ടാൾക്കും സ്വന്തമായിട്ട് ഒരു ചിന്തയോ അഭിപ്രായമോ ഉണ്ടായിരുന്നില്ല അതാ നിങ്ങളുടെ കുഴപ്പം. എന്നാൽ നിങ്ങൾ രണ്ടാളും മോശക്കാരൊന്നുമല്ല മറിച്ച് നല്ല മിടുക്കൻമാർ തന്നെയാണ്. ഇപ്പോഴും പരാജയത്തിന്റെ കാരണം എല്ലാവരുടേയും തലയിലേക്ക് മെല്ലെയങ്ങ്...

സാധാരണ മട്ടിൽ മൂന്നാമൻ.

## കുറിപ്പ്

ആധുനിക ലോകത്ത് അതായത് പുതിയ കാലത്ത് ജീവിക്കാൻ നടത്തിയ തയ്യാറെടുപ്പുകൾ എന്ന വിഷയത്തിൽ അയാൾ ഇങ്ങനെ കുറിച്ചു...

പുറകിൽ നിന്നും കത്തി കുത്തിയിറക്കിയത് ഹൃദയത്തിൽ കൊണ്ടു നടന്നവരെന്നറിയുമ്പോഴും വേദന ശരീരത്തിനു മാത്രമാകാൻ ശീലിച്ചിരിക്കുന്നു.

## അവസ്ഥ

ഒന്നും പറയണ്ട എന്റെ ദേവകിയോപ്പളേ, ഇവിടത്തെ ആൾക്ക് എന്തന്നെ പറഞ്ഞാലും തലയിൽ കയറില്ല. നാലോ എന്ത് പറഞ്ഞാലും തലയിൽ കയറുകയും ചെയ്യും.

## മാറ്റങ്ങൾ

മുംബൈയിലെ ഫ്ളാറ്റിലിരുന്ന് അയാൾ സ്വയം പറഞ്ഞു, ജീവിതം തേടി ഇവിടെ വന്ന കാലത്ത് നാട്ടിൽ പലരേയും കാണാൻ മോഹമായിരുന്നു. സംസാരിക്കാൻ കൊതിയുള്ളവരും, വിവരങ്ങളറിയാനും പറയാനും സമയമുള്ളവരും അന്നവിടെ ഏറെയുണ്ടായിരുന്നു. പക്ഷേ അന്ന് അതിന് സൗകര്യങ്ങൾ ഉണ്ടായിരുന്നില്ല സാമ്പത്തികവും. ഇന്ന് സൗകര്യങ്ങൾ ഏറെ ഉണ്ട്, കണ്ട് കൊണ്ട് സംസാരിക്കാൻ പോലും... സാമ്പത്തികം ആർക്കും തടസ്സവുമല്ല പക്ഷേ ആർക്കും കൊതിപോയിട്ട്... ഒരു മര്യാദക്ക് വേണ്ടി പോലും... ●

■കഥ

# ദത്ത്

എം. ഡി. വിശ്വംഭരൻ
944614213



**സ**മയം വൈകുന്നേരം നാല് മണികഴിഞ്ഞിരുന്നു, സൂപ്രണ്ടും സഹപ്രവർത്തരും ഗൗരവമായ ചില ചർച്ചകളിൽ ഏർപ്പെട്ടിരിക്കയായിരുന്നു അപ്പോൾ. ആ നേരത്താണ് ഇടുങ്ങിയ റോഡിലൂടെ തിങ്ങിനിറഞ്ഞ് മെല്ലെ നീങ്ങിവരുന്ന ആഡംബരക്കാർ അവരുടെ ശ്രദ്ധയിൽപ്പെട്ടത്. ഈ നാട്ടിൽ ആർക്കും ഇത്തരമൊരു കാർ ഇല്ല, പിന്നെ ഇതാരുടേത്? അവർ പരസ്പരം നോക്കി. വൃദ്ധസദനത്തിന്റെ മുന്നിൽ വന്നു നിന്ന കാറിൽ നിന്നും സുമുഖനായ അയാൾ ഇറങ്ങി വന്നു. പിന്നെ കൈകൂപ്പി ചിരിച്ചു.

എല്ലാവർക്കും സുഖം തന്നെയല്ലേ? അയാളുടെ ചോദ്യത്തിലും ഭാവത്തിലും അമ്പരന്നു നില്ക്കുകയായിരുന്ന ജീവനക്കാരുടെ മുഖത്തെ ആശങ്ക മനസ്സിലാക്കിയ ആഗതൻ സ്വയം പരിചയപ്പെടുത്തി. ഞാൻ ജോൺ പീറ്റർ. ആദ്യമായിട്ടാണ് ഇവിടെ വരുന്നത്, അതിനാൽ നമ്മൾ ഒട്ടും പരിചിതരല്ല. നമുക്ക് വഴിയെ പരിചയപ്പെടാം മാത്രമല്ല, ഇവിടുത്തെ അന്തേവാസികളെ എല്ലാവരേയും ഒന്നു കാണണം, അതിനുവേണ്ടിക്കൂടിയാണ് ഞാൻ വന്നത്. ബുദ്ധിമുട്ടാവില്ലല്ലോ? ജോൺ പീറ്റർ എല്ലാവരേയും മാറിമാറി നോക്കി.

അതുവരെ ആഗതനെ സാകൂതം നോക്കി നിന്ന സൂപ്രണ്ട് പറഞ്ഞു, ബുദ്ധിമുട്ടൊന്നുമില്ല സന്തോഷം മാത്രം. വരൂ നമുക്ക് അകത്തിരുന്നു സംസാരിക്കാം.

അല്ല, വിരോധമില്ലെങ്കിൽ ആദ്യം എനിക്ക് ഇവിടുത്തെ അന്തേവാസികളെ കാണണം, അതിനുശേഷം നമുക്ക് സംസാരിക്കാം.

ആവാം പക്ഷെ, താങ്കൾ ആരാണ് എന്താണ് ഇങ്ങനെയൊരു സന്ദർശനത്തിന്റെ ഉദ്ദേശം എന്നെല്ലാം അറിഞ്ഞാൽക്കൊള്ളാമായിരുന്നു. ആദ്യം സന്ദർശക ഡയറിയിൽ പേരെഴുതി ഒപ്പിടണം, ഉദ്ദേശം എഴുതണം, ഇതൊക്കെ ഇവിടുത്തെ നടപടിക്രമങ്ങളുടെ ഭാഗമാണെന്നു കരുതിയാൽ മതി.

ഓക്കെ, എല്ലാം മുറപോലെ നടക്കട്ടെ. ഞാൻ പറഞ്ഞല്ലോ, എന്റെ പേര് ജോൺപീറ്റർ, ഇവിടെ എല്ലാവരേയും കാണണം പരിചയപ്പെടണം, എന്തെങ്കിലും സഹായം ചെയ്യാൻ കഴിയുമെങ്കിൽ അതിന് അനുവദിക്കണം. സൂപ്രണ്ടു നീട്ടിയ സന്ദർശക പുസ്തകത്തിൽ ജോൺ പീറ്റർ ആഗമനോദ്ദേശം എഴുതി തുടർന്ന് അന്തേവാസികളെ കാണാനായി പുറപ്പെട്ടു.

അവർ ഓരോരുത്തരേയും പരിചയപ്പെട്ടു. വിവിധസ്ഥലങ്ങളിൽ നിന്നും വന്നവർ, ആരുമില്ലാത്തവർ, മക്കൾ ഉപേക്ഷിച്ചവർ, എല്ലാവരും ഉണ്ടായിട്ടും ആരുമില്ലാതായവർ. ചിലർ മക്കളുടെ അവഗണനയിൽ മനം മടുത്ത് വീടുവിട്ടിറങ്ങിയവർ, വഴിയിൽ നിന്നും സന്നദ്ധപ്രവർത്തകർ ഇവിടെ കൊണ്ടു വന്ന് ആക്കിയവർ അങ്ങനെ പലർ. ഓരോരുത്തരേയും പരിചയപ്പെട്ട് നടക്കുമ്പോൾ കണ്ടു, ഒരു വൃദ്ധ ഭാണ്ഠക്കെട്ടും താങ്ങി എല്ലാവരിൽ നിന്നും അകന്നു മാറി ഒറ്റക്ക് ഇരിക്കുന്നു. അവരുടെ അടുത്തേക്കു നീങ്ങിയ ജോൺ പീറ്ററിനോട് സൂപ്രണ്ടു പറഞ്ഞു ഇവിടെ വന്നനാൾ മുതൽ ഇങ്ങനെയാണ്, ആരോടും ഒന്നും സംസാരിക്കുകയില്ല, സഹകരിക്കില്ല, ഭക്ഷണം നിർബന്ധിച്ചാൽ മാത്രം കഴിക്കും. അമ്പലനടയിൽ നിന്നും ചിലർ ഇവിടെ എത്തിച്ചതാണ്. കൂടുതൽ വിവരങ്ങൾ ആർക്കും അറിയില്ല. ചോദിച്ചാൽ ഉത്തരമില്ല, ഇങ്ങനെ മിണ്ടാതെയിരിക്കും.

ശരി, ഞാനൊന്നു നോക്കട്ടെ, അയാൾ അടുത്തുകൂടി തപസ്വിനിയെപ്പോലിരിക്കുന്ന ആ വൃദ്ധയോടു ചോദിച്ചു, അമ്മേ, അമ്മ എന്നെ അറിയുമോ? എന്താ അമ്മയുടെ പേര്. പ്രതികരണമുണ്ടായില്ല അവർ കല്ലിനു കാറ്റു പിടിച്ചതുപോലിരുന്നു. ജോൺ പീറ്റർ പിൻമാറാൻ തയ്യാറായില്ല. അയാൾ ഒന്നുകൂടി ചേർന്നിരുന്നു. അമ്മേ എന്താ അമ്മയുടെ പേര് ? ഇല്ല, ഒരു മാറ്റവുമില്ല, അയാൾ പിന്നെയും പറഞ്ഞു. അമ്മയുടെ പേര് ലക്ഷ്മി, അതല്ലേ പേര്, അവർ ഒന്നു നോക്കി പിന്നെയും കുനിഞ്ഞിരുന്നു. ഞാൻ അമ്മയെ കൊണ്ടുപോകാൻ വന്നതാണ്, വരുന്നുണ്ടോ എന്റെ കൂടെ? അയാൾ അവരുടെ മുന്നിൽ കുത്തിയിരുന്ന് ആ കൈകൾ തന്റെ കൈയിലെടുത്ത് തലോടി പറഞ്ഞു, എന്റെ കൂടെ പോരൂ ഞാൻ നന്നായി നോക്കിക്കൊള്ളാം, എനിക്ക് ഈ അമ്മയെ വേണം.

അപ്പോൾ അവരുടെ മുഖത്ത് ചെറിയൊരു തെളിച്ചം, കണ്ണിൽ എന്തിന്റെയോ തിരയിളക്കം. അവർ ആഗതന്റെ മുഖത്തേക്ക് തുറിച്ചുനോക്കി. സൂപ്രണ്ടും കെയർടേക്കറുമെല്ലാം ആ പ്രവൃത്തി കണ്ട് അത്ഭുതം കൂറി നില്ക്കുകയായിരുന്നു. വന്നയാൾ പറയുന്നതത്രയും അവർ ശ്രദ്ധയോടെ കേട്ടു നിന്നു. പലരും വന്നു കയറുമ്പോൾ ചെയ്യുന്നതുപോലയെ കരുതിയുള്ളു. എന്നാൽ തുടർന്നുള്ള ജോൺ പീറ്ററിന്റെ നീക്കങ്ങൾ അവരിൽ അമ്പരപ്പുളവാക്കി. അയാൾ പറയുന്നു അയാൾക്ക് സ്വന്തമായി ഒരു അമ്മയെ വേണം ഈ അനാഥാലയത്തിൽ നിന്നും. ചിലർ കുട്ടികളെ ദത്തെടുക്കാറുണ്ട്, ചിലർ അനാഥാലയങ്ങളിൽ നിന്നും ജീവിത സഖികളെ കണ്ടെത്താറുണ്ട്. പക്ഷെ, ഇവിടെ ഒരാൾക്ക് അനാഥാലയത്തിൽ നിന്നും അമ്മയെ ദത്തെടുക്കണമെന്നു പറയുന്നത് അദ്യ അനുഭവമാണ്. ആരാലും വേണ്ടാതെ വലിച്ചെറിഞ്ഞ ഒരു വൃദ്ധയെ തന്റെ മാതാവാക്കാൻ വന്നിരിക്കുന്നു.

ജോൺ പീറ്റർ പറഞ്ഞു, നിങ്ങൾക്ക് ഉൾക്കൊള്ളാനാവില്ലെന്നറിയാം. പക്ഷെ, ഞാൻ ഒരു അനാഥാലയത്തിൽ വളർന്നു. ആരാണ് അ

ച്ഛനെന്നോ അമ്മയെന്നോ അറിയില്ല. അനാഥാലയത്തിൽ വളർന്ന ഞാൻ ഇപ്പോഴും അനാഥൻ, ഒറ്റയാൻ. അത്യാവശ്യം വേണ്ടതെല്ലാം ഉണ്ട്, ആവശ്യത്തിനു സമ്പാദ്യം, ഹോട്ടൽ, ജുവലറി, പെട്രോൾ പമ്പ് അങ്ങനെ പലതിന്റേയും ഉടമ. എല്ലാം സ്വന്തം അദ്ധ്വാനവും വിയർപ്പും കൊണ്ട് ഉണ്ടാക്കിയത്. വേണമെങ്കിൽ കല്യാണമൊക്കെക്കഴിച്ച് കുടുംബമായി കഴിയാം പക്ഷെ എനിക്കതിലൊന്നും താല്പര്യമില്ല എല്ലാമുണ്ടെങ്കിലും ആരുമില്ലാത്തവൻ. എനിക്ക് ഒന്നു മാത്രം മതി, എന്റെ സ്വന്തമായി ഒരു അമ്മ. ജീവിതാവസാനം വരെ ഞാനവരെ സംരക്ഷിച്ചുകൊള്ളാം, അത് ഈ ലക്ഷ്മിയമ്മ മതി. അതിനുള്ള നടപടി ക്രമങ്ങൾ എന്തായാലും അതു പൂർത്തിയാക്കി എന്നെ സഹായിക്കണം എത്രനാൾ വേണമെങ്കിലും കാത്തിരിക്കാം. നിങ്ങൾ അനുവദിക്കുന്ന ദിവസം വന്നു കൂട്ടിക്കൊണ്ടു പോകാം. സൂപ്രണ്ടിന് ഇതു പുതിയൊരു അനുഭവമായിരുന്നു, എങ്ങനെ ഇതിനെ കൈകാര്യം ചെയ്യണം എന്നറിഞ്ഞുകൂടാ. എങ്കിലും തങ്ങളുടെ മേലധികാരികളുമായി ബന്ധപ്പെട്ട് വേണ്ടതു ചെയ്യാമെന്നവർ അറിയിച്ചു. അവിടെ നിന്നും കിട്ടിയ ഉറപ്പിൽ സന്തോഷിച്ച് അയാൾ ലക്ഷ്മിയമ്മയെ ഒരിക്കൽക്കൂടി കണ്ട്, അന്തേവാസികൾക്കായി കരുതിയിരുന്ന ഉപഹാരം എല്ലാവർക്കുമായി കൊടുക്കാൻ ഏല്പിച്ച് ജോൺ പീറ്റർ മടങ്ങി.

ജോൺ പീറ്റർ പോകുമ്പോൾ അയാൾ പറഞ്ഞ കഥകൾ സൂപ്രണ്ട് കേശവൻകുട്ടി ഓർക്കുകയായിരുന്നു. അനാഥമന്ദിരത്തിൽ വളർന്ന ജോൺ അക്കാലത്തെ അവിടുത്തെ നടത്തിപ്പുകാരും ചില അന്തേവാസികളുമായുള്ള പൊരുത്തക്കേട് നിമിത്തം മന്ദിരത്തിൽ നിന്നും ചാടി പ്പോവുകയായിരുന്നു. ജീവനക്കാർ നടത്തുന്ന അഴിമതിയും തട്ടിപ്പും ജോൺ പീറ്റർ എന്ന കലഹപ്രിയനെ അലോസരപ്പെടുത്തിയിരുന്നു. തെറ്റിനോട് കലഹിക്കുകയും ചോദ്യം ചെയ്യുകയും ചെയ്യുന്ന പ്രകൃതമായിരുന്നു അയാളുടേത്. അതിന്റെ ഫലം മറ്റ് അന്തവാസികളെ, പ്രത്യേകിച്ചും, ക്രിമിനൽ സ്വഭാവമുള്ളവരെ കൂട്ടുപിടിച്ച് അവർ തരം കിട്ടുമ്പോഴെല്ലാം ദേഹോപദ്രവം ഏല്പ്പിക്കുമായിരുന്നു. അതിൽ മനംമടുത്ത ജോൺ, ഒരിക്കൽ സൂപ്രണ്ടിന്റെ മുഖമടച്ച് തല്ലിയശേഷം ചാടിപ്പോവുകയായിരുന്നു. ആ ചാട്ടം പലവഴി അലഞ്ഞു തിരിഞ്ഞ് പട്ടിണി കിടന്നും പൈപ്പു വെള്ളം കുടിച്ചും കടത്തിണ്ണയിൽ തളർന്നുറങ്ങുമ്പോൾ യാചകിയായൊരു വൃദ്ധയാണ് അവന് ഭക്ഷണം നല്കിയത്, അത് അവർ തമ്മിലുള്ള ദൃഢമായ ബന്ധത്തിനുള്ള തുടക്കമായിരുന്നു. അവർ അവനെ അവരുടെ താമസ സ്ഥലത്തേക്കു കൂട്ടി. ഏറെ താമസിയാതെ വൃദ്ധ മരിക്കുമ്പോൾ: അവർ കൂട്ടി വച്ച ലക്ഷങ്ങളുടെ സമ്പാദ്യം അവന്റ കൈയിലെത്തുകയായിരുന്നു. ആ പണം കൊണ്ട് ഓരോ ബിസ്സിനസ്സ് ചെയ്ത് ഇന്ന് കോടീശ്വരനായിരിക്കുന്നു. തന്റെ വളർച്ചക്ക് കാരണമായിത്തീർന്ന ആ വൃദ്ധയെ ഓർക്കുമ്പോൾ അതുപോലുള്ളവരെ സഹായിക്കുകയും പറ്റിയ ഒരാളെ തന്റെ അമ്മയാക്കുകയുമാണ് തന്റെ ലക്ഷ്യമെന്ന് അയാൾ പറഞ്ഞിരുന്നു.

അടുത്തയാഴ്ച ജോൺ പീറ്റർ അന്തേവാസികൾക്ക് നിറയെ സമ്മാനങ്ങളുമായി എത്തി എല്ലാവർക്കും വിതരണം ചെയ്തു, ലക്ഷ്മി അമ്മയെ അടുത്തു ചെന്നു കണ്ട് കുശലം പറഞ്ഞു. കഴിഞ്ഞയാഴ്ച അയാൾ വന്നു പോയശേഷം ലക്ഷ്മിയമ്മയിൽ പ്രകടമായ മാറ്റം വന്നതായി സദനം അധികൃതർ അറിയിച്ചിരുന്നു, ജോൺ ചോദിച്ചില്ലെങ്കിലും അയാളുടെ ആവശ്യത്തിനുള്ള ശ്രമങ്ങൾ അവർ തുടങ്ങിയ കാര്യം അറിയിച്ചു. റവന്യൂ അധികാരികളും സാമൂഹ്യക്ഷേമവകുപ്പും അനുകൂലമായി പ്രതികരിച്ചതായും സൂചിപ്പിച്ചു, താങ്കൾ ചില എഗ്രിമെന്റുകളിൽ ഒപ്പു വയ്ക്കേണ്ടേതുണ്ട്. നിയമപരമായ ചില ഉറപ്പുകളും. എല്ലാം ഏതാനും ദിവസങ്ങൾക്കുള്ളിൽ ശരിയാകും. ദത്തെടുക്കപ്പെടുന്നയാൾക്ക് ഭാവിയിൽ ഒരു പ്രശ്നവും ഉണ്ടാകില്ല എന്ന് ഉറപ്പു വരുത്തുകയാണവർ എന്ന് ജോൺ പീറ്ററിനു മനസ്സിലായി. ഒരാളെയല്ല എത്രപേരേയും പോറ്റാൻ തനിക്കു കഴിയും, പക്ഷെ, ഒരേയൊരു അമ്മ, അതാണ് തനിക്കുവേണ്ടത്, അവരെ കണ്ടെത്തിക്കഴിഞ്ഞു, തന്റെ മനസ്സിലുള്ള ഒരാളെ.

സദനത്തിന്റെ സൂപ്രണ്ടിൽ നിന്നും അറിയിപ്പു കിട്ടിയതനുസരിച്ച് ജോൺ പീറ്റർ എത്തുമ്പോൾ ലക്ഷ്മി കുളിച്ചൊരുങ്ങി ഉല്ലാസവതിയായി കാത്തിരുന്നു. അവർ എല്ലാവരോടും സന്തോഷം പങ്കുവച്ചു. അന്നേദിവസം സദനത്തിൽ ജോൺ പീറ്ററിന്റെ വകയായി ഒരുക്കിയിരുന്ന വിഭവസമർത്ഥമായ സദ്യ കഴിഞ്ഞ് ലക്ഷ്മിയമ്മ പുതിയ രക്ഷകനോടൊപ്പം സദനത്തിന്റെ പടിയിറങ്ങി.

## മാഞ്ഞിടാ തണൽ

**ഇ. എൻ. നാരായണൻ**
**8547490224**

ആർദ്രമാനസയതായിരുന്നഹോ
പാതിരാകുസുമമെന്നപോലെയും
പാരിടത്തിനു സുഖം പകർന്നിടും
പാടിടും കുയിലതായിയെന്നുമേ

അമ്മയിന്നിവിടെ നൽകിയില്ലയോ
ഉമ്മകൾ സുഗതമേറെ നിർവൃതി
നൽകി മക്കളുമതാസ്വദിച്ചിടും
പുൽകിടും ഭവതി ദേവസന്നിധി

ഗോപികേയണയുമേ മുരാരിയും
മോദമോടെയരികത്തു നിന്നിടും
വേണുവൂതിടുമതേറെ മോഹനം
കേണിടേണ്ടയിനി നിത്യമാമിടം

എത്തിടട്ടെ നവലോകമൊന്നതിൽ
പുത്തനാമൊരു സുഗന്ധസൂനമായ്
ചിത്തവും വിടരുമേയതേകിടും
മുത്തുപോലതി മനോഹരം ഫലം

മാഞ്ഞിടാ തണലതെന്നു നിശ്ചയം
തേഞ്ഞിടാത്തൊരു നവോജ്ജ്വലം ചിര
ഞ്ജീവിതന്നുടെ മനസ്സതിൽ വിടർ
ന്നീടുമേ കവിത നിത്യനൂതനം

ആദരിച്ചിടുമതേറെ കൈരളി
ദേവിയങ്ങയെ ധരിത്രി സീതയെ
യെന്നപോലെയുമതീവപ്രീതിയാൽ
കണ്ണുനീരിവിടെയോ തിലോദകം.

# ഭൂമിയിലെ തീർത്ഥാടനം കഴിഞ്ഞ്

# മുഹമ്മദ് കനി മടങ്ങി...

**ഇ. ടി. മുരളീധരൻ**
**9446443321**

**പ**ത്തു വർഷങ്ങൾക്കു മുമ്പ് ഒരു ഞായറാഴ്ച രാവിലെ ഏകദേശം ഒമ്പതര മണിക്ക് എന്നെ കാണാനായി പാലക്കാട് നൂറണി ഗ്രാമത്തിലുള്ള ഏക തത്ത്വയുടെ ഓഫീസിലേക്ക് ഒരാൾ കയറി വന്ന് സ്വയം പരിചയപ്പെടുത്തി "ഞാൻ മുഹമ്മദ് കനി. സിനിമയിലഭിനയിക്കണം എന്ന മോഹവുമായി വളരെ നാൾ കോടമ്പാക്കത്ത് ജീവിക്കുകയും ചില സിനിമകളിൽ മുഖം കാണിക്കുകയും പിന്നീട് ആ മേഘല വിട്ട് ദുബായിൽ ജോലി നോക്കി തിരിച്ചെത്തി വീട് വെച്ച് ഇപ്പോൾ പാലക്കാടുള്ള ഒരു തുണിക്കടയിൽ ജോലി നോക്കുന്നു. ഇപ്പോൾ എനിക്ക് ഒരാഗ്രഹം. എന്റെ ചില സ്വപ്നങ്ങൾ പ്രസിദ്ധീകരിക്കണമെന്നുണ്ട്. അദ്ദേഹം രാത്രി ഉറക്കത്തിൽ കണ്ട പല സ്വപ്നങ്ങളും യാഥാർത്ഥ്യമായി തീർന്നുയെന്നും ആ അനുഭവങ്ങൾ ഏക തത്ത്വ മാസികയിലൂടൊന്ന് പ്രസിദ്ധീകരിക്കാമോ" എന്നും ചോദിച്ചു. ഒന്നും ആലോചിക്കാതെ തന്നെ പറ്റില്ല എന്നു ഞാൻ പറഞ്ഞിട്ടും അദ്ദേഹത്തിന് ഒരു നീരസവും തോന്നിയില്ല. പിന്നേയും ഞങ്ങളുടെ സംഭാഷണം തുടർന്നു. ഏകദേശം വൈകുന്നേരം അഞ്ചു മണിയായപ്പോഴാണ് ഇതുവരേയും ജലപാനം പോലും നടത്തിയിട്ടില്ലെന്ന് തിരിച്ചറിഞ്ഞത്. അത്രയ്ക്ക് രസകരമായിരുന്നു ഞങ്ങളുടെ അനുഭവങ്ങളുടെ പങ്കുവെക്കൽ. ആ ദിവസമാകട്ടെ വേറൊരാളും ഞങ്ങളുടെ സംഭാഷണത്തെ തടസ്സപ്പെടുത്താനായി ഓഫീസിൽ എത്തിയില്ല എന്നതും ഓർക്കുന്നു.

ഏകദേശം 5 മണിക്ക് ഓഫീസ് അടച്ച് അദ്ദേഹത്തെ ബസ് സ്റ്റോപ്പിൽ ആക്കി ഞാൻ വീട്ടിലേക്ക് മടങ്ങി. ഏക തത്ത്വയുടെ ഒന്നാം വാർഷികത്തിന് അദ്ദേഹം പങ്കെടുത്തു. അന്നാണ് ഞാൻ അദ്ദേഹത്തെ രണ്ടാമതായി കാണുന്നത്. പിന്നീട് പലപ്പോഴും അദ്ദേഹം ജോലി ചെയ്തിരുന്ന തുണിക്കടയിൽ പോയി ഞാൻ കാണാറുണ്ടായിരുന്നു. പക്ഷേ കൂടുതലായി ഒന്നും സംസാരിക്കാൻ സാധിക്കില്ല കാരണം ഒരു ശമ്പളക്കാരൻ ആണല്ലോ. കടയുടെ ഉടമസ്ഥൻ കണ്ടാൽ കുഴപ്പമാണ്. എങ്കിലും ഇടയ്ക്കിടെ ആ വഴി പോകുമ്പോൾ ഞാൻ അദ്ദേഹത്തെ ചെന്ന് കാണാറുണ്ടായിരുന്നു. അതുപോലെ ഒഴിവു കിട്ടുമ്പോഴെല്ലാം അദ്ദേഹം എന്നേയും കാണാൻ വരും. ഞങ്ങളുടെ ഓരോ കൂടിക്കാഴ്ചയും വിലപ്പെട്ടതായിരുന്നു.



അഞ്ചാറ് വർഷങ്ങൾക്കു മുമ്പ് ഒരു ദിനം പതിവുപോലെ ഞാൻ അദ്ദേഹത്തെ ജോലിസ്ഥലത്ത് ചെന്ന് കണ്ടപ്പോൾ എന്റെ മുഖത്ത് നിഴലിച്ചുനിന്ന ടെൻഷൻ വായിച്ചെടുക്കുകയും അതിനു കാരണം ആരായുകയും ചെയ്തു. ഞാൻ പറഞ്ഞു മാസിക ഇറക്കാനുള്ള സമയം അടുത്തുവരുന്നു. ഒരു പതിനായിരം രൂപയുടെ കുറവുണ്ട്, എന്തു ചെയ്യണമെന്ന് അറിയില്ല. അതുകേട്ടതും അദ്ദേഹം ചിന്താധീനനായി. ഞാൻ പറഞ്ഞു പണം വരും ദൈവം ആണല്ലോ എല്ലാം നടത്തിത്തരുന്നത്. വെറും 4500 രൂപ ശമ്പളം വാങ്ങി ജോലി ചെയ്തിരുന്ന അദ്ദേഹം പിറ്റേദിവസം രാവിലെ തന്നെ എന്നെ ഫോണിൽ വിളിക്കുകയും ബസ് സ്റ്റോപ്പിലേക്ക് വരുവാൻ ആവശ്യപ്പെടുകയും ചെയ്തു. കടലാസിൽ പൊതിഞ്ഞ പതിനായിരം രൂപ എന്റെ കയ്യിൽ വച്ചുതന്നിട്ടു പറഞ്ഞു മാസിക ഇറക്കിയേ മതിയാവൂ. ഈ പണം എങ്ങനെ സ്വരൂപിച്ചു എന്ന് ഞാൻ ചോദിച്ചപ്പോൾ അദ്ദേഹം ചിരിച്ചുകൊണ്ട് പറഞ്ഞു ദൈവം തന്നതാണ് വേറൊന്നും ചിന്തിക്കേണ്ട എന്ന്. പിന്നീട് എനിക്ക് അറിയാൻ കഴിഞ്ഞു അദ്ദേഹം അദ്ദേഹത്തിന്റെ ഭാര്യയുടെ വള പണയപ്പെടുത്തിയാണ് എനിക്ക് പണം തന്നത് എന്ന്. എന്തുകൊണ്ടും അധികം വൈകാതെ തന്നെ, ഏകദേശം നാലഞ്ചു ദിവസം കൊണ്ട് തന്നെ എനിക്ക് ആ പണം തിരികെ നൽകുവാനും സാധിച്ചു.


അദ്ദേഹം രചിച്ച 'തീർത്ഥാടന ലോകത്തെ മഹാത്ഭുതം' വ്യത്യസ്തമായ ഒരു യാത്രാവിവരണ പുസ്തകമാണ്. അത് ഏക തത്ത്വ പബ്ലിക്കേഷനിലൂടെ 2018 ജനുവരി മാസത്തിൽ പ്രസിദ്ധീകരിക്കാനായി. ശ്രീ. മുക്കം ഭാസി മാഷ് ശ്രീമതി. കാഞ്ചന കൊറ്റങ്ങൽക്കു നൽകിക്കൊണ്ട് പ്രകാശനം ചെയ്തു. അധികമാരും വായിച്ചിട്ടില്ലാത്ത എന്നാൽ വായിച്ചിരിക്കേണ്ട ആ പുസ്തകം ഏക തത്ത്വയുടെ ബുക്ക് ഷെൽഫിൽ വായനക്കാരെ പ്രതീക്ഷിച്ചിരിക്കുകയാണ്. ഏക തത്ത്വയോടൊപ്പം ഒരു കാലത്ത് ആ പുസ്തകവും വായിക്കപ്പെടും, ശ്രദ്ധിക്കപ്പെടും എന്നെനിക്കുറ

പ്പുണ്ട്. ആ പുസ്തകത്തിലുടനീളം അദ്ദേഹം ഏക തത്ത്വയെ പലവിധത്തിലും പരാമർശിക്കുന്നുണ്ട് മാത്രവുമല്ല മക്കയിലെ കഹബക്ക് ചുറ്റുമുള്ള പ്രദക്ഷിണ വേളയിൽ ഏക തത്ത്വയുടെ വിജയത്തിനായി പ്രാർത്ഥിച്ചിരുന്നതായും എഴുതിയിട്ടുണ്ട്.

എന്തായാലും ഏക തത്ത്വയെ ഇത്രമേൽ സ്നേഹിച്ച ഒരു നല്ല വ്യക്തിയെ നമുക്ക് നഷ്ടമായിരിക്കുകയാണ്. അദ്ദേഹം എഴുതിയ വരികളിലൂടേയും നമ്മുടെ ഉള്ളിൽ അദ്ദേഹം ബാക്കിവച്ചുപോയ കുറേ നല്ല ഓർമ്മകളിലൂടേയും അദ്ദേഹം ഇനിയും ഒരുപാട് നാൾ ജീവിക്കും. ഏക തത്ത്വ അറിയപ്പെടുന്ന ഒരു പ്രസ്ഥാനമായി മാറുന്നത് കാണാൻ അതിയായ ആഗ്രഹമുണ്ടെന്നും ഒരു പക്ഷേ ഒരു കിഡ്നി നഷ്ടപ്പെട്ട താൻ അന്നേരം ഉണ്ടാകില്ല എന്നും ഇടയ്ക്കിടെ പറയുമായിരുന്നു. ഏക തത്ത്വയുടെ വിജയത്തിനുവേണ്ടി നിത്യവും പ്രാർത്ഥിച്ചിരുന്നു.

എല്ലാ മതങ്ങളെക്കുറിച്ചും വ്യക്തമായി പഠിക്കുകയും അതിലെ എല്ലാ നല്ല ആശയങ്ങളേയും സമന്വയിപ്പിച്ച് സ്വജീവിതത്തിൽ പകർത്തി നമുക്കിടയിൽ ഒരു സാധാരണക്കാരനായി ജീവിച്ച അസാധാരണ വ്യക്തിത്വം. ശ്രീ. മുഹമ്മദ് കനി ഈ കഴിഞ്ഞ ഡിസംബർ 25 വെള്ളിയാഴ്ച ക്രിസ്തുമസ് ദിനവും ഏകാദശിയും കൂടിച്ചേർന്ന ഒരു ദിനത്തിൽ രാവിലെ ഏഴുമണിക്ക് നമ്മെ വിട്ട് യാത്രയായി. സന്തതികൾ ഇല്ലാത്ത മുഹമ്മദ് കനി - ഷഹർബാൻ ദമ്പതികൾക്ക് ഞങ്ങളെ ഏറെ ഇഷ്ടമായിരുന്നു. ഞങ്ങൾ പലപ്പോഴും ഒത്തുചേർന്ന് സൗഹൃദം പങ്കിടുമായിരുന്നു. ഏതു സമയത്തുകയറിച്ചെന്നാലും ഭക്ഷണം കഴിപ്പിക്കാതെ വിടില്ലായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ വിയോഗം എനിക്കും കുടുംബത്തിനും തീർത്താൽ തീരാത്ത നഷ്ടമാണ്, ദുഃഖമാണ് സമ്മാനിച്ചിരിക്കുന്നത്. ശ്രീമതി. ഷഹർബാന് അദ്ദേഹത്തിന്റെ വിയോഗം താങ്ങാനുള്ള ശക്തി സർവ്വേശ്വരൻ നൽകട്ടെയെന്നും പരേതാത്മാവിന് നിത്യശാന്തിക്കായും പ്രാർത്ഥിച്ചുകൊണ്ട്...

# ഒന്നും പറയാതെ തന്നെ



**ടി. കെ. ഉണ്ണികൃഷ്ണൻ**
**6238274025**

**ആ**യുർവേദ കുഴമ്പ് കൈകളിലെടുത്ത് പുരട്ടിത്തടവുമ്പോൾ, രോമങ്ങൾ നിറഞ്ഞ കാലുകളിൽ കൈവിരലുകൾ ഓടുമ്പോൾ, ആ കാലുകളുടെ ശക്തിയെ കുറിച്ച് ഓർത്തു. മുറിച്ചിട്ട മരത്തടികൾ ലോറികളിൽ കയറ്റുമ്പോൾ കാണുന്നവർ പറയുമായിരുന്നു "സാറാമ്മേ അന്റെ കെട്ടിയോന്റെ കാല് എത്ര കനം എടുത്താലും തളരില്ല."

"എന്താ സ്വപ്നം കണ്ടിരിക്കുന്നത് ?" മുറി അടിച്ചുവാരുന്ന ചീരു പുറത്തുതട്ടിയപ്പോഴാണ് പരിസരബോധം വന്നത്. രോമം നിറഞ്ഞ കാലുകളില്ല, എത്ര കനമെടുത്താലും തളരാത്ത കാലുകളുമില്ല. വെളുത്തു തടിച്ചുകൊഴുത്ത കാലുകൾ. അനങ്ങാൻ കഴിയാത്ത ആ കാലുകളിലേക്ക് കുഴമ്പ് പുരട്ടി തടവിക്കൊണ്ടിരുന്നു. രണ്ടു കുട്ടികൾ മുറിയിലേക്ക് കടന്നുവന്നു. രണ്ടുപേരുടെയും വസ്ത്രങ്ങൾ പലയിടത്തും കീറിയ പോലെ തോന്നി. മുഷിഞ്ഞിട്ടുണ്ട്, അഴുക്കിന്റെ മണം പരത്തുന്നുണ്ട്. വിശക്കുന്നു എന്ന് പറയുന്നുണ്ട്. അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകി.

"എന്തിനാ ആന്റി കരയുന്നേ ? ഞങ്ങളുടെ അമ്മ എഴുന്നേറ്റു നടക്കില്ലേ?"

കുട്ടികളുടെ ശബ്ദം കേട്ടപ്പോൾ അവൾ തലപൊക്കി. കൗതുകമുള്ള കുട്ടികൾ, ഭംഗിയുള്ള ഉടുപ്പുകൾ ! അവരിൽ നിന്ന് ഒഴുകിവരുന്ന സുഗന്ധം മുറി മുഴുവൻ പരത്തിയിരുന്നു. ഒതുക്കിവെച്ച മുടിക്കെട്ടിൽ മുല്ലപ്പൂക്കൾ ചിരിക്കുന്നുണ്ടായിരുന്നു, കാലിൽ കിടക്കുന്ന പാദസരം കുണുങ്ങി ചിരിക്കുന്നുണ്ടായിരുന്നു. അവൾ അവരെ അടുത്തേക്ക് നിർത്തി പറഞ്ഞു "എല്ലാം ശരിയാവും നിങ്ങളുടെ അമ്മ എഴുന്നേറ്റ് ഒരു ദിവസം നിങ്ങളുമായി കളിക്കും."

കുട്ടികൾ അതുകേട്ട് സന്തോഷത്തോടെ ഓടിയകന്നു.

കുഴമ്പു പിന്നേയും കൈകളിലേക്ക് ഒഴിക്കുമ്പോഴാണ് കടകട ശബ്ദം മുഴങ്ങിയത്. വലിയ വലിയ മരത്തടികൾ ലോറിയിൽനിന്ന് ഉരുണ്ടുവീഴുന്നതുപോലെ, അതിൻെറ അടിയിൽ അവളുടെ ഭർത്താവ് കിടന്ന് കരയുന്നപോലെ. അവൾ എഴുന്നേറ്റോടി. പുറത്തുവന്നപ്പോൾ മനസ്സിലായി കഴിഞ്ഞുപോയ സംഭവങ്ങളുടെ തോന്നലായിരുന്നു എന്ന്. രോഗിയായ സ്ത്രീയുടെ അനുജൻ ബൈക്കോടിച്ച് പോകുന്ന ശബ്ദമായിരുന്നു അത്. തിരിച്ച് അടുക്കളയിൽ പോയി അവർക്ക് കൊടുക്കാൻ കഞ്ഞി ഉണ്ടാക്കി കൊണ്ടുവന്ന് ടീസ്പൂൺ കൊണ്ട് വായിലേക്ക് കൊടുക്കുമ്പോൾ മുഖത്തേക്ക് നോക്കി. താടി വളർന്നതായി തോന്നി, നെറ്റി ചുളിഞ്ഞതായി തോന്നി, ശരീരം വിറയ്ക്കുന്ന പോലെ തോന്നി. എല്ലാം കണ്ട് മനസ്സ് വിങ്ങിപ്പൊട്ടി.

"കഞ്ഞി മുഴുവൻ കഴുത്തിലും ബ്ലൗസിലുമാക്കിയല്ലോ ? നീ എന്ത് നോക്കിയാണ് പണിയെടുക്കുന്നത്?"

ആ സ്ത്രീയുടെ ഭർത്താവിന്റെ അമ്മ വഴക്കിട്ടപ്പോൾ ഒന്നും മറുപടി പറയാതെ പുറത്തുപോയ കഞ്ഞി തുടച്ചുകൊടുത്തു. ദിവസങ്ങൾ നീങ്ങി, മാസങ്ങൾ നീങ്ങി... വീട്ടിലൊന്ന് പോകാൻ പറ്റിയിട്ടില്ല. അനങ്ങാതെ കിടക്കുന്ന ഭർത്താവ്, രണ്ടു കുട്ടികൾ, വയസ്സായ അമ്മ... എങ്ങിനെ കഴിയുന്നുണ്ടാവുമെന്ന ദുഃഖം ഉള്ളിലൊതുക്കി അവൾ ആ സ്ത്രീ കിടക്കുന്ന കട്ടിലിന്റെ സമീപം

താഴെ പായ വിരിച്ചു കിടന്നു. പെട്ടെന്ന് ഉറക്കെ ശ്വാസം വലിക്കുന്ന ശബ്ദം. അവൾ ഞെട്ടിയുണർന്നു. എഴുന്നേറ്റ് കട്ടിലിലേക്ക് നോക്കി. ശ്വാസം നീട്ടി നീട്ടി വലിക്കുന്നു. നെഞ്ച് ഉയർന്നും താഴ്ന്നുമിരിക്കുന്നു. ഭയം ഉള്ളിൽ ആളിക്കയറി.

"എന്റെ വിശ്വേട്ടാ..." അവൾ ആ മാറിലേക്ക് വീണു. അവളുടെ കരച്ചിൽ കേട്ട് വീട്ടുകാർ ഓടിയെത്തി. മുറിയിൽ ലൈറ്റ് തെളിഞ്ഞു. ആ സ്ത്രീയുടെ മാറിൽ കിടന്നുകരയുന്ന അവളെ ആരോ എടുത്തു മാറ്റി. അപ്പോഴും അവൾ വിങ്ങിവിങ്ങി കരയുന്നുണ്ടായിരുന്നു.

"എന്റെ വിശ്വേട്ടാ... എന്നെ വിട്ട് പോകല്ലേ..."

ആരും അത് ശ്രദ്ധിച്ചില്ല. എല്ലാവരുടെയും കണ്ണുകൾ നിറഞ്ഞു. പലയിടത്തേയ്ക്കും ഫോണുകൾ കറങ്ങി. പിറ്റേദിവസം ആളുകൾ നിറഞ്ഞു. ശവസംസ്കാരത്തിന് ഒരുക്കങ്ങൾ നടന്നു. എല്ലാം കഴിഞ്ഞ് ആളുകൾ പിരിഞ്ഞപ്പോൾ വീട്ടുകാർ മാത്രമായി. ആ സ്ത്രീയുടെ അമ്മ പറഞ്ഞു "ഇവൾക്ക് എന്താച്ചാൽ കൊടുത്ത് പറഞ്ഞയച്ചേക്ക്."

ഒരു കാരണവർ വന്ന് നോട്ടുകൾ നീട്ടി. അത് വാങ്ങി ബാഗുമായി ഇറങ്ങുമ്പോൾ ലക്ഷ്യം, പുതിയ ജോലിക്കായി ഏജന്റിനെ കാണുകയായിരുന്നു. പിന്നെ വീട്ടിലേക്ക് നടന്നു. അവളെ കണ്ടപ്പോൾ മുറ്റത്തു കളിക്കുന്ന കുട്ടികൾ അമ്മേ എന്ന് വിളിച്ച് കെട്ടിപ്പിടിച്ചു. അവരെയെടുത്തു കൊഞ്ചിക്കുമ്പോൾ അവരുടെ ശരീരത്തിലെ അഴുക്ക് സാരിയിൽ ഇഴുകിപ്പിടിച്ചു. ബാഗ് തുറന്ന് അവർക്ക് മിഠായി കൊടുത്തു. വീട്ടിനുള്ളിൽ കടന്നപ്പോൾ അമ്മ അടുക്കളയിൽ വിറക് കത്തിക്കുകയായിരുന്നു. മുറി മുഴുവനും പുക നിറഞ്ഞിട്ടുണ്ട്. അവൾ ചുമച്ചുപോയി. അതു കേട്ടാവണം അമ്മ തിരിഞ്ഞുനോക്കിയത്. "നീ വന്നോ ? നന്നായി. രണ്ടുദിവസമായി അവനൊന്നും കഴിച്ചിട്ടില്ല."

വേദന കടിച്ചമർത്തി അവൾ ഭർത്താവ് കിടക്കുന്ന കട്ടിലിനരികിലെത്തി. അനക്കമില്ലാത്ത ശരീരം അവളെ കണ്ടപ്പോൾ കട്ടപിടിച്ച കണ്ണുനീർത്തുള്ളികൾ കനം കൂടി. ചുളിഞ്ഞ വരകൾ നെറ്റിയിൽ തെളിഞ്ഞു. മുഖത്ത് വിയർപ്പു പൊടിഞ്ഞു. വരണ്ട ചുണ്ടുകളിൽ എന്തോ പറയാൻ പറ്റാത്ത വിഷമം. ഒന്നും പറയാതെ തന്നെ അവൾ അതു മനസ്സിലാക്കിയിരുന്നു. 'നീ എൻെറ അടുത്ത് വേണം, നീ പോകരുത്.'

അവൾക്ക് സഹിക്കാനുള്ള ശക്തി നശിച്ചിരുന്നു. താഴെ ഇരുന്ന് അയാളുടെ മാറിലേക്ക് തല വെച്ച് തേങ്ങി തേങ്ങി കരഞ്ഞു. അഴുക്ക് കട്ട പിടിച്ച മാറിലെ രോമങ്ങളിൽ അവളുടെ കണ്ണുനീർ അക്ഷരങ്ങളായി ഇറ്റിറ്റു വീണു. "ജോലിക്ക് പോയില്ലെങ്കിൽ വീട്ടുചെലവ് എങ്ങനെ നടക്കും ? മരുന്നുകൾ എങ്ങനെ വാങ്ങും... ?"

●

■ നാടകം

# അന്വേഷകൻ



**അഭിജിത്ത്**
**9744586945**

ന്യൂസ് റീഡർ

എല്ലാവർക്കും ക്രൈം ന്യൂസിലേക്ക് സ്വാഗതം. 2019 കഴിയുമ്പോൾ കേരളത്തെ ഞെട്ടിച്ച വാർത്തയാണ് പാലക്കാടിൽ സംഭവിച്ചത്. ഭീതി നിറഞ്ഞ വർഷമായിരുന്നു പാലക്കാട്ടുകാർക്ക് 2019. പന്ത്രണ്ട് കൊലപാതകങ്ങൾ. അതും ശിക്ഷ അനുഭവിച്ച് ജയിലിൽ നിന്നും ഇറങ്ങിയവർ, സ്വന്തം ഭാര്യയേയും കുഞ്ഞുങ്ങളേയും കൊന്നവർ. സിനിമയിൽ കാണുന്ന പോലെ ഒരു സീരിയൽ കില്ലർ രൂപം കൊണ്ടിരിക്കുന്നു. ഇതിനുവേണ്ടി ഒരു പുതിയ സ്ക്വാഡ് രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നു. സീരിയൽ കില്ലർസ് ആയിരിക്കും ഇവരുടെ ലക്ഷ്യം. ഈ വിഭാഗത്തിൽപ്പെട്ട കേസുകൾ ഏറ്റെടുത്ത ഈ സ്ക്വാഡ് സാൻജോ അലക്സ് നയിക്കും.

പോലീസ് കമ്മീഷ്ണർ അനൂപ് ദേവ് കുമാറിനെ കാണാൻ സാൻജോ ഓഫീസിൽ എത്തി.

*അനൂപ് :* വെൽക്കം സാൻജോ, നൈസ് ടു മീറ്റ് യൂ.

*സാൻജോ :* താങ്ക്യൂ സർ.

*അനൂപ് :* വിത്തിൻ ടൂ ത്രീ ഇയേഴ്സ് യൂ മേഡ് എ ഗുഡ് സർവ്വീസ് റെക്കോർഡ്. ബോംബേയിലും ഡൽഹിയിലുമായി പല ഓപറേഷനുകളിലും സാൻജോ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. ആന്റ് ദാറ്റ്സ് വൈ യൂ ആർ ചോസൻ ഫോർ ദിസ്.

*സാൻജോ :* ഐ വിൽ ഡൂ മൈ ബെസ്റ്റ് സർ.

*അനൂപ് :* എനി വേ, വീ ഷുഡ് ഫൈന്റ് ദി മാക്സിമം കില്ലേഴ്സ് എസ്പെഷ്യലി സീരിയൽ കില്ലേഴ്സ്. ഓഹ്, ഐ ആം സോറി പ്ലീസ് ഹാവ് യുവർ സീറ്റ്.

*സാൻജോ :* താങ്ക്യൂ സർ.

*അനൂപ് :* യുവർ ടീം മെമ്പേഴ്സ് വിൽ ജോയിൻ യൂ ടുമാറോ. മോണിംഗ് അറ്റ് ഇലവൻ എ. എം. സോ പ്ലീസ് കം ഹാവ് ആന്റ് ജോയിൻ യുവർ ടീംമേറ്റ്സ്.

*സാൻജോ :* ഓകെ സർ.

*അനൂപ് :* നിങ്ങളുടെ ഫസ്റ്റ് കേസ്, കഴിഞ്ഞ ഒരു കൊല്ലമായി പാലക്കാടിനെ ഞെട്ടിക്കുന്ന സംഭവമാണ്. ജയിൽ ശിക്ഷ കഴിഞ്ഞ് പുറത്തിറങ്ങുന്ന പ്രതികൾ. അവർ ഇറങ്ങിയ അതേ മാസം തന്നെ അവർ മരണപ്പെടുന്നു. വെരി സ്ട്രേഞ്ച് !

*സാൻജോ :* സർ, അക്കോർഡിംഗ് ടു മൈ ഒബ്സർവ്വേഷൻ, മരിച്ച പന്ത്രണ്ട് പേരിൽ രണ്ടുപേർ സ്വന്തം മകളെ പീഡിപ്പിച്ച് കൊന്നവർ, മൂന്നു പേർ ഭാര്യയെ കാമുകിക്കുവേണ്ടി കൊന്നവർ, രണ്ടുപേർ കള്ള് കുടിച്ച് ഓവറായി വന്ന് ഗർഭിണികളായി സ്വന്തം ഭാര്യയെ കൊന്നവർ, രണ്ടുപേർ അനിയന്റെ ഭാര്യയെ പീഡിപ്പിച്ച് കൊന്നവർ, അവസാനം മരിച്ച മൂന്നുപേർ സംശയത്തിന്റെ പേരിൽ സ്വന്തം ഭാര്യയേയും മക്കളേയും കൊന്നവർ.

*അനൂപ് :* സത്യത്തിൽ ഇവൻമാർ ഒന്നും ജീവനോടെ ഇരിക്കേണ്ടവരല്ല.

*സാൻജോ :* സർ പറഞ്ഞത് ശരിയാണ്. പക്ഷേ സാർ ഇതിൽ ഒരു കോമൺ ഫാക്ടർ ഉണ്ട്, വിച്ച് ഹെൽപ്സ് ടു സ്റ്റാർട്ട് ദിസ് മിഷൻ.

*അനൂപ്:* വാട്സ് ഇറ്റ് ?

*സാൻജോ :* സർ, ഈ കൊല്ലപ്പെട്ട പന്ത്രണ്ട് പേരും കൊലപാതകികളാണ്. മരിച്ചവർ സ്ത്രീകളാണ്, അമ്മമാരാണ്, ഗർഭിണികളാണ്, കുട്ടികളാണ്. സോ ദേർ എക്സിസ്റ്റ് എ മദർ ചൈൽഡ് റിലേഷൻഷിപ്പ്. സർ ഇതിൽ നിന്ന് ഒരുകാര്യം തീർച്ചയാണ്. സ്ത്രീകളെ കൊലപ്പെടുത്തുന്നവരെയാണ് പ്രതി നോട്ടം ഇടുന്നത്. ഈ വഴിക്ക് ഒരു അന്വേഷണം നടത്തിക്കഴിഞ്ഞാൽ മേ ബീ വീ മേ ഗെറ്റ് എ ക്ലൂ.

*അനൂപ് :* ഗുഡ് ബിഗിനിംഗ് സാൻജോ.

*സാൻജോ :* താങ്ക്സ് സർ.

*അനൂപ് :* വാട്ട് എബൗട്ട് യുവർ ഫാമിലി ?

*സാൻജോ :* സർ ഐ ആം മാരീഡ്. അവളുടെ പേര് ലിസി. ഇപ്പോ ഒരു വർഷം കഴിഞ്ഞു. കുട്ടികൾ ആയിട്ടില്ല.

*അനൂപ് :* ഗുഡ്.

*സാൻജോ :* സർ വൺ മിനുട്ട്. ഒരു കോൾ.

*അനൂപ് :* യാ, ടേക്ക് ഇറ്റ്.

*സാൻജോ :* ഞാൻ ഓഫീസിലാണ്. എന്താ കാര്യം ?

ഫോണിലൂടെ സാൻജോ അറിയുന്നു താൻ ഒരു അച്ഛനാവാൻ പോവുകയാണെന്ന്. സാൻജോ അനൂപിനോട് കാര്യവും പറഞ്ഞ് ഓഫീസിൽ നിന്നുപോകുന്നു.

അന്വേഷണത്തിൽ ആദ്യത്തെ ഒരു ആഴ്ചയ്ക്കുശേഷം.

*സാൻജോയുടെ ഓഫീസിൽ...*

*ടീം മെമ്പർ :* സർ, ഈ പത്രത്തിലെ ഈ ന്യൂസ് ശ്രദ്ധിച്ചോ സർ. നമ്മൾ അന്വേഷിക്കുന്ന കേസുമായി നല്ല ബന്ധമുണ്ട്. പാലക്കാട് സീരിയൽ കില്ലർ കേസിന്റെ അതേ പാറ്റേനാണ്. ഇതിലും മാരകമായ സ്റ്റീൽ റോട് ഉപയോഗിച്ച് വയറ്റിൽ കുത്തി ഇറക്കുക.

*സാൻജോ :* യെസ്. യു ആർ കറക്റ്റ്. എത്രയും പെട്ടെന്ന് അവിടുത്തെ പോലീസുമായി കോൺടാക്ട് ചെയ്യണം. കൂടുതൽ ഇൻഫോർമേഷൻ കിട്ടുകയാണെങ്കിൽ നമ്മളുമായി ബന്ധപ്പെടാൻ പറയണം.

*ടീം മെമ്പർ :* സർ, പക്ഷേ നമുക്ക് ഇതുവരെ ആ സ്ത്രീയുടെ ബോഡി കിട്ടിയിട്ടില്ല.

*സാൻജോ :* ആരുടെ ബോഡി ?

*ടീം മെമ്പർ :* സർ, സംഭവം നടക്കുന്ന സ്ഥലത്തിന് അടുത്തുള്ള ഒരു വീട്ടിൽ രാത്രി ഏകദേശം ഒരു പന്ത്രണ്ട് മണിയായപ്പോൾ അവിടുത്തെ ചെറുക്കൻ ഫോണിൽ സംസാരിച്ചു കൊണ്ടിരിക്കുമ്പോൾ ആയിരുന്നു സംഭവം. അവൻ ഫോണിൽ അത് കാപ്ച്ചർ ചെയ്തു. പെട്ടെന്ന് മഴ പെയ്തു. അപ്പോ അവൻ ഉള്ളിലേക്കു പോയി. പിന്നീട് മഴ കഴിഞ്ഞ് നോക്കിയപ്പോൾ അവിടെ ആരുമില്ല. പിന്നീട് അവർ പോലീസിൽ അറിയിക്കുകയായിരുന്നു.

*സാൻജോ :* ഹീ ഈസ് എ ബ്രേവ് ഗൈ !

*ടീം മെമ്പർ :* സർ ഹീ ഈസ് എ ജേർണലിസ്റ്റ്. ലോക മാധ്യമം എന്ന പത്രത്തിന്റെ ഒരു ബിഗിനർ ജേർണലിസ്റ്റാണ്.

അന്നുരാത്രി സാൻജോയും കുടുംബവും സെക്കന്റ് ഷോയ്ക്ക് പോയി തിരിച്ച് വീട്ടിലെത്തിയപ്പോൾ നേരം വൈകി. രാവിലെ ഒരു അലർച്ച കേട്ടാണ് സാൻജോ എഴുന്നേറ്റത്. ലിസി വന്ന് സാൻജോയേയും കൂട്ടി പുറകിലുള്ള ഷെഡ്ഡിലേക്കുപോയി. അവിടെ ഒരു ചാക്ക് കിടക്കുന്നതുകണ്ടു. അതിനുള്ളിൽ രണ്ടുദിവസം മുൻപ് കാണാതായ ആ സ്ത്രീയുടെ ശവശരീരം ആയിരുന്നു. അതുകണ്ടതും സാൻജോയും ലിസിയും ഞെട്ടി. ആലുവയിൽ നിന്ന് എങ്ങനെ ആ സ്ത്രീയുടെ ശവശരീരം എന്റെ വീട്ടിൽ എത്തി. സാൻജോ അസ്വസ്ഥനായി. പോലീസും മീഡിയയും പെട്ടെന്നുതന്നെ അവിടെ എത്തി.

ഒരാഴ്ച കഴിഞ്ഞ്... സാൻജോവിന്റെ ഫോണിലേക്ക് ലിസിയുടെ ഫോണിൽ നിന്ന് ഒരു ഫോൺ കോൾ.

*സാൻജോ :* ഹലോ, പറ, ഡോക്ടർ എന്തുപറഞ്ഞു ?

*സൈക്കോ :* ഡോക്ടർ എന്തു പറഞ്ഞുവെന്ന് അറിയില്ല. ഞാൻ ഇപ്പോ പറയാൻ പോകുന്ന കാര്യം നീ ശ്രദ്ധിച്ചുകേൾക്കണം.

*സാൻജോ :* ഓകെ.

സൈക്കോ: സത്യത്തിൽ എനിക്ക് വേണ്ടത് ലിസിയെ അല്ല, നിന്നെയാണ്. ഞാൻ പറയുന്ന സ്ഥലത്തിലേക്ക് നീ ഒറ്റയ്ക്ക് വരണം. അങ്ങനെയാണെങ്കിൽ നിനക്ക് നിന്റെ ഭാര്യയെ കൊണ്ടുപോകാം. ഇനി ഒരു സിനിമ സ്റ്റൈൽ അറ്റാക്ക് നടത്താനാണ് പ്ലാനെങ്കിൽ നീ കൊണ്ടുപോകുന്നത് നിന്റെ ഭാര്യയുടെ ശവശരീരമായിരിക്കും.

*സാൻജോ :* ഞാൻ... ഞാൻ എങ്ങോട്ടാണ് വരേണ്ടത് ?

*സൈക്കോ :* ലൊക്കേഷൻ ഞാൻ നിനക്ക് വാട്സ് ആപ്പ് വഴി അയക്കാം. ഇനി ഇത്രയും പറഞ്ഞ് ഒരു അറ്റംപ്റ്റ് കാണിക്കാൻ പോവുകയാണെങ്കിൽ, നിന്റെ വാട്സ് ആപ്പ് തുറന്നാൽ ഒരു വീഡിയോ കാണും. അതുകണ്ടതിനുശേഷം മാത്രം വേണ്ടതുചെയ്യുക...

കോൾ കട്ട് ആയി. സാൻജോ വാട്സ് ആപ്പ് തുറന്നു. അതിൽ ഒരു വീഡിയോ വന്നുകിടപ്പുണ്ട്. സാൻജോ ആ വീഡിയോ ഓപ്പൺ ചെയ്തു. സാൻജോ ഞെട്ടി. ലിസിയെ ഒരു മുറിയുടെ അറ്റത്ത് കെട്ടിയിട്ടിരിക്കുന്നു. മുറിവുകൾ ഒന്നും കണ്ടില്ല.

പെട്ടെന്ന് ലൊക്കേഷൻ എത്തി. തന്റെ തോക്കിലെ ബുള്ളറ്റ് ഫുൾ ലോഡ് ചെയ്തു എന്നിട്ട് അത് സോക്സിന്റെ ഇടയിൽ വെച്ചു. സാൻജോ ആരോടും പറയാതെ ഓഫീസിൽ നിന്നിറങ്ങി. വണ്ടിയിൽ കയറിയതും ഒരു കോൾ. അത് ആ സൈക്കോ ആയിരുന്നു. സാൻജോ കോൾ അറ്റന്റ് ചെയ്തു.

*സൈക്കോ :* ഇനി ഒരു കോളും അറ്റന്റ് ചെയ്യരുത്. ആരോടും ഒരു കമ്മ്യൂണിക്കേഷൻ പോലും പാടില്ല.

കോൾ കട്ട് ആയി. സാൻജോ കാർ എടുത്തു. നാൽപ്പതു മിനുട്ടിനുശേഷം, സാൻജോ സ്ഥലത്തെത്തി. വിജനമായ സ്ഥലം. രണ്ടുനിലയുള്ള ഒരു കെട്ടിടം. സാൻജോ സൂക്ഷിച്ച് സൂക്ഷിച്ച് രണ്ടാം നിലയിൽ എത്തി. കറുത്ത കോട്ടിട്ട ഒരു ആൾ രൂപം. പെട്ടെന്ന് ആ രൂപം സാൻജോവിനെ നോക്കി.

*സൈക്കോ :* എന്താ മരുമകനെ ആദ്യമായി കാണുന്ന പോലെ നോക്കുന്നത്.

സാൻജോ ഞെട്ടി.

*സൈക്കോ :* മരുമകനായിട്ടല്ല സ്വന്തം മകനായിട്ടാണ് ഞാൻ നിന്നെ കണ്ടത്. പക്ഷേ ലോകത്ത് ഒരു അച്ഛനും പൊറുക്കാൻ പറ്റാത്ത തെറ്റാണ് നീ ചെയ്തത്.

*ഫ്ളാഷ് ബാക്ക്*

സാൻജോ അനാഥനാണ്. ട്രീസ എന്ന പെൺകുട്ടി സാൻജോവിനെ കണ്ട് ഇഷ്ടത്തിലായി. ബെൻജമിൻ തോമസിന്റെ (സൈക്കോ) മകളാണ് ട്രീസ. ട്രീസയുടെ ഒരു ഇഷ്ടത്തിനും ബെൻജമിൻ എതിർ നിൽക്കാറില്ല. അങ്ങനെ ട്രീസയും സാൻജോയും വിവാഹിതരായി. കല്യാണ ദിവസം...

*ബെൻജമിൻ :* പ്രസവത്തോടെ ട്രീസയുടെ അമ്മ മരിച്ചു. അമ്മയുടെ ഒരു കുറവും ഞാൻ അവൾക്ക് വരുത്തിയിട്ടില്ല. അവൾ സങ്കടപ്പെട്ടാൽ എനിക്ക് അത് സഹിക്കാൻ പറ്റില്ല. ഞാൻ അവൾക്ക് അച്ഛൻ മാത്രമല്ല, നല്ലൊരു സുഹൃത്തുമാണ്. ഞാൻ നിന്നെ മരുമകനായിട്ടല്ല സ്വന്തം മകനായിട്ടാണ് കാണുന്നത്. നീ അവളെ പൊന്നുപോലെ നോക്കണം.

*സാൻജോ :* ഞാൻ അവളെ പൊന്നുപോലെ നോക്കിക്കൊള്ളാം.

സാൻജോവിന് ജോലി ഒന്നും ഉണ്ടായിരുന്നില്ല. എന്നാൽ ഫാഷൻ വേൾഡ് എന്ന കമ്പനിയിലെ ഒരു ഫാഷൻ ഡിസൈനർ ആയിരുന്നു ട്രീസ.

ഒരു വർഷത്തിനുശേഷം, ഒരുദിവസം ട്രീസ ഓഫീസിൽ വെച്ചു ബോധംകെട്ടുവീണു. കൂടെ ജോലി ചെയ്യുന്നവർ ട്രീസയെ ആശുപത്രിയിൽ കൊണ്ടുപോയി. ഡോക്ടർ കുറച്ചുടെസ്റ്റുകൾ നടത്തി. ആ ടെസ്റ്റ് റിസൽട്ടിൽ ട്രീസ ഗർഭിണിയാണെന്ന് മനസ്സിലായി. ട്രീസ ഈ സന്തോഷ വാർത്ത തന്റെ അച്ഛനെ വിളിച്ചറിയിച്ചു. ബെൻജമിൻ വളരെയധികം സന്തോഷിച്ചു. സാൻജോവിനെ വിളിച്ചപ്പോൾ കിട്ടുന്നുണ്ടായിരുന്നില്ല. ട്രീസ ആശുപത്രിയിൽ നിന്നും നേരേ വീട്ടിലേക്ക് പോയി. ട്രീസ ഡോർ ബെൽ അടിച്ചു. ആരും തുറന്നില്ല. പിന്നീട് വാതിൽ തുറക്കാൻ ശ്രമിച്ചു. വാതിൽ തുറന്നു. ട്രീസ അകത്തുകയറി. പക്ഷേ അവിടെ ആരും ഉണ്ടായിരുന്നില്ല. ട്രീസ മുകളിലേക്ക് പോകുന്നതിനിടെ ജനലിലൂടെ നോക്കിയപ്പോൾ ഒരു രംഗം കണ്ടു. ഒരു ഭാര്യയ്ക്കും സഹിക്കാൻ പറ്റാത്ത ഒരു രംഗം. സാൻജോ അടുത്ത വീട്ടിലെ മേരി ചേച്ചിയും തമ്മിൽ തെറ്റായ ഒരു ബന്ധം സ്ഥാപിക്കുന്നു. ട്രീസ ഞെട്ടിപ്പോയി. താൻ എത്രയോ സ്നേഹിച്ച തന്റെ ഭർത്താവ് മറ്റൊരു സ്ത്രീയുമായി തെറ്റായ ബന്ധം സ്ഥാപിക്കുന്നത് ട്രീസയ്ക്ക് സഹിക്കാൻ കഴിഞ്ഞില്ല. ട്രീസ അവിടെ നിന്നുപോയി. തന്റെ അച്ഛനെ കണ്ടുകാര്യങ്ങളെല്ലാം പറഞ്ഞു.

ബെൻജമിൻ : നീ വിഷമിക്കേണ്ട. വൈകുന്നേരം ആറുമണി കഴിഞ്ഞില്ലെ ? നീ വീട്ടിലേക്ക് പോ. അവനോട് ഒന്നും ചോദിക്കേണ്ട. ഒന്നും അറിയാത്ത ഭാവത്തിൽ നടന്നാൽ മതി. ഞാൻ നാളെ രാവിലെ നേരത്തേ വരാം.

സങ്കടത്തോടെ ട്രീസ വീട്ടിലേക്ക് പോയി. ഒന്നും അറിയാത്ത പോലെ ട്രീസ നടന്നു. കുറച്ചുകഴിഞ്ഞ് സാൻജോ മുറിയിലേക്കുപോയി. അപ്പോൾ അവൾ അവിടെ കിടക്കുകയായിരുന്നു. ട്രീസ വന്നതും കണ്ടതും സാൻജോ അപ്പോൾ തന്നെ ശ്രദ്ധിച്ചിട്ടുണ്ടായിരുന്നു. ഐ.പി.എസ്. ടെസ്റ്റിന് അപേക്ഷിച്ചിരിക്കുകയായിരുന്നു സാൻജോ. ഇങ്ങനെ ഒരു കേസ് തന്റെ പേരിൽ വന്നാൽ അത് തന്റെ ഭാവിയെ ബാധിക്കുമെന്ന് സാൻജോവിന് തോന്നി. കൂടാതെ ഈ കേസ് സാൻജോയുടേയും മേരിയുടേയും ജീവിതം അധോഗതിയിലാകും. മേരിയുടെ ഭർത്താവ് ഒരു മിലിട്ടറിക്കാരനാണ്. ആറുമാസം കൂടുമ്പോഴേ നാട്ടിൽ വരാറുള്ളൂ. അവർക്ക് കുട്ടികളില്ല. അങ്ങനെ അന്നുരാത്രി മേരിയും സാൻജോയും കൂടി ട്രീസയെ കൊന്നു, എന്നിട്ട് കെട്ടിത്തൂക്കി ആത്മഹത്യയെന്നുവരുത്തി. ട്രീസയുടെ കൈയക്ഷരത്തിൽ സാൻജോ ഒരു ആത്മഹത്യ കുറുപ്പും എഴുതി.

പിറ്റേ ദിവസം ബെൻജമിൻ അറിയുന്നത് ട്രീസയുടെ മരണവാർത്തയാണ്. തന്റെ മുഴുവൻ ജീവനും പോയ അവസ്ഥ. ബെൻജമിൻ കരഞ്ഞില്ല, ദേഷ്യപ്പെട്ടില്ല, ഒരുതരം മരവിപ്പ്.

*ഇപ്പോൾ...*

*ബെൻജമിൻ :* ഒരാഴ്ചയ്ക്കുശേഷം നീ അവിടെ നിന്നുപോയി. പിന്നീട് നീ അങ്ങോട്ട് തിരിച്ചുവന്നിട്ടില്ല. എനിക്ക് അറിയാമായിരുന്നു നീയും അവളും കൂടിയാണ് എന്റെ മകളെ കൊന്നതെന്ന്. മരിക്കുന്നതിനുമുൻപ് അവൾ എന്നോടെല്ലാം പറഞ്ഞു. അതിനുശേഷം ഞാൻ നിന്നെ തിരയുകയായിരുന്നു. പക്ഷേ നീ നാടുവിട്ടു. അപ്പോഴാണ് ഞാൻ അങ്ങനത്തെ വാർത്തകൾ അറിയുവാൻ തുടങ്ങിയത്. സ്വന്തം ഭാര്യയേയും കുഞ്ഞിനേയും കൊല്ലുക, വില്ക്കുക, ഉപദ്രവിക്കുക. ഇത്രയും ചെയ്തവർക്ക് വെറും ജയിൽ ശിക്ഷ മാത്രം. അതുപോരാ, അതുകൊണ്ടാണ് ഞാൻ അവർക്ക് ശിക്ഷ വിധിച്ചത്. അപ്പോഴാണ് ആ കേസ് അന്വേഷിക്കാൻ നീ എത്തിയത്. നിനക്ക് ഒരു സമ്മാനം തരാൻ വേണ്ടിയാണ് ഞാൻ മേരി

യെ കൊന്ന് നിന്റെ വീട്ടിൽ കൊണ്ടിട്ടത്.

ഈ സമയത്ത് സാൻജോവിന്റെ ബാക്കി ടീം മെമ്പേഴ്സ് ലിസിയെ തട്ടിക്കൊണ്ടുപോന്നത് അറിഞ്ഞു. സാൻജോ ആരോടും ഒന്നും പറയാത്തതുകൊണ്ട് അവർ സാൻജോവിനെ തിരയുകയായിരുന്നു. അവസാനം സാൻജോ ഉള്ള സ്ഥലം അവർ കണ്ടുപിടിച്ചു. അവർ അങ്ങോട്ട് വണ്ടിതിരിച്ചു.

*ബെൻജമിൻ :* ഇതുപോലെയൊരു അവസ്ഥ ഒരു മാതാപിതാക്കൾക്കും ഉണ്ടാവരുത്.

ഇതുപറഞ്ഞതും ബെൻജമിനും സാൻജോയും തമ്മിൽ യുദ്ധം തുടങ്ങി.

*അടുത്ത രംഗം*

പോലീസ് എത്തി. അവർ അവിടെ കണ്ടത് ബോധരഹിതയായി കിടക്കുന്ന ലിസിയേയാണ്. കുറച്ചു മാറി ബെൻജമിനും സാൻജോയും മരിച്ചുകിടക്കുന്നു.

*അടുത്ത രംഗം*

ഒരു വർഷത്തിനുശേഷം. അതേദിവസം കുഴിമാടത്തിനരികിൽ നിന്നും വരികയായിരുന്നു ലിസി. സാൻജോയുടെ ടീമിൽ പെട്ട ഒരാൾ ആയിരുന്നു അഞ്ജു എബ്രഹാം.

*അഞ്ജു :* ഹൈ ലിസി. ഞാൻ അഞ്ജു. അന്ന് ആ സൈക്കോ കില്ലറിനെ കണ്ടുപിടിക്കുന്ന കേസിൽ സാൻജോയുടെ ടീമിൽ ഞാനും ഉണ്ടായിരുന്നു.

*ലിസി :* ഓ, ഐ ആം സോറി. പെട്ടെന്ന് എനിക്ക് മനസ്സിലായില്ല. എന്താ ഇവിടെ ?

*അഞ്ജു :* എന്റെ അച്ഛന്റെ കല്ലറ ഇവിടെയാണ്. എല്ലാ വർഷവും ഞാനിവിടെ വരും. ലിസി എന്തിനാ വന്നതെന്ന് എനിക്ക് മനസ്സിലായി. വിവേർ ഹെൽപ്പ്ലെസ്സ് അറ്റ് ദാറ്റ് ടൈം. ഐ ആം സോറി.

*ലിസി :* നോ നോ ഇറ്റ്സ് ഓകെ. എന്നാ ഞാൻ പോട്ടെ ?

അഞ്ജു : ശരി ബൈ. അല്ലാ ലിസിയുടെ കുട്ടിയുടെ പേര് പറഞ്ഞില്ല.

*ലിസി :* ബെൻജമിൻ.

അത് പറഞ്ഞതിനുശേഷം ലിസി തിരിഞ്ഞുനടന്നു. ഒരു വർഷത്തിനുമുൻപ് ആ ദിവസം ലിസി ഓർത്തു.

സാൻജോ ബെൻജമിനെ ചവിട്ടി താഴെയിട്ടു.

*സാൻജോ :* അതേടോ, ഞാൻ തന്നെയാണ് എല്ലാം ചെയ്തത്. എന്റെ വളർച്ചയ്ക്ക് !

അത് പറഞ്ഞതിനുശേഷം സാൻജോ ബെൻജമിനെ ഷൂട്ട് ചെയ്തു. പക്ഷേ എല്ലാം കേട്ടുകൊണ്ട് ലിസി അവിടെ തളർന്ന് കിടക്കുന്നുണ്ടായിരുന്നു. പക്ഷേ അത് സാൻജോ അറിഞ്ഞില്ല.

സാൻജോ നോക്കിയപ്പോൾ ലിസിയെ അറ്റത്തെ മുറിയിൽ കണ്ടു. സാൻജോ ലിസിയെ കൈ പിടിച്ച് നടത്തിച്ചു. പെട്ടെന്ന് ലിസി സാൻജോവിന്റെ കൈയിലെ തോക്ക് എടുത്തു. ലിസി സാൻജോവിനെ ഷൂട്ട് ചെയ്തു. പിന്നീടവൾക്ക് ഒന്നും ഓർമ്മയില്ല ക്ഷീണം കാരണം ലിസി കുഴഞ്ഞുവീണു.

ലിസി പോയത് സാൻജോവിന് പൂക്കൾ വെക്കാൻ ആയിരുന്നില്ല, ബെൻജമിന് പൂക്കൾ വെക്കാൻ ആയിരുന്നു. അവിടെ നിന്ന് തിരിച്ചുപോകുമ്പോഴാണ് ലിസി ഇതെല്ലാം ഓർക്കുന്നത്. അവൾ മനസ്സിലോർത്തു - എനിക്ക് സാൻജോവിന്റെ ഭൂതകാലം ഒന്നും അറിയില്ലായിരുന്നു. അവന്റെ ഉള്ളിൽ ഇങ്ങനെ ഒരു ദുഷ്ടൻ ഉണ്ടായിരുന്നുവെന്ന് ഞാൻ അപ്പോഴാണ് അറിഞ്ഞത്. എല്ലാം അറിഞ്ഞിട്ട് ഞാൻ മാപ്പു കൊടുത്താൽ ട്രീസയും ട്രീസയുടെ അച്ഛനും ജനിക്കാൻ ഇരുന്ന അവളുടെ കുട്ടിയും എന്നേയും എന്റെ കുഞ്ഞിനേയും ശപിക്കും. അവർക്കുവേണ്ടി ഞാൻ ഇതെങ്കിലും ചെയ്യണ്ടേ... •

**കൃതികളയക്കുമ്പോൾ ശ്രദ്ധിക്കുക**

മദ്യം, മയക്കുമരുന്ന്, പുകയില ഉത്പന്നങ്ങൾ ഉപയോഗിക്കുന്നവർ, അനാശാസ്യ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർ തുടങ്ങി പലവിധ ദുശ്ശീലങ്ങളിൽ അടിമപ്പെട്ടവർ ഏക തത്ത്വയിലേയ്ക്ക് കൃതികൾ അയക്കരുത്. നന്മ നിറഞ്ഞ നല്ല മനുഷ്യർ എഴുതട്ടെ. അവർക്കും വേണ്ടേ ഒരിടം. കൃതി അയക്കേണ്ട വിലാസം :

**ഏക തത്ത്വ, പോസ്റ്റ് ബോക്സ് നമ്പർ - 70, പാലക്കാട് -678001.**

# തുറുപ്പുഗുലാൻ

**കെ പി യൂസഫ്**
**9496624731**

ജീവിതമൊരു
പകിട കളിയാണ്
ക്ലാവറും ഡൈമണും
നിരത്തുന്ന
അസ്സൽ ചൂതാട്ടം
ആഢ്യൻ തലകുത്തി നിൽക്കും
സ്പേഡ് ഗുലാനാകും
രാജാവ് നഗ്നനാണെന്ന്
ആരോ വിളിച്ചു പറഞ്ഞു
അവനു ഭ്രാന്ത്
വെറും പിരാന്തല്ല
മുഴുപ്പിരാന്ത്
ജീവിതമൊരു
തുലാസാണ്
ഇരുവശത്തും
പിച്ചള പാത്രങ്ങൾ
തൂക്കിയ തുലാസ്
പെട്ടി തുലാസിൽ
തൂങ്ങിയ ജീവിതങ്ങൾ
ഇലക്ട്രോണിക് തുലാസിൽ
സംസ്കരിക്കപ്പെട്ടു.

# ഭയം

**തുളസി കേരളശ്ശേരി**
**8078033426**

ഒരു തിരി കത്തിച്ചു പിടിച്ചവൻെറ
കണ്ണിലെ പ്രകാശം ഭയന്നാവണം
ഇരുട്ടോളം മങ്ങിയവേഷധാരി
ചെറുവെളിച്ചത്തെ പഴിച്ചത്...
ഒരു മിന്നാമിന്നിക്കുണ്ടോ പകൽ
സൃഷ്ടിക്കാൻ കഴിയുന്നു എന്നു
പരിഹസിച്ചത്...
വെട്ടമില്ലായ്മയാണിതിലും
ഭേദമെന്നു കെറുവിച്ചത്...!
മൂടിവച്ച കൽമഷവുമായ്,
പുറംതിരിഞ്ഞുനിൽക്കുന്നവ-
നെപ്പൊഴും
ഇരുൾ കുപ്പായത്തിലൊളിക്കാനേ
കഴിയൂ....
ഓടിഒളിക്കാനേ കഴിയൂ...

# രണ്ടു കഥകൾ



**പ്രകാശൻ ചുനങ്ങാട്**
**9447278230**

## അതിഥി

**മ**ഞ്ഞപ്പതിറ്റടി നേരം. തൊടിയിൽനിന്നു കേറിവന്ന് മുറ്റത്ത് ഇഴഞ്ഞു നടക്കുകയായിരുന്നു ചേരപ്പാമ്പ്. തവളകൾ ചാടി നടക്കുന്നുണ്ടാവും മുറ്റത്ത്. തവളയാവട്ടെ ഇന്നത്തെ അത്താഴം.

മുഖവാതിലിന്നു താഴെ വരെ എത്തി ചേരപ്പാമ്പ്. വെറുതെ ഒരു രസത്തിന് ചവിട്ടുപടി ഇഴഞ്ഞു കേറി. വാതിൽ തുറന്നു കിടക്കുന്നു. ചേരപ്പാമ്പ് ഒന്നും ആലോചിച്ചില്ല. നേരെ അകത്തേക്കിഴഞ്ഞു ചെന്നു.

സ്വീകരണമുറിയിലാരേയും കാണുന്നില്ല. ടിവി ഓൺ ചെയ്തു വെച്ചിരിക്കുന്നു. ടിവിയിലിപ്പോൾ സീരിയലായിരിക്കണം നടന്നുകൊണ്ടിരിക്കുന്നത്. ഒരു പാവം പെൺകുട്ടി കരയുകയും മൂക്കു പിഴിയുകയും ചെയ്യുന്നു. ഇത്തിരി നേരം ടിവി കാണാം. എന്നിട്ടാവാം അത്താഴം.

തല പൊക്കിക്കൊണ്ടു മലർന്നു കിടക്കുന്ന ദിവാൻ. ചേരപ്പാമ്പ് ദിവാന്റെ മുകളിലേക്ക് അരിച്ചരിച്ചു കേറി. നീണ്ടു നിവർന്നു കിടന്നു. ദിവാനിൽ ഇങ്ങനെ കിടന്നുകൊണ്ട് ടി.വി. കാണാൻ നല്ല രസം.

അടുക്കളയിൽ നാലു മണിച്ചായക്ക് പഴം പൊരിക്കുകയാണ് ശ്രീമതി. അവസാനത്തെ പഴംപൊരിയും ചമച്ചു കഴിഞ്ഞ് ശ്രീമതി സ്റ്റൗ ഓഫാക്കി. വെപ്രാളപ്പെട്ട് ശ്രീമതി സ്വീകരണമുറിയിലെത്തി. നശിച്ച അടുക്കളപ്പണി കാരണം സീരിയലിന്റെ തുടക്കവും ഒടുക്കവും പലപ്പോഴും കൈവിട്ടു പോകുന്നു.

ദിവാനിൽ കൈകുത്തി മലരാനായുമ്പോഴാണ് ദിവാന്റെ പുറത്ത് ടിവി കണ്ട് രസിച്ചു കിടക്കുന്ന അതിഥിയെ ശ്രീമതി കാണുന്നത്.

ദിഗന്തം നടുങ്ങുമാറുള്ള ശ്രീമതിയുടെ അലർച്ച കേട്ട് ചേരപ്പാമ്പ് ദിവാനിൽ നിന്ന് താഴേക്കുരുണ്ടു വീണു.

കീചകവധത്തിലെ രൗദ്രഭീമന്റെ അലർച്ചയാണ് മുകളിൽ ഉച്ചമയക്കത്തിലായിരുന്ന ശ്രീമാനെ കുലുക്കിയുണർത്തിയത്. ഞെട്ടിപ്പിടഞ്ഞെണീറ്റ്, കോണിപ്പടികൾ ചാടിയിറങ്ങി ശ്രീമാൻ സ്വീകരണമുറിയിലെത്തി.

“ചേട്ടാ വെമ്പാലമൂർഖൻ. ദിവാന്റെ പൊറത്ത് കിടക്കായിരുന്നു.”

ഒരു ചേരപ്പാമ്പ് ദിവാന്റെ കീഴെ നിലത്ത് നിശ്ചലമായിക്കിടക്കുന്ന കാഴ്ചയാണ് ശ്രീമാൻ കാണുന്നത്. ശ്രീമതിയുടെ അലർച്ച കേട്ടായിരിക്കണം അതിന്റെ ബോധം പോയിരിക്കുന്നു.

സമയമേതും കളയാതെ ശ്രീമാൻ 103ൽ വിളിച്ചു. നിമിഷനേരം കൊണ്ട് ആംബുലൻസ് വാൻ വീട്ടിന്റെ ഗേറ്റിൽ. ആംബുലൻസിൽ വന്ന രണ്ടു സഹായികൾ സ്ട്രെച്ചറുമായി സ്വീകരണമുറിയിലെത്തി. ചേരപ്പാമ്പിനെ സ്ട്രെച്ചറിൽ കിടത്തി ആംബുലൻസ് നിലവിളിച്ചുകൊണ്ട് ഹോസ്പിറ്റലിലേക്കു പറപറന്നു.

## സ്വയം ഹത്യ

**ഡെ**ൽഹിയിലെ ബിർലാ മന്ദിരത്തിൽ വെച്ചായിരുന്നു ഗാന്ധിജിക്കു വെടിയേറ്റത്. തൊള്ളായിരത്തി നാൽപ്പത്തെട്ട് ജനുവരി മുപ്പതാം തിയതി. അന്നു പക്ഷേ ഗാന്ധിജി മരിച്ചില്ല.

സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ അഴിമതിയും അക്രമവും കുതികാൽവെട്ടും കണ്ട് കണ്ണീരൊഴുക്കാനായിരുന്നു ഗാന്ധിജിയുടെ വിധി.

അങ്ങനെയിരിക്കുമ്പോഴാണ് മഹാത്മാവിനെ ഇങ്ങനെയൊന്നും ആദരിച്ചാൽ പോരല്ലോ എന്ന് കാര്യക്കാരന്മാർക്ക് ബോധോദയമുണ്ടായത്.

കമ്മട്ടത്തിൽനിന്നടിച്ചിറക്കുന്ന ആയിരത്തിന്റേയും അഞ്ഞൂറിന്റേയും നോട്ടുകളുടെ പുറത്ത് ഗാന്ധിജി പ്രത്യക്ഷപ്പെട്ടു. കഷണ്ടി മണ്ടയും നേർത്ത കണ്ണടയും പല്ലില്ലാത്ത മോണകാട്ടിയുള്ള ആ ചിരിയും!

ജനം കൈകൂപ്പിത്തൊഴുതു.

“മ്മടെ രാഷ്ട്രപിതാവ്. തൊട്ടു തലേല് വെയ്ക്കടാ””

ജനം തൊട്ടു തലയിലും എടുത്തു കീശയിലും വെച്ചു.

ഗാന്ധി കൂടെയുണ്ടെങ്കിൽ വില്ലേജാപ്പീസിൽനിന്ന് എളുപ്പം കൈവശാവകാശ സർട്ടിഫിക്കറ്റ് കിട്ടി. മകന് എം. ബി. ബി. എസ്സിന് പിൻവാതിൽ വഴി അഡ്മിഷൻ തരമായി. മകൾക്ക് തൊട്ടടുത്ത സ്കൂളിൽ ടീച്ചറുദ്യോഗം കിട്ടി. കരുണാകരൻ കോൺട്രാക്ട്ടർക്ക് മുനിസിപ്പൽ ബസ്സ് സ്റ്റാന്റിന്റെ ടെൻഡർ റിക്കാഡു വേഗത്തിൽ അനുവദിച്ചു കിട്ടി.

മേശയ്ക്കടിയിൽ ഗാന്ധിയുടെ തല കണ്ടാലേ സർക്കാരാപ്പീസുകളിൽ കടലാസുകൾ നീങ്ങൂ എന്നായി.

ഗാന്ധിജിക്കു മടുത്തു.

എന്തു തോന്നിവാസവും ചെയ്യാൻ ലൈസൻസു കിട്ടിയ ആ പുണ്യദിനത്തിന്റെ ഓർമ്മ ദിവസം, ഒരു ആഗസ്ത് പതിനഞ്ചാം തിയതി, ഒരു മുഴം കയറുമായി ഗാന്ധിജി മരക്കൊമ്പത്തു കേറിയിരിപ്പായി. കയറുകൊണ്ടു കഴുത്തിൽ കുരുക്കിട്ട് ഗാന്ധിജി താഴേക്കു ചാടി.

ഇപ്പോൾ ഗാന്ധിജി മരിച്ചു. സമ്പൂർണ്ണമായ മരണം! ! !

# അഭിപ്രായങ്ങളും പ്രതികരണങ്ങളും

പത്രാധിപർക്ക്

മാർച്ച് 2020 'ഏക തത്ത്വ' മാസികയിൽ വന്ന തുളസി കേരളശ്ശേരിയുടെ 'താദാത്മ്യം' എന്ന കവിത എനിക്ക് വളരെ ഇഷ്ടമായി. ആ കവിത വായിച്ചപ്പോൾ എനിക്കുണ്ടായ ചിന്തയുടെ ഏകദേശരൂപം ഞാനിവിടെ പകർത്താൻ ശ്രമിക്കുകയാണ്.

ദ്വൈതഭാവവും രൂപവും ഏക തത്ത്വയിലേക്കുള്ള വഴിയാണ്. രൂപഭാവ വൈജാത്യം പരസ്പരാകർഷണത്തിനും ജീവിത തുടർച്ചയ്ക്കുമായി പ്രകൃതി അനുഗ്രഹിച്ചരുളുന്ന കുസൃതി നിറഞ്ഞ രസാവഹമായ ഘടകങ്ങളാണ്. പരസ്പരാകർഷണത്തിലൂടെ രണ്ട് വിവിധ രൂപങ്ങൾ സമ്മേളിച്ച് ഒന്നായി വീണ്ടും പലതായി ജീവിതം തുടരുന്നു. രണ്ട് ഭിന്നരൂപങ്ങൾ ഒന്നിക്കുമ്പോഴും രണ്ട് രൂപങ്ങളിലും ഉള്ള ആത്മാവ് ഒന്നുതന്നെ. ഭൗതിക ആത്മീയ ഒത്ത് ചേരലാണ് മനുഷ്യജീവിതം. ഒത്ത് ചേരലിൽ സന്തോഷവും സന്താപവും കലർന്ന് വരുന്നതിലാണ് ജീവിതം രസകരമാകുന്നത്. ആത്മീയമായി ഒന്നായ നമ്മളിലെ ചിന്താവൈവിധ്യം നമ്മളെ വിവിധ മാനസിക നിലയിലുള്ളവരാക്കുന്നു. ചിന്തയുടെ ഉറവിടം മനസ്സാണ്. രാസത്വരകമായി പ്രവർത്തിക്കുന്നത് ബുദ്ധിയും. അതിനാൽ രൂപത്തിൽ മാത്രമല്ല, ചിന്തയിലും വൈവിധ്യം ഉണ്ടാകുന്നതിന് കാരണമാകുന്നു. നമ്മൾ ഏകത്വം ഉപേക്ഷിച്ച് പലരായി മാറുകയാണ്. ആത്മാവ് അരൂപിയാണ്, അമാത്യമാണ്, ഒരു പൂർണ്ണ സങ്കല്പമാണ്. ആയതിനാൽ ആത്മാവിന്റെ ഏകത്വം സ്ഥിരമാണ്. ഈ പൂർണ്ണസങ്കല്പമാണ് (ദൈവം) ഭൗതികജീവിതം വിരുമ്പുന്ന നമ്മളെ ആത്മീയതയിലേക്ക് നയിക്കുന്നത്. അപ്രത്യക്ഷസങ്കല്പമായാലും സങ്കല്പം മനുഷ്യരെ മുന്നോട്ട് നയിക്കുന്നു. പൂർണ്ണതയിലെത്താനുള്ള പ്രേരകശക്തിയായി സങ്കല്പം എന്നുമെന്നും തുടരുന്നു. മനുഷ്യന് ഒരിക്കൽ ദൈവമാകാമെന്ന പ്രേരണയാണ് മനുഷ്യനെ മുന്നോട്ട് നയിക്കുന്നതെന്ന് ചുരുക്കം. ആയില്ലെങ്കിലും അതിനുള്ള ശ്രമം തുടർന്നാലല്ലെ മനുഷ്യന്റെ വ്യക്തിത്വം വികസിച്ച് പൂർണ്ണതയോളം എത്താനാകൂ. ശാസ്ത്രീയ മേഖലയിലായാലും സാഹിത്യമേഖലയിലായാലും ഏത് തുറയിലായാലും ശ്രമം തുടരുക തന്നെ വേണം. മനുഷ്യഊർജ്ജം നല്ല നിലയിൽ ഉപയോഗിക്കണമെന്ന് മാത്രം. സംസ്കാര പുരോഗതിക്കും ഇതാവശ്യമാണ്. എല്ലാം ഭൗതികം മാത്രമായാൽ തമോഗുണവും രജോഗുണവും വളർന്ന് നമ്മൾ ആറ്റം ബോംബിന്റെ അടിമകളാകാനാണ് സാദ്ധ്യത. മനുഷ്യർ മനുഷ്യരാണെന്ന് തെളിയിക്കാൻ ആത്മീയ ചിന്തയും പരസ്പരസ്നേഹവും അനിവാര്യമാണ്. നമ്മെ സംബന്ധിച്ചിടത്തോളം ആത്മീയാധിഷ്ഠിത ഭൗതികജീവിതമാണ് ഏറ്റവും യോജിച്ചത്. പലതാണെന്ന തോന്നലിലും ഏകത്വവാദികളായിമാറാൻ നമുക്ക് കഴിയും. നശ്വരമായ ശരീരം വൈവിധ്യമേറിയതാണെങ്കിലും മനസ്സിലെ ചിന്തയിൽ വൈവിധ്യം കാത്ത് സൂക്ഷിക്കുന്നുണ്ടെങ്കിലും ദൈവീകമായി, ആത്മീയമായി ഏകത്വമാണ് നമ്മെ നയിക്കേണ്ടത്. അത് വെറും സങ്കല്പമാകാം. പക്ഷെ ഈ സങ്കല്പമായിരിക്കണം നമ്മെ പുരോഗതിയിലേക്ക്, സംസ്കാരത്തിലേക്ക് നയിക്കാൻ. നമുക്കും ദൈവമാകാനുള്ള അവസരം എന്തിന് സ്വയം നിഷേധിക്കണം ? നമ്മൾ രണ്ടല്ല ഒന്നുതന്നെ.

ശ്രീമതി. തുളസി കേരളശ്ശേരിക്ക് അഭിവാദ്യങ്ങൾ. ഇനിയും ഇതേപോലുള്ള ചിന്ത ഉണർത്താൻ പാകമായ കവിതകൾ താങ്കളുടെ ഹൃദയതൂലികയിൽ വിരിയുമാറാകട്ടെയെന്ന് പ്രാർത്ഥിക്കാം.

**പ്രൊഫ. വി. കെ. എം. നായർ**

## ഏക തത്ത്വയോട്

എവിടെയായിരുന്നെൻ സഖി, ഇത്രനാൾ
എവിടെയെല്ലാം തിരഞ്ഞെന്നോ, നിന്നെ ഞാൻ
പ്രിയ സഖി, നിന്റെ വേർപാട് മൂലമായ്
വിരഹവേദന എന്തെന്നറിഞ്ഞുഞാൻ
കരളുരുകി കരഞ്ഞെത്ര നാളുകൾ
കദനസ്വപ്നം വിതറിയ രാവുകൾ
ഇനിവരില്ല പുലരിയെന്നോർത്തുഞാൻ
ഭരിതനൈരാശ്യചുഴിയിലലിയവെ
പുതിയൊരാവേശ, ശംഖൊലി കേട്ടുടൻ
ഉണരവെ കണ്ടു; ചൈതന്യപൂരിത-
ഉയിരുമായ് നിന്നെ; സ്വാഗതം മൽസഖി
പിരിയുകയില്ല മേലിലൊരിയ്ക്കലും
മധുരഭാഷണം തീരില്ലൊരിയ്ക്കലും
കരുതിടട്ടെ ഞാൻ, താവകദർശനം
സുഖമരുളട്ടെ, മാലോകർക്കെപ്പൊഴും !

**സ്നേഹപൂർവ്വം,**
**മുക്കം ഭാസി**
**9846138693**

## സാഹിത്യകൗതുകം

ദേവീ, നിൻ പേനത്തുമ്പിലൂടൊഴുകിവരും സ്നേഹസരിത്തിൽ മുങ്ങിയും പൊങ്ങിയും ആറാടി ഉല്ലസിക്കാനെന്ത് രസമാണെന്നൊ ! നിൻ മൃദുപദകുട്മളങ്ങൾ എൻ നെഞ്ചിലുരസി വിരിയുമ്പോൾ സുഗന്ധം പരക്കുന്നു. നീലനിർമ്മല ആകാശം പോലുള്ള നിൻ സാഹിത്യമേനിയിൽ കണ്ണുനട്ടിരുന്നാൽ കൂമ്പില്ല കണ്ണുകൾ. നിൻ വരികൾക്കുള്ളിലെ പദസംയോഗവളവിൽ ഒളിഞ്ഞിരിക്കും സജീവസത്തിൻ ഉള്ളർത്ഥം തേടുമ്പോൾ ഉന്മത്തനായി പോകുന്നു ഞാൻ. മൃദുശയനശാന്തിക്കായ് കൊതിച്ചുപോകുന്നു. നിൻ ലളിത ലാസ്യലഹരിയിൽ ഒന്നാകുക അസാദ്ധ്യമെങ്കിലും, സാദ്ധ്യമെന്നോതും സ്വപ്നസുഷുപ്തിയിൽ അല്പനേരം ലയിച്ചോട്ടെ, മംഗളം ദേവീ മംഗളം. നിൻ അനന്യാദൃശസാഹിത്യചര്യ തുടരുക, മംഗളം.

**-ജയതി-**

**ഏവർക്കും പുതുവത്സരാശംസകൾ**

# കരിഞ്ഞുണങ്ങിയ പൂന്തോട്ടം



ഉമാദേവി
9400552688

എന്തോ പ്രതീക്ഷയോടൊറ്റക്കുനിൽക്കുന്ന
ഒരു മുൾച്ചെടിയിലെ പൂവാണവളിന്ന്
ആ നിൽപ് കാണുമ്പോളിന്നവളൊത്തിരി
സ്വപ്നങ്ങൾ പേറുകയാണെന്ന് തോന്നിടും
അറിയാമവൾക്ക്  ശരിയാണ് തന്നുടെ
പ്രതീക്ഷതൻ തോട്ടം
കിളിർക്കുകില്ലൊരു നാളും
കേവലമീയൊരു മുൾചെടിയല്ലാതെ
ഒറ്റക്കു പൂത്തുനിൽക്കുന്ന തൻ
ചുറ്റിലായ്  മറ്റുചെടികളോ
പുഷ്പങ്ങളുമില്ല പൂന്തോപ്പുമില്ലാ
ഓർത്തുപോയിന്നവളന്നാ
ചെടിയിൽ താൻ കൂട്ടത്തിൽ
പൂത്തതും പൂത്ത ചെടികളാൽ
നിറഞ്ഞ പൂന്തോട്ടവും...
താൻ  പോലുമറിയാത്ത സൗരഭ്യം നുകരുവാൻ
ഒന്നു സ്പർശിക്കുവാൻ നീട്ടിയ കൈകളേ...
എന്തിനോ ഏതിനോ അന്നാ കരങ്ങളെ
ആർക്കൊക്കെയോ വേണ്ടി
തട്ടിക്കളഞ്ഞതും...
എന്നിട്ടും പിന്നെയും തന്നിലേയ്ക്കെത്തിയ
മൃദുലമാം കരങ്ങൾ തൻ
തലോടലൊന്നേൽക്കാനും
ആ വിരിമാറത്തിൽ തല ചായ്ച്ചിരിപ്പാനും
ആ നെഞ്ചിടിപ്പൊന്നറിയാനുമൊരുവേള
ഒത്തിരി അവളും കൊതിച്ചിരുന്നു..
ഹാ  ദൈവമേ !!!
ഇത്രെ സുഖമുള്ളൊരനുഭൂതി
ഇത്ര മൃതുത്വമനുഭവിച്ചില്ലിത്ര
നാളുമെന്നോർത്തവൾ സ്വർഗ്ഗത്തിലെന്നപോൽ
തുള്ളിക്കളിച്ചുപോയീ...
സ്വപ്നത്തിലെന്നപോൽ ഞെട്ടിയുണർന്നവൾ
പിന്നെയും തട്ടിക്കളഞ്ഞാ കരങ്ങളെ മറ്റാർക്കോ
വേണ്ടിയിട്ടെന്നപോലെ...
ഇന്നവളൊറ്റയ്ക്കു നിൽക്കുകയാണീ
കരിഞ്ഞുണങ്ങിപ്പോയ പൂന്തോപ്പിതിൽ
മറ്റുള്ള പൂക്കളതെല്ലാരുമോരോരോ
സുന്ദര കൈകളിലുല്ലസിച്ചീടുമ്പോൾ
അന്ന് താൻ മാറ്റിക്കളഞ്ഞാ കരങ്ങളാൽ
ഇന്നൊരു പൂവിനെ  തലോടിടുന്നെന്നാലും
ഇല്ലാ അവൾക്കില്ല കുറ്റബോധം പിന്നെ
നഷ്ടബോധം തെല്ലും...
കനിയട്ടെ ഈശ്വരനൊത്തിരിസൗഭാഗ്യം
അവർക്കെന്നപ്രാർത്ഥനയുണ്ടവൾക്കുള്ളിലായ്...
താനേ കൊഴിയുവാൻ മണ്ണിലലിയുവാൻ
കാത്തിരിപ്പാണവൾ ഒറ്റക്കീ പൂന്തോപ്പിൽ...
എന്നാലുമിന്നവളാശിച്ചു പോകുന്നു...
ആ മൃദു സ്പർശനമൊന്നു നുകരുവാൻ
ആ വിരി മാറതിൽ തല ചായ്ച്ചുറങ്ങുവാൻ
ആവോളമൊന്നിച്ചൊന്നാസ്വദിച്ചീടുവാൻ..
ഒന്നിങ്ങു വന്നെങ്കിലോ...
ഇക്കരിഞ്ഞുണങ്ങിയ പൂന്തോപ്പിതിൽ
ഒരിക്കൽ മാത്രം...

# നമ്മുടെ പാലക്കാട്



സുധാകരൻ കെ
9400658289

പാലപ്പൂമണം പേറിവരുന്നൊരു പാലക്കാടൻ കാറ്റ്
പാലപ്പൂവിൻ മനം മയക്കും പാലക്കാടൻ കാറ്റ്
നമ്മുടെ പാലക്കാടൻ കാറ്റ്
പാലപ്പൂമണമേറ്റിട്ടങ്ങു തുടികൊട്ടിപ്പാടുന്ന-
പനയോല കൂട്ടം കരിം പനയോലക്കൂട്ടം

നിരനിരയായ് മലനിരകൾ മലമ്പുഴയോരമലനിരകൾ
നിറഞ്ഞൊഴുകും കാട്ടാറും
കാട്ടാറിൻ കുളിരലകൾ തഴുകുന്ന പാലക്കാട്
കല്പാത്തിപ്പുഴയൊരു ഭാഗം യാക്കരപ്പുഴ മറുഭാഗം
ഇരുപുഴകളും തഴുകുന്ന പാലക്കാട് നമ്മുടെ പാലക്കാട്

നിരനിരയായ് വയൽനിരകൾ
പൊൻകതിർ നിരന്ന വയൽ നിരകൾ
പൊൻകതിരെല്ലാം കൊയ്തെടുക്കാൻ
നിരന്നതാം വയൽക്കിളികൾ
കൊയ്തെടുത്ത നെൻമണികൾ
ഇല്ലം നിറഞ്ഞു വല്ലം നിറഞ്ഞു
നെല്ലറയാം നമ്മുടെ പാലക്കാട്ടിൽ നമ്മുടെ പാലക്കാട്ടിൽ.

കാണേണ്ടേ കാണേണ്ടേ
ശ്രീഹനുമാൻ കാവലിരിക്കണ കോട്ടകാണേണ്ടേ
കണ്ടോളൂ കണ്ടോളൂ കൺനിറയെ
പാലക്കാടൻ കോട്ട കണ്ടോളൂ
കാണും മുമ്പേ കാവലിരിക്കും
ശ്രീമാരുതിതൻ അനുഗ്രഹം
വാങ്ങി ചെന്നോളൂ ഏവരും വാങ്ങിച്ചെന്നോളൂ.

പുതുശ്ശേരി, മണപ്പുള്ളി കാവുകളിൽ വെടിവഴിപാടും
വടക്കന്തറ, നെന്മാറ, വല്ലങ്ങി, കോങ്ങാട് വേലകളും
പേരുകേട്ടൊരു മുണ്ടൂർ കുമ്മാട്ടിയും പിന്നെ
ചിറ്റൂരിലെ കൊങ്ങൻ പടയും
പാലക്കാട് ചിനക്കത്തൂർ പൂരവുമുണ്ട് വേലേം പൂരോം
നിറഞ്ഞൊരു നാടാം പാലക്കാട് നമ്മുടെ പാലക്കാട്.

പോരുന്നോ പോരുന്നോ മലമ്പുഴയുടെ പുളിനത്തിൽ
കതിരോന്റെ തേരോട്ടം കാണാൻ പോരുന്നോ
കൂടുന്നോ കൂടുന്നോ വയലേല പാട്ടുകൾ പാടും
തരുണികൾ തന്നൊപ്പം പാടാൻ കൂടുന്നോ.



Printed, Published Edited & Owned by E.T. Muralidharan, Printed at S.K Offset Manali, Palakkad
Published From A-9 New Civil Nagar, Behind Civil Station, Palakkad. Pin: 678 001

# ഏക തത്ത്വ പുസ്തകപ്രകാശനം



*'ഭൂമിയുടെ തെക്കേയറ്റത്ത്' പുസ്തകപ്രകാശനം*



*'കുടുംബശ്രീ'യുടെ നൂറ്റിയിരുപത്തഞ്ചാം പതിപ്പിന്റെ പ്രകാശനം*



*കൊറോണ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ള സദസ്സ്*

**എറണാകുളം:** 31 ഡിസംബർ 2020 വൈകീട്ട് 3.30ന് എറണാകുളം കലൂരിൽ സ്ഥിതി ചെയ്യുന്ന സോമൻസ് ലിഷർ ടൂർസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന്റെ ഓഫീസിൽ വെച്ച് ഏക തത്ത്വ മാസിക ചീഫ് എഡിറ്റർ ഇ. ടി. മുരളീധരന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഡോക്ടർ ആശ ജയകുമാർ എഴുതിയ ഭൂമിയുടെ തെക്കേയറ്റത്ത് (സൗത്ത് അമേരിക്കയിലൂടെ, അന്റാർട്ടിക്കയിലൂടെ ഒരു യാത്ര) സോമൻസ് ലിഷർ ടൂർസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന്റെ എം. ഡി., ശ്രീ. സോമൻ പുസ്തകം പ്രകാശനം ചെയ്തു. ഷേണായീസ് ടെക്സ്റ്റൈൽസ് ഉടമയും ഡോ. ആശ ജയകുമാറിന്റെ മൂത്ത സഹോദരനുമായ ശ്രീ. പി. ആർ. ദിവാകർ ആദ്യ പുസ്തകം ഏറ്റുവാങ്ങി. തുടർന്ന് ശ്രീനിവാസ് കുടുംബത്തിലെ നാലു തലമുറയിൽ പെട്ടവർ, ലോകത്തിന്റെ പല ഭാഗങ്ങളിലിരുന്ന് രചിച്ച രചനകൾ ചേർത്ത് തയ്യാറാക്കിയ കൈയ്യെഴുത്ത് മാസിക കുടുംബശ്രീയുടെ നൂറ്റിയിരുപത്തിയഞ്ചാം പതിപ്പിന്റെ പ്രകാശനം കേന്ദ്ര സാഹിത്യ അക്കാദമി ബാലസാഹിത്യ പുരസ്കാര ജേതാവ് ശ്രീമതി. സൂര്യ അശോക് നിർവ്വഹിച്ചു. കുടുംബത്തിലെ യുവതലമുറയിൽ പെട്ട നിഷ, അഞ്ജലി, രൂപശ്രീ എന്നിവർ ചേർന്ന് പുസ്തകം ഏറ്റുവാങ്ങി.

കോവിഡ് മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടായിരുന്നു ചടങ്ങുകൾ. കുമാരി സുമിഷയുടെ പ്രാർത്ഥനയോടെ ആരംഭിച്ച ചടങ്ങുകൾക്ക് ഡോ. ജയകുമാർ സ്വാഗതവും ശ്രീ. രാമകൃഷ്ണ കിണി, ശ്രീമതി. നന്ദിനി റിജിൻ, ശ്രീ. സുരേഷ് ബാബു തുടങ്ങിയവർ ആശംസകളും അർപ്പിച്ചു. ഡോ. ആശ ജയകുമാർ മറുപടി പ്രസംഗവും നന്ദിയും രേഖപ്പെടുത്തി. ഏവരും ചേർന്ന് ആലപിച്ച ദേശീയ ഗാനത്തോടെ ചടങ്ങുകൾക്ക് പരിസമാപ്തിയായി. ●

Published on 15/12/2020, RNI No. KERMAL/2010/35818, REGISTERED, Eka Thathwa Monthly, Vol 11, Issue 2, January 2021, Rs. 15/-
Postal Regn No. KL/PGT/032/2020-2022, Licence to Post without Pre-payment No. KL/PMG/NR/WPP/9-6/PKD/2020-2022




For Enquiries Use 9446443321, 9387118131